# സൃഷ്ടിപ്പിന്റെ ദൈവികോദ്ദേശ്യം

## (ഖുർആന്റെ ശാസ്ത്രവ്യാഖ്യാനം)

**പ്രൊഫ. പി. എ. വാഹിദ്**

**വിചാരം ബുക്സ്**

ഐ.പി.എച്ച്. ടവർ
പോസ്റ്റോഫീസ് റോഡ്, തൃശൂർ-1
ഫോൺ: 0487-2426476, 9847367074, 9447201551

No parts of these publication may be reproduced, stored in a retrieval system, or transmitted, in any form or by any means electronic, mechanical, photocopying, recording or otherwise without the prior written permission of **VICHARAM BOOKS.**

Original (Malayalam)
**Srishtippinte Daivikodhyeshyam**
**(Qurante Shastra Vyagyanam)**

by: **P. A. WAHID**

First Edition - 2011
Published by:
**VICHARAM BOOKS**
All rights reserved by the publishers

Printed at:
A-One Offset Prints, Calicut

Price : **Rs. 50.00**

**VICHARAM BOOKS**
I.P.H. Tower, P.O Road, Thrissur-680 001

## പി. എ. വാഹിദ്

**M.Sc (Agri.), Ph.D., FNAAS**

ശാസ്ത്രജ്ഞൻ, പ്രൊഫസ്സർ. കാർഷിക ശാസ്ത്രത്തിൽ മുപ്പത് വർഷത്തെ ഗവേഷണ പരിചയം. പ്രമുഖ ദേശീയ, അന്തർദേശീയ ശാസ്ത്ര ജേർണലുകളിൽ നൂറിൽപരം പ്രബന്ധങ്ങളും, അഞ്ചു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഖുർആൻ–ശാസ്ത്ര വിഷയത്തിൽ ഇരുപത് വർഷങ്ങളായി സ്വന്തം നിലയിൽ ഗവേഷണം നടത്തുന്നു. ഇതിനകം ഇംഗ്ലീഷിൽ ആറു പുസ്തകങ്ങളും മൂന്നു ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇസ്ലാമിക് സയൻസ് ഫോറം (www.islamicscienceforum.org) എന്ന വെബ്സൈറ്റുമുണ്ട്.

കേരള കാർഷിക സർവ്വകലാശാല ഡീൻ, അക്കാദമിക്ക് ഡയറക്ടർ, തിരുവനന്തപുരം കാർഷിക കേളേജ് പ്രിൻസിപ്പൽ, നീലേശ്വരം കാർഷിക കേളേജ് പ്രിൻസിപ്പൽ, റേഡിയോ ഐസോടോപ് ലബോറട്ടറിയുടെ മേധാവി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മെമ്പർ സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരളത്തിലെ മികച്ച കാർഷിക ശാസ്ത്രജ്ഞനുള്ള ടി.കെ.വി. ഫൗണ്ടേഷൻ അവാർഡും, ഇന്ത്യൻ പ്ലാന്റേഷൻ ക്രോപ്സ് സൊസൈറ്റിയുടെ മികച്ച ശാസ്ത്ര പ്രബന്ധത്തിനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്. ദേശീയ കാർഷിക ശാസ്ത്ര അക്കാദമിയിൽ ഫെല്ലോയായി തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ ഏക മുസ്ലിം ശാസ്ത്രജ്ഞനാണ്.

ജനനം: തലശ്ശേരി, ജൂൺ 10, 1946. പിതാവ് പരേതനായ കണ്ണൂർ പള്ളിയകത്ത് മുഹമ്മദ് അലി; മാതാവ് തലശ്ശേരി പള്ളക്കൻ കുഞ്ഞയിശു. സഹോദരങ്ങൾ: ജമീല, ഹാരിസ്.

ഭാര്യ: പി. പി. സറീന. മക്കൾ: സജ്ജാദ്, ജെറിഷ്, താഹിർ. മരുമക്കൾ: ഫാത്തിമ, റിസ്വീന, നസ്ലീൻ.

താമസം: 'ഹിറ', ജെ.ടി. റോഡ്, തലശ്ശേരി.

# ഉള്ളടക്കം


1. ഗ്രന്ഥപരിചയം ......................................... 7
2 സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ........................... 11
3 പ്രപഞ്ചമെന്ന കമ്പ്യൂട്ടർ .......................... 14
4 മനുഷ്യസൃഷ്ടിപ്പ് .................................... 34
5 ഭൂമി –ദൈവിക പരീക്ഷണശാല ............. 40
6 മനുഷ്യറൊബോട്ട് പരീക്ഷണം ................ 48
7 വിജ്ഞാനത്തിന്റെ ഉറവിടവും
സംപ്രേഷണ രീതിയും ........................... 73
8 പരലോകജീവിതം .................................. 82
9 ഉപസംഹാരം ......................................... 91




# ആമുഖം

മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച ഖുർആനിക വചനങ്ങളെ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് 1998ലാണ് എന്റെ ആദ്യപുസ്തകം പുറത്തുവരുന്നത്. ഏതാണ്ട് പത്തുവർഷത്തെ ഗവേഷണഫലമായിരുന്നു ആ കൊച്ചു പുസ്തകം. The Divine Expert System എന്ന ശീർഷകത്തിൽ അലീഗഢിലെ മുസ്ലിം അസോസിയേഷൻ ഫോർ അഡ്വാൻസ്മെന്റ് ഓഫ് സയൻസ് (MAAS) ആണ് പ്രസിദ്ധീകരിച്ചത്. ശാസ്ത്രീയ തൃഷ്ണകളെ വർദ്ധിപ്പിക്കുന്ന അനുഭവങ്ങളാണ് ഖുർആൻ പാരായണം എനിക്കു സമ്മാനിച്ചത്. ഖുർആനും ശാസ്ത്രവും തമ്മിലുള്ള യോജിപ്പിനെ ഞാൻ കാണുന്നത് അവ രണ്ടും ഏക സ്രോതസ്സിൽനിന്നാണ് ഉത്ഭവിക്കുന്നെന്നതിന്റെ തെളിവായിട്ടാണ്. ആ പുസ്തകത്തിൽ അവതരിപ്പിച്ച പ്രപഞ്ചം ഒരു കമ്പ്യൂട്ടർ വ്യവസ്ഥയാണെന്ന സിദ്ധാന്തത്തിനു ആധാരമായതും ഖുർആനും ശാസ്ത്രവും തമ്മിലുള്ള പൊരുത്തമാണ്. നാല് വർഷങ്ങൾക്കുശേഷം അമേരിക്കയിലെ മസാച്ചുസെറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി (MIT)യിലെ പ്രൊഫസറായ സേത് ലോയ്ഡ് Is the universe a computer? (പ്രപഞ്ചം ഒരു കമ്പ്യൂട്ടറാണോ?) എന്ന പ്രബന്ധം ഒരു ശാസ്ത്രജേർണലിൽ പ്രസിദ്ധീകരിച്ചു. പിന്നാലെ അമേരിക്കയിലെ തന്നെ വുൾഫ്രം സ്ഥാപനത്തിന്റെ മേധാവി സ്റ്റീഫൻ വുൾഫ്രം ഇതേ വിഷയത്തിൽ A New Kind of Science (ഒരു പുതിയ ഇനം ശാസ്ത്രം) എന്ന പുസ്തകവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്ന് ഈ വിഷയത്തിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാണ്. ഇതിനകം എന്റെ നാല് പുസ്തകങ്ങൾ (The Computer Universe: A Scientific Rendering of the Holy Quran, The Great Gene Fiasco: The Quaran Defines Life, An Introduction to Islamic Science, Darwinism: Science Made to Order) ന്യൂഡൽഹിയിലെ ആദം പബ്ലിഷേർസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്റെ പുസ്തകങ്ങളും ഗവേഷണ പ്രബന്ധങ്ങളും ഇസ്‌ലാമിക് സയൻസ് ഫോറം എന്ന എന്റെ വെബ്സൈറ്റിലും (www.islamicscienceforum.org) ലഭ്യമാണ്.

സുഹൃത്തുക്കളായ കരമന റസ്സാഖും, എഞ്ചിനിയർ ഒ. അബ്ദുൾ അലിയും എന്റെ ആദ്യപുസ്തകമായ The Divine Expert System മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയെങ്കിലും ശാസ്ത്രവിഷയങ്ങൾ കൂടുതൽ ലളിതമാകണമെന്ന അഭിപ്രായം ഉണ്ടായതിനാൽ പ്രസിദ്ധീകരിക്കാതെ പോകയാണുണ്ടായത്. പിന്നീട് ഞാൻ തന്നെ മലയാളത്തിൽ എഴുതിയ ഈ പുസ്തകത്തിന്റെ കരടുരൂപം വായിച്ചു വിഷയാവതരണം മെച്ചപ്പെടുത്താൻ എന്റെ മറ്റൊരു സുഹൃത്ത് സി. ടി. ബഷീർ എന്നെ വളരെയധികം സഹായിച്ചു. ആദ്യപുസ്തകത്തിന്റെ വിവർത്തനത്തിൽ നിന്നും ചുരുക്കം ചില ഭാഗങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതിൽ വാറൂൽ ജാഫർ സാഹിബും എന്നെ സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുള്ള എന്റെ കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തുന്നു.

എന്റെ ഇംഗ്ലീഷിലുള്ള പുസ്തകങ്ങളിൽ കൊടുത്തതായ ഖുർആന്റെ ശാസ്ത്ര വ്യാഖ്യാനം മലയാളത്തിലും ഉണ്ടാകണമെന്നത് ചില സുഹൃത്തുക്കളുടെ നിർബന്ധവും കൂടിയായിരുന്നു. പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ചുള്ള ഖുർആനിക സന്ദേശങ്ങൾ മലയാളി പഠിതാക്കൾക്ക് ശാസ്ത്രീയമായി മനസ്സിലാക്കുവാൻ ഈ പുസ്തകം ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു. ഈ പുസ്തകത്തിൽ സാങ്കേതിക വാക്കുകൾ അത്യാവശ്യം മാത്രമെ ഉപയോഗിച്ചിട്ടുള്ളുവെങ്കിലും ജീവശാസ്ത്രം, രസതന്ത്രം എന്നിവയിലുള്ള അറിവും, കമ്പ്യൂട്ടർ സംബന്ധിച്ചുള്ള പ്രായോഗിക അറിവും, ഇതിൽ അവതരിക്കപ്പെടുന്ന സിദ്ധാന്തങ്ങളും ഖുർആനിക വെളിപാടുകളുടെ ശാസ്ത്ര വ്യാഖ്യാനങ്ങളും കൂടുതൽ നന്നായി മനസ്സിലാക്കാൻ സഹായിക്കും.

ഖുർആൻ–ശാസ്ത്ര വിഷയത്തിൽ രചിച്ചതായ എന്റെ മുൻഗ്രന്ഥങ്ങളുടെ രത്നച്ചുരുക്കമാണ് ഈ കൃതി. കൂടുതൽ ബൃഹത്തായും സാങ്കേതികമായും വിശദീകരിച്ചിട്ടുള്ളത് മേൽപറഞ്ഞ എന്റെ നാലു പുസ്തകങ്ങളിലാണ്. ഇതോടൊപ്പം ആ ഗ്രന്ഥങ്ങളും വായിച്ചാലേ ഇതു സംബന്ധമായ വായന പൂർണ്ണമാകൂ.

പ്രപഞ്ചനാഥനായ അല്ലാഹുവിനെ പ്രകീർത്തിച്ചും പ്രണമിച്ചും അവന്റെ പ്രീതി മാത്രം പ്രതീക്ഷിച്ചും കൊണ്ട് ഈ പുസ്തകം മലയാള വായനക്കാരുടെ കൈകളിൽ സവിനയം സമർപ്പിക്കുന്നു.



# 1
# ഗ്രന്ഥപരിചയം

പ്രപഞ്ചവസ്തുകളുടെ ഘടനയും സവിശേഷതകളും സംബന്ധിച്ച വിഷയമത്രെ ശാസ്ത്രം. പ്രാപഞ്ചിക ഘടകങ്ങളുടെ സവിശേഷതകളെ മനുഷ്യന്റെ ആവശ്യാനുസൃതം പ്രയോജനപ്പെടുത്താൻ ശാസ്ത്രത്തെ ഉപയോഗിക്കുന്നു. ആ പ്രായോഗിക വിജ്ഞാനത്തെ നാം ടെക്നോളജി എന്നു വിളിക്കുന്നു, മനുഷ്യന് ഒന്നും പുതുതായി സൃഷ്ടിക്കാൻ സാധ്യമല്ല. ഒരു സോഡിയം അണുവിന് ഹൈഡ്രജന്റെ സ്വഭാവം നൽകാൻ മനുഷ്യനു കഴിയില്ല. വസ്തുക്കളുടെ സ്വഭാവങ്ങളും, സവിശേഷതകളുമെല്ലാം നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞതാണ്. എല്ലാ വസ്തുക്കളും പ്രകൃതിയിൽ തെളിഞ്ഞോ ഒളിഞ്ഞോ സ്ഥിതിചെയ്യുന്നു. നമുക്ക് പരമാവധി ചെയ്യാനുള്ളത് അവയെ കണ്ടുപിടിക്കുക എന്നുള്ളതാണ്. അത് അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവൻ നിശ്ചയിച്ച സമയത്ത് മാത്രം സാധ്യമാവുന്നു. ഭൗതികശാസ്ത്രത്തിലും രസതന്ത്രത്തിലും അധിഷ്ഠിതമായ സിദ്ധാന്തങ്ങൾ വികസിപ്പിച്ചെടുക്കാൻ ഗണിതശാസ്ത്രത്തിന്റെ സഹായം അനിവാര്യമാണ്. പ്രകൃതിയിലുള്ള വസ്തുക്കളിൽ ഗണിതശാസ്ത്രത്തിന്റെ പ്രായോഗികത സൂചിപ്പിക്കുന്നത് പ്രപഞ്ചം ഒരു കമ്പ്യൂട്ടറെന്ന പോലെ പ്രോഗ്രാം ചെയ്തുവെച്ചിരിക്കുന്ന ഒരു വ്യവസ്ഥയെന്നാണ്. അതുകൊണ്ടാണ് പ്രകൃതി പ്രതിഭാസങ്ങളെ നമുക്ക് പ്രവചിക്കാൻ സാധ്യമാകുന്നത്.

## മത–ശാസ്ത്ര വിരോധം

ഏതാനും നൂറ്റാണ്ടുകൾക്ക് മുമ്പ്, ആധുനികശാസ്ത്രം മനുഷ്യന്റെ ബൗദ്ധികചക്രവാളത്തിൽ ഒരു ബിന്ദുമാത്രമായിരുന്നപ്പോൾ അതിനെ മതത്തിന്റെയും തങ്ങളുടെ പാരമ്പരാഗത വിശ്വാസങ്ങളുടെയും ഒരു പ്രത്യക്ഷശത്രുവായി മതനേതാക്കൾ സംശയിക്കുകയായിരുന്നു. പ്രാപ

ഞ്ചിക നിഗൂഢതകളെ കൂടുതൽ കൂടുതൽ ബോധ്യമാകും വിധം ശാസ്ത്രം ചുരുളഴിച്ചുതുടങ്ങിയപ്പോൾ ഈ സംശയം കൂടുതൽ ശക്തമായി വളർന്നു. ശാസ്ത്രത്തിന്റെ പ്രയോജനശാഖയായ ടെക്നോളജി, മുമ്പ് ചിന്തിക്കാൻപോലും കഴിയാത്ത വിധത്തിൽ ജീവിതസൗകര്യങ്ങൾ നൽകാൻ അസാമാന്യ സാധ്യകളുള്ളതാണെന്ന് ജനങ്ങൾ മനസ്സിലാക്കിയപ്പോൾ ജനങ്ങൾക്കിടയിൽ ശാസ്ത്രത്തെക്കുറിച്ചുള്ള മതിപ്പ് കൂടുതൽ വർദ്ധിക്കുകയും ചെയ്തു. ഡാർവിന്റെ പരിണാമസിദ്ധാന്തത്തിന്റെ വരവോടെ മതവും ശാസ്ത്രവും തമ്മിലുള്ള ഏറ്റുമുട്ടൽ അത്യുച്ചിയിലെത്തി. പരിണാമസിദ്ധാന്തത്തിന്റെ പ്രമുഖ വക്താവായ ഏണസ്റ്റ് ഹേക്കൽ (Ernst Haeckel) സംക്ഷിപ്തമായി സംഗ്രഹിച്ചതിങ്ങനെയായിരുന്നു: "ഡാർവിന്റെ പരിണാമ–സ്വാഭാവിക തെരഞ്ഞെടുപ്പ് സിദ്ധാന്തം ജീവശാസ്ത്രത്തെ സമൂലം മാറ്റി. നിലനിൽപ്പിനുവേണ്ടിയുള്ള സമരത്തിന്റെ വിവക്ഷ മതത്തിന്റെ അടിത്തറയെതന്നെ തുരങ്കം വെക്കുന്നതായി തോന്നിപ്പോകുന്നു–അത്ഭുതമില്ല, സൃഷ്ടിയില്ല, സ്രഷ്ടാവുമില്ല." ഡാർവിനിസം മതത്തെ, വിശിഷ്യ അതിന്റെ സൃഷ്ടി സിദ്ധാന്തത്തെ വെല്ലുവിളിച്ചു. ഡാർവിന്റെ On the Origin of Species എന്ന പുസ്തകം 1859ൽ പ്രസിദ്ധീകരിച്ചതുമുതൽ ക്രൈസ്തവ പുരോഹിതരും, പരിണാമ ശാസ്ത്രജ്ഞരും സന്ധിയില്ലാ സമരത്തിൽ മുഴുകിയിരിക്കയാണ്. കൂടാതെ ശാസ്ത്രത്തെ മനുഷ്യ നിർമിത അറിവായിട്ടു മാത്രം കണക്കാക്കുന്ന മതപണ്ഡിതന്മാരുണ്ട്. മതവും ശാസ്ത്രവും മനുഷ്യന്റെ സൃഷ്ടികളാണെന്ന് വിശ്വസിക്കുന്ന ധാരാളം ശാസ്ത്രജ്ഞന്മാരുമുണ്ട്. അമേരിക്കയിലെ നാഷണൽ ശാസ്ത്ര അക്കാദമി 1981ൽ പുറപ്പെടുവിച്ച ഒരു പ്രമേയം ഇത് വ്യക്തമാക്കുന്നു. "മതവും ശാസ്ത്രവും മനുഷ്യചിന്തയുടെ വ്യത്യസ്തങ്ങളായ മേഖലകളാണ്. ഒരേ സന്ദർഭത്തിലുള്ള അവയുടെ അവതരണം ശാസ്ത്രസിദ്ധാന്തങ്ങളേയും മതവിശ്വാസത്തെയും തെറ്റിദ്ധരിപ്പിക്കുകയേയുള്ളൂ." ശാസ്ത്രജ്ഞന്മാരുടെയും മതപണ്ഡിതന്മാരുടെയും ഇത്തരം വീക്ഷണങ്ങൾക്കെതിരാണ് ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകൾ. 1941ൽ ന്യൂയോർക്കിൽ നടന്ന ശാസ്ത്രതത്ത്വജ്ഞാന മതസമ്മേളനത്തിൽ അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുകയുണ്ടായി: "മതമില്ലാത്ത ശാസ്ത്രം മുടന്തനും, ശാസ്ത്രമില്ലാത്ത മതം അന്ധനുമാണ്."

ശാസ്ത്രജ്ഞന്മാരും മതനേതാക്കളും തമ്മിലുള്ള സ്പർദ്ധ ശാസ്ത്രവും മതവും പരസ്പര വിരുദ്ധങ്ങളായ തത്വശാസ്ത്രങ്ങളാണെന്ന തെറ്റായ ധാരണ സൃഷ്ടിക്കുവാനെ സഹായിക്കുകയുള്ളൂ. ഇവിടെയാണ് സ്രഷ്ടാവിന്റെ വാക്കിന്റെ പ്രസക്തി. എല്ലാ അറിവുകളുടെയും സ്രോതസ്സ് ദൈവമാണ്. മനുഷ്യന് അറിയാത്തത് അല്ലാഹുവാണ് പഠിപ്പിച്ചത് (ഖു. 96:5). ഖുർആനിലെ ശാസ്ത്രീയ വെളിപാടുകളെക്കുറിച്ച്



മോറിസ് ബുക്കായ്, കീത്ത് മൂർ, ഹാറൂൺ യഹ്യ (യഥാർത്ഥ പേര് അദ്നാൻ ഒക്താർ) എന്നീ ശാസ്ത്ര–മത പണ്ഡിതന്മാരും മറ്റു ചില ശാസ്ത്രജ്ഞന്മാരും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ ഞാൻ അവലംബിച്ചിട്ടുള്ള സമീപനം മറ്റുള്ളവരുടെതിൽ നിന്നും വ്യത്യസ്തമാണ്. ഇവിടെ ഖുർആനും ശാസ്ത്രവും സംയോജിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ അറിവിനെ വികസിപ്പിക്കുകയാണ്.

## ഇസ്ലാമിക് സയൻസ്

ഖുർആനും ശാസ്ത്രവും പരസ്പരപൂരകങ്ങളാകുന്നു. അതുകൊണ്ടുതന്നെ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഖുർആനെ കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കും. അതുപോലെ ഖുർആന്റെ വെളിച്ചത്തിൽ ശാസ്ത്രത്തെ നേരായ ദിശയിലൂടെ (പിശാചിനെ മറികടന്നു) നയിക്കാനും സാധിക്കും. അങ്ങനെ ഖുർആനും ശാസ്ത്രവും സമന്വയിപ്പിച്ച് വികസിപ്പിച്ചെടുക്കാവുന്ന അറിവ്, അല്ലാഹു മനുഷ്യ സമൂഹത്തിന് നൽകുന്ന അറിവിന്റെ പൂർണ്ണതയെ പ്രതിനിധീകരിക്കുന്നു. ഖുർആന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിയുള്ള ഖുർആൻ–ശാസ്ത്ര സംയോജനം ജന്മം നൽകുന്ന സമ്പൂർണ്ണ അറിവിനെയാണ് "ഇസ്ലാമിക് സയൻസ്" കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. ഓരോ മതത്തിനും അതിന്റെതായ സയൻസുണ്ടെന്ന് (ഉദാ. ക്രിസ്ത്യൻ സയൻസ്, ഹിന്ദു സയൻസ്) ഈ നാമകരണം അർത്ഥമാക്കുന്നില്ല. മറിച്ച് സമ്പൂർണ്ണ വിജ്ഞാനമായി അംഗീകരിക്കപ്പെടാൻ ഇസ്ലാമിക് സയൻസിനു മാത്രമെ അവകാശപ്പെടാനാവൂ എന്ന ധ്വനി അതിന്റെ നിർവചനത്തിനുണ്ട്. ശാസ്ത്രം വളരുംതോറും ഖുർആനെ കൂടുതൽ വ്യാപ്തിയോടെ മനസ്സിലാക്കാനും മനുഷ്യന് സാധിക്കും. പ്രപഞ്ചത്തെയും മനുഷ്യനെയും ഈ വിധം മനസ്സിലാക്കുമ്പോൾ ഖുർആൻ സത്യമാണെന്ന് ശാസ്ത്രാടിസ്ഥാനത്തിൽ വ്യക്തമാകും. ഖുർആനിലുള്ള വിശ്വാസം കൂടുതൽ ശക്തിയാർജ്ജിക്കുകയും ചെയ്യും. ഈ അറിവിൽനിന്നും ഉരുത്തിരിഞ്ഞു വരുന്നത് ഇസ്ലാം യുക്തിക്ക് നിരക്കുന്ന ദൈവിക മതമെന്നതാണ്. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യങ്ങളും പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഭാവിയെ സംബന്ധിച്ചും ഖുർആനിൽ അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തരുന്നു. അല്ലാഹു തന്നെ നൽകുന്ന ശാസ്ത്ര വിജ്ഞാനത്തിലൂടെ നമുക്ക് അവയെ യുക്തിപൂർവ്വം മനസ്സിലാക്കാനും കഴിയുന്നു. ശാസ്ത്രം മാത്രം കൊണ്ടോ അല്ലെങ്കിൽ ഖുർആൻ മാത്രം കൊണ്ടോ നമുക്ക് പ്രപഞ്ചത്തെയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യങ്ങളെയും പൂർണ്ണമായി മനസ്സിലാകില്ല. എന്നാൽ ഈ രണ്ടു അറിവുകളുടെ സംയോജനത്തിൽ നിന്നും ഉടലെടുക്കുന്ന ഇസ്ലാമിക് സയൻസിന് അതു സാധിക്കും. ഖുർആൻ സന്ദേശങ്ങളെ ശാസ്ത്രവുമായി യോജിപ്പിച്ച് ഈ ഗ്രന്ഥത്തിൽ സമർപ്പിക്കുന്ന

ആശയങ്ങൾ മതത്തെയും ശാസ്ത്രത്തെയും അവയുടെ ശരിയായ പ രിപ്രേക്ഷ്യത്തിലൂടെ നോക്കിക്കാണാനുള്ള ഒരു വീക്ഷണകോൺ പ്ര ദാനം ചെയ്യുമെന്നു ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു.

ആധുനികശാസ്ത്രം പ്രപഞ്ചത്തെയും മനുഷ്യജീവിതത്തെയും കാ ണുന്നത് നിരുദ്ദേശ്യമായാണ്. ഖുർആൻ മാത്രമാണ് ഈ ആശയത്തെ എതിർക്കുന്നത്. അല്ലാഹു ചോദിക്കുന്നു, നാം നിങ്ങളെ വൃഥാ സൃഷ് ടിച്ചതാണെന്ന് ധരിച്ചുവോ? (ഖു. 23:115). ഒരു മഹാലക്ഷ്യം മുന്നിൽ വെച്ചുകൊണ്ട് ബൃഹത്തായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ആ സൂത്രണം ചെയ്തു സൃഷ്ടിക്കപ്പെട്ട മഹാപ്രതിഭാസമാണ് ഈ പ്രപ ഞ്ചം. പ്രപഞ്ചത്തിലെ എണ്ണമറ്റ അചേതന–സചേതന ഘടകങ്ങളുടെ സ്വഭാവ-ധർമ്മങ്ങളെ സംബന്ധിച്ചും അവയുടെ പ്രവർത്തനരീതികളെ സംബന്ധിച്ചും ധാരാളം വിവരങ്ങൾ ഇന്ന് ലഭ്യമാണ്. ഇതപര്യന്ത്യം ശാസ്ത്ര–സാങ്കേതിവിദ്യകൾ നാം ഉപയോഗപ്പെടുത്തിയത് ഭൗതിക സൗ കര്യങ്ങളുടെയും മറ്റു സുഖഭോഗങ്ങളുടെയും വർദ്ധനവിനുവേണ്ടിയാ ണ്. എന്നാൽ ഇതിനെക്കാൾ സുപ്രധാനവും, പ്രയോജനകരവും ലാഭ കരവുമായിട്ടുള്ള ഒരു ലക്ഷ്യത്തിനായി ശാസ്ത്ര–സാങ്കേതിക വിജ്ഞാ നത്തെ ഉപയോഗപ്പെടുത്താൻ നമുക്കാവും. അത് ഖുർആൻ സൂക്ത ങ്ങളെ യുക്തിപൂർവ്വം ധിഷണയ്ക്ക് ബോദ്ധ്യപ്പെടുന്ന വിധത്തിൽ വിശ ദീകരിക്കാനും വ്യാഖ്യാനിക്കാനുമാണ്. പ്രപഞ്ചത്തെ ആഴത്തിലറിയാ നും, മനുഷ്യ–പ്രപഞ്ച ലക്ഷ്യങ്ങളെക്കുറിച്ചുള്ള സത്യാവബോധം വ ളർത്തിയെടുക്കാനും ഖുർആനും ശാസ്ത്രവും കൂടിച്ചേരേണ്ടത് അനി വാര്യമാകുന്നു.



# 2
# സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം


ഏതൊരു വസ്തുവെയും അതെന്തുദ്ദേശ്യത്തോടുകൂടിയാണ് സൃ ഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നറിയാതെ അർത്ഥവത്തായി പഠിക്കുവാനോ, വി ലയിരുത്തുവാനോ സാധിക്കില്ല. ഞാൻ ആരാണ്, ഞാനെന്തിനു സൃഷ് ടിക്കപ്പെട്ടു, ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യമെന്താണ് എ ന്നു വ്യക്തമാകാതെ ജീവിതം നയിക്കുന്ന ഒരാൾ കാറ്റിന്റെ ഗതിക്കനു സരിച്ച് എങ്ങോട്ടെന്നില്ലാതെ സഞ്ചരിക്കുന്ന കപ്പൽപോലെയിരിക്കും. ഓ രോ വ്യക്തിയും ഈ ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കു ന്നു. ജീവിതത്തിന് അർത്ഥവും ദിശയും കൊടുക്കുവാൻ സ്വയം ചിന്തി ച്ചതുകൊണ്ടോ, മറ്റൊരാളുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലോ ഈ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടില്ല. എന്തുദ്ദേശ്യത്തോടുകൂടിയാണോ പ്രപ ഞ്ചനാഥൻ സൃഷ്ടിച്ചിരിക്കുന്നതെന്നത് അവന് മാത്രം അറിയാവുന്ന കാ ര്യമാണ്. അവന് മാത്രമെ അത് പറഞ്ഞുതരുവാൻ സാധിക്കുകയുള്ളൂ. ദൈവം എന്തിനാണ് നമ്മെ സൃഷ്ടിച്ചതെന്നും, നമ്മളിൽ നിന്ന് ദൈവം എന്താണ് പ്രതീക്ഷിക്കുന്നതെന്നും തീർച്ചയായും അവന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കണം. അത്കൊണ്ട് നമ്മൾക്കു ചെയ്യാനുള്ളത് അന്വേഷണ ത്വരയോടെ ദൈവികഗ്രന്ഥമായ ഖുർആനിലേക്ക് തിരിയുകമാത്രമാണ്. ഖുർആൻ മാത്രമാണ് ദൈവികോദ്ദേശ്യം വെളിപ്പെടുത്തുന്ന ഇന്ന് ലോക ത്ത് ലഭ്യമായ ഏക ദൈവികഗ്രന്ഥം.

പ്രത്യേക ഉദ്ദേശ്യമൊന്നുമില്ലാതെ വെറും വിനോദത്തിനായി ദൈ വം സൃഷ്ടിക്കില്ലല്ലോ. ഉദ്ദേശ്യത്തോടെയാണ് ഈ പ്രപഞ്ചവും മനു ഷ്യനും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. “ആ കാശത്തെയും, ഭൂമിയെയും, അവ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല. നാം ഒരു വിനോദമുണ്ടാക്കാൻ ഉദ്ദേ ശിച്ചിരുന്നുവെങ്കിൽ നമ്മുടെ അടുക്കൽ നിന്നു തന്നെ നാമത് ഉണ്ടാക്കു മായിരുന്നു. (എന്നാൽ) നാം (അത്) ചെയ്യുന്നതല്ല.” (ഖു. 21:16–17).

ദൈവിക ഉദ്ദേശ്യം ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുമ്പോൾ പ്രപഞ്ച സംവിധാനം അതിനനുസരിച്ചുള്ളതാണെന്ന് വ്യക്തമാകും. എല്ലാറ്റിനുമുപരി, മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യമെന്തായിരിക്കണമെന്നുള്ള ഉൽബോധനവുമാണ് ഖുർആൻ. ഖുർആനിൽ പറയുന്ന സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം സംശയാലുക്കൾ ചോദ്യം ചെയ്തേക്കാം. പക്ഷെ അവർ ദൈവിക ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രപഞ്ച സംവിധാനത്തെ വിശകലനം ചെയ്തു സത്യാന്വേഷണ ദൗത്യത്തോടെയാണ് ഖുർആനെ സമീപിക്കുന്നതെങ്കിൽ, അവർക്കതിനെ നിഷേധിക്കാനാവില്ല.

പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിക്കാനുള്ള ദൈവിക ഉദ്ദേശ്യമെന്താണ്? ഖുർആൻ പറയുന്നത് കാണുക. പ്രപഞ്ചത്തെ സൃഷ്ടിച്ചത് മനുഷ്യനെ പരീക്ഷിക്കാനുള്ള വേദിയായിട്ടാണ് (ഖു. 11:7). ഈ പ്രപഞ്ചം മനുഷ്യനെ പരീക്ഷിക്കുവാനുണ്ടാക്കിയിരിക്കുന്ന താല്ക്കാലിക സംവിധാനമാണ്. മനുഷ്യനെ സൃഷ്ടിച്ചത് ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായിട്ടാണ് (ഖു. 2:30), ദാസനായിട്ടാണ് (ഖു. 51:56). മനുഷ്യൻ ദൈവത്തിന്റെ ദാസനായി (അറബിഭാഷയിൽ 'അബ്ദ്') അവന്റെ പ്രതിനിധിയായി എന്നെന്നും ജീവിക്കുന്നത് ഈ പ്രപഞ്ചാവസാനം സൃഷ്ടിക്കപ്പെടുന്ന അനശ്വര പ്രപഞ്ചത്തിന്റെ ഭൂമിയിലായിരിക്കും. അതിനെയാണ് നാം സ്വർഗ്ഗമെന്നു പറയുന്നത് (ഈ വിഷയം പിന്നീട് ചർച്ചക്കു വരുന്നുണ്ട്). അതായത് ശാശ്വതമായ ഭൂമിയിൽ (പരലോകം) അനശ്വരനായി അല്ലാഹുവിന് ജോലിയെടുത്ത് അവന്റെ പ്രതിനിധിയായി ജീവിക്കാൻ വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സാങ്കേതിക ഭാഷയിൽ പറഞ്ഞാൽ മനുഷ്യൻ അല്ലാഹുവിന്റെ റൊബോട്ട് ആകുന്നു. അറബിയിൽ 'അബ്ദ്' എന്ന പദം അർത്ഥമാക്കുന്നത് 'റൊബോട്ട്' എന്നാണ്. അതായത് 'അടിമ', 'ദാസൻ' എന്നർത്ഥം. ചെക്കോസ്ലോവാക്യൻ നാടകകൃത്തായിരുന്ന കാറൽ കാപ്പക്ക് (Karel Capek) 1920ൽ രചിച്ച 'റോസ്സംസ് യൂനിവേർസൽ റോബോട്ടേർസ്' (Rossum's Universal Roboters) എന്ന നാടകത്തിൽ മനുഷ്യതൊഴിലാളികളെ റോബോട്ടുകളായിട്ട് ചിത്രീകരിച്ചിരിക്കുകയുണ്ടായി. ചെക്ക് ഭാഷയിൽ 'റൊബോട്ട' എന്നാൽ അടിമത്തം എന്നാണ്. ഈ വാക്കിൽ നിന്നാണ് മനുഷ്യന്റെ ആധുനിക സാങ്കേതിക മികവിന്റെ ഉല്പന്നമായ റോബോട്ടിന് ആ പേർ ലഭിച്ചത്.

'റൊബോട്ട്' എന്ന നാമകരണം ചെയ്യപ്പെട്ട 'യന്ത്രമനുഷ്യൻ' മനുഷ്യന്റെ ഉദ്ദിഷ്ടകാര്യങ്ങൾ നിർവഹിക്കാനായി രൂപകൽപന ചെയ്ത് പ്രോഗ്രാം ചെയ്യപ്പെട്ട ഒരു യന്ത്രമത്രെ (ചിത്രം 2.1). യന്ത്രമനുഷ്യന്റെ പ്രോസസ്സർ വേഗതയിലും, സെൻസറുകളിലും ഇതിനകം വളരെയേറെ പുരോഗതിയുണ്ടായിട്ടുണ്ട്. ഫാക്ടറികളിലും മറ്റു തല്പര മേഖലകളിലും മാത്രമല്ല മനുഷ്യൻ കാൽവെക്കാൻ ഭയക്കുന്ന പ്രതികൂല പരിസ്ഥിതിയിലും ജോലിക്ക് നിയോഗിക്കാവുന്ന പ്രോഗ്രാം ചെയ്യപ്പെട്ട സമർപ്പിത (dedicated) കമ്പ്യൂട്ടർ വ്യവസ്ഥകളാണ് റൊബോട്ടുകൾ. ഇന്ന് നാം നിർമ്മിക്കുന്ന റൊബോട്ടുകൾ മനുഷ്യനെന്ന അല്ലാഹു സൃഷ്ടിച്ച റൊബോട്ടിനോട് സാങ്കേതികമായി ഏറെ വ്യത്യസ്തമാണ്. അതിൽ ഏറ്റവും പ്രധാനമായത് മനുഷ്യൻ ബുദ്ധിയുള്ള (intelligent) ബോധമുള്ള (conscious) സ്വേച്ഛപ്രകാരം തീരുമാനമെടുക്കാൻ സ്വതന്ത്ര്യമുള്ള (freewill) റൊബോട്ടാണ്. ഈ സവിശേഷതകളൊന്നും യന്ത്രമനുഷ്യന് കൊടുക്കുവാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ ധാരാളം ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഭാവിയിൽ മേൽപറഞ്ഞ മനുഷ്യ സവിശേഷതകളുള്ള റൊബോട്ട് ഉണ്ടാക്കുവാനുള്ള സാങ്കേതികവിദ്യ അല്ലാഹു നമുക്ക് തരികയും മനുഷ്യസമാനമായ റൊബോട്ട് നിർമ്മിക്കുകയും ചെയ്താൽ ഒരു വലിയ പ്രശ്നം നാം അഭിമുഖീകരിക്കേണ്ടിവരും. ബോധമുള്ള, സ്വതന്ത്രമായി തീരുമാനമെടുക്കാൻ കഴിവുള്ള റൊബോട്ട് നമ്മളെ അനുസരിക്കണമെന്നില്ല. സ്വന്തം താൽപര്യങ്ങൾക്കും ഇച്ഛകൾക്കുമനുസരിച്ച് അതിന്റെ 'സ്രഷ്ടാവായ' മനുഷ്യന്റെ താൽപര്യത്തെ അവഗണിച്ച് അതിന് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും കഴിവുമുണ്ട്. അങ്ങനെവരുമ്പോൾ അവയെ പരീക്ഷിച്ച് മനുഷ്യനെ അനുസരിക്കുന്ന റൊബോട്ടുകളെ തിരഞ്ഞെടുക്കേണ്ടതായി വരും. അത്തരം ഒരു ദൈവീക പരീക്ഷണത്തെയാണ് അല്ലാഹുവിന്റെ റൊബോട്ടായ മനുഷ്യൻ ഈ ജീവിതത്തിൽ അഭിമുഖീകരിക്കുന്നത്. ഈ ദൈവിക ദൗത്യത്തെ ആധാരമാക്കിവേണം പ്രപഞ്ചസൃഷ്ടിപ്പിനേയും, അതിന്റെ ഘടനാവ്യവസ്ഥയേയും നാം പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും. അല്ലാഹു മനുഷ്യനെ എന്തിന് പരീക്ഷിക്കുന്നു, എങ്ങനെയെല്ലാം പരീക്ഷിക്കുന്നു, എന്തൊക്കെ സംവിധാനങ്ങളാണ് പരീക്ഷണത്തിന് വേണ്ടി പ്രപഞ്ചത്തിൽ, പ്രത്യേകിച്ച് ഭൂമിയിൽ, ഒരുക്കിവെച്ചിരിക്കുന്നത് എന്നിങ്ങനെയുള്ള പല ചോദ്യങ്ങളും ഇവിടെ പ്രസക്തമാണ്. ഈ വിഷയങ്ങൾ തുടർന്നുള്ള അധ്യായങ്ങളിൽ ഖുർആന്റെ വെളിച്ചത്തിൽ ശാസ്ത്രീയമായി വിശദീകരിക്കുന്നുണ്ട്.



ചിത്രം 2.1. മനുഷ്യനിർമ്മിത റൊബോട്ട്
കടപ്പാട്: ഹോണ്ട അസിമോ, ജപ്പാൻ.

3

# പ്രപഞ്ചമെന്ന കമ്പ്യൂട്ടർ

പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ച സിദ്ധാന്തങ്ങളുടെയും ഗണിതശാസ്ത്ര പരീക്ഷണ മാതൃകകളുടെയും വിജയത്തിൽ നിന്ന് നമുക്ക് ഗ്രഹിക്കാൻ സാധിക്കുന്നത്, പ്രപഞ്ചത്തിന് സ്വയം നിയന്ത്രിതവും സ്വയം പോഷകവുമായ വ്യവസ്ഥയായി വർത്തിക്കാനുള്ള സ്ഥിരനിയമങ്ങളും ക്രമങ്ങളുമുണ്ടെന്നാണ്. പ്രപഞ്ച പ്രവർത്തനത്തിന് നിയമങ്ങൾ എത്രമാത്രം സാർത്ഥകമാണെന്ന് ഗ്രഹിക്കുന്നതിനുവേണ്ടി, വിഖ്യാത ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനും ആസ്ട്രോഫിസിസിസ്റ്റുമായ സ്റ്റീഫൻ ഹാകിംഗ് (Stephen Hawking)നെ തന്നെ ഇവിടെ ഉദ്ധരിക്കട്ടെ: "ഇലക്ട്രോണിന്റെ വൈദ്യുതചാർജ്ജ് നേരിയതോതിൽ വ്യത്യസ്തമായിരുന്നെങ്കിൽ, നക്ഷത്രങ്ങൾക്ക് ഒന്നുകിൽ ഹൈഡ്രജനും, ഹീലിയവും കത്തിക്കാൻ സാധിക്കുമായിരുന്നില്ല, അല്ലെങ്കിൽ അവ പൊട്ടിത്തെറിക്കുമായിരുന്നില്ല... ജീവന്റെ വികാസം സാധ്യമാകുന്നതിന് വേണ്ടി അത് വളരെ സൂക്ഷ്മമായി ക്രമീകരിക്കപ്പെട്ടിരുന്നുവെന്നതാണ് ശ്രദ്ധേയമായ വസ്തുത." കൂടാതെ, "പ്രപഞ്ചത്തിന്റെ ആദ്യാവസ്ഥയും അതിന്റെ വികാസത്തിന്റെ നിരക്കും ഗുരുത്വാകർഷണ കാരണമായിട്ടുള്ള ഒരു പുനർപതനം ഒഴിവാക്കാനാവശ്യമായ നിർണ്ണായ നിരക്കിനരികിൽ വളരെ കണിശമായി തെരഞ്ഞെടുക്കപ്പെടേണ്ടതുമാകുന്നു." (Hawking, S. 1988. A Brief History of Time : From the Big Bang to Black Holes, Bantam Press, London). ഈ നിയമങ്ങളും സവിശേഷ ഗുണങ്ങളും യാദൃശ്ചികമായി നിലവിൽ വരാൻ സാധ്യമല്ല. മറിച്ച് പ്രപഞ്ചത്തിന് അതിന്റെ തൽസ്വരൂപത്തിൽ രൂപകൽപന ചെയ്യുകയും സമ്പൂർണ്ണമാക്കുകയും ചെയ്ത ഒരു അധികാരശക്തിയുണ്ട്. സർ ഐസക് ന്യൂട്ടൺ പറഞ്ഞത്പോലെ "(സുന്ദരമായ പ്രപഞ്ചം) ധിഷണയും പ്രതാപവുമുള്ള ഒരസ്തിത്വത്തിന്റെ അധികാരത്തിൽ നിന്നും നിർദ്ദേശത്തിൽ നിന്നും മാത്രം ഉത്ഭവിച്ചതായിരിക്കണം."



പ്രപഞ്ചത്തിന്റെ പ്രവർത്തനത്തെ അല്ലാഹു നിർണ്ണയിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ ലാക്കാക്കി പ്രോഗ്രാം ചെയ്യപ്പെട്ട ഒരു പ്രതിഭാസമായി വീക്ഷിക്കാവുന്നതാണ്. അതുകൊണ്ടു തന്നെ അഖില പ്രപഞ്ചത്തേയും ഒരു ദൈവിക കമ്പ്യൂട്ടർ വ്യവസ്ഥയായി കാണാവുന്നതാണ്. ധാരാളം പ്രപഞ്ചഘടകങ്ങളെയും പ്രവർത്തനങ്ങളേയും ഒരു കമ്പ്യൂട്ടർവൽകൃത സംവിധാനത്തിന്റെ അസ്തിത്വം വിളിച്ചുപറയുന്ന സാക്ഷ്യങ്ങളായി സമർപ്പിക്കാൻ കഴിയും. പ്രകൃതിയിൽ എവിടെ നോക്കിയാലും കാണാവുന്നത് മനോഹരമായി സംവിധാനം ചെയ്തിട്ടുള്ള കമ്പ്യൂട്ടർ വ്യവസ്ഥ മാത്രം!

പ്രകൃതിചംക്രമണം, ഗ്രഹചലനങ്ങൾ തുടങ്ങിയ നിരവധി പ്രതിഭാസങ്ങൾ കണിശമായും സമയബന്ധിതമായി നടക്കുന്നുവെന്ന വസ്തുത നമ്മുടെ പ്രപഞ്ചം ഒരു കമ്പ്യൂട്ടർ പോലെ മുൻകൂട്ടി പ്രോഗ്രാം ചെയ്യതനുസരിച്ച് പ്രവർത്തിക്കുന്നു എന്നതിന് വ്യക്തമായ സൂചനകളാണ്. ഉദാഹരണമായി സൂര്യനെന്ന പ്രകൃതിയിലെ ആണവ റിയാക്ടറിനെ മനുഷ്യ നിർമ്മിതമായ ആണവ റിയ്ടറിന്റെ പ്രവർത്തനവുമായി താരതമ്യം ചെയ്തു നോക്കുക. മനുഷ്യ നിർമ്മിത റിയാക്ടറിൽ അണുവിഘടനം (nuclear fission) എന്ന പ്രതിഭാസമാണ് നടക്കുന്നതെങ്കിൽ അതിലും ശക്തിയേറിയ അണു സംയോജനം (nuclear fusion) എന്ന പ്രതിപ്രവർത്തനമാണ് സൂര്യനിൽ നടക്കുന്നത്. മനുഷ്യനിർമ്മിത ആണവ റിയ്ക്ടറും ആണവ ബോംബും ഒരേ തത്ത്വപ്രകാരം തന്നെയാണ് പ്രവർത്തിക്കുന്നത്. ആദ്യത്തേതിൽ പ്രതിപ്രവർത്തനം നിയന്ത്രണത്തിലാണെങ്കിൽ, രണ്ടാമത്തേതിൽ പ്രതിപ്രവർത്തനം നിയന്ത്രിക്കപ്പെടുന്നില്ലെന്നുമാത്രം. ഒരിക്കൽ തുടങ്ങിവെച്ച പ്രതിപ്രവർത്തനം തടസ്സം കൂടാതെ തുടരുന്നതും അങ്ങനെ കൂടുതൽ കൂടുതൽ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ പൊട്ടിത്തെറിയിലേക്ക് നയിക്കുമെന്നതാണ്. ആണവബോംബ് പൊട്ടിത്തെറിക്കുന്നത് അതുകൊണ്ടാണ്. അതുപോലെ പൊട്ടിത്തെറിക്കാതിരിക്കാൻ ആണവ റിയാക്ടർ അതിസങ്കീർണ്ണമായ കമ്പ്യൂട്ടറുകളുടെ നിയന്ത്രണത്തിലാണ്. റിയാക്ടറിനും, ലബോറട്ടറിക്കുമപ്പുറത്ത് ഉൽപ്പത്തിതൊട്ട് ഊർജ്ജം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന സൂര്യനെന്ന ആണവ റിയാക്ടർ ആകാശത്തുണ്ട്. അതിന്റെ കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്ന അണുസംയോജന പ്രതിപ്രവർത്തനത്താൽ താപം 10 ദശലക്ഷം K (കെൽവിൻ) ആകുന്നു. സൂര്യനുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യനിർമ്മിത ആണവ റിയാക്ടറുകൾ കേവലം കളിപ്പാട്ടങ്ങളാണ്. ഇതുവരെ സൂര്യൻ പൊട്ടിത്തെറിക്കാതെ നിലനിൽക്കുന്നു എന്ന സത്യം വിളിച്ചോതുന്നത് അതിൽ നടക്കുന്ന അണുസംയോജന പ്രതിപ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെട്ടു സ്വയം പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ വ്യവസ്ഥയാണെന്നതാണ്.

പ്രകൃതിയിൽ ഒരു വ്യവസ്ഥാപിത യാഥാർത്ഥ്യം നിലകൊള്ളുന്നുവെന്ന സത്യം നമുക്ക് നിഷേധിക്കാൻ സാധ്യമല്ല. ഭീമാകാരങ്ങളായ അസംഖ്യം വസ്തുക്കൾ വിശ്വവിഹായസ്സിൽ കൂട്ടിമുട്ടാതെ അതാതിന്റെ പാഥേയങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്നത് സൂചിപ്പിക്കുന്നത് പരിപൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട പ്രവർത്തനരീതിയെ തന്നെയാണ്. സ്രഷ്ടാവ് നിർണ്ണയിച്ചുകൊടുത്ത നിത്യമായ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയാണവ ചെയ്യുന്നത്. ഒട്ടേറെ സൂക്തങ്ങളിലൂടെ ഇക്കാര്യം ഖുർആൻ വ്യക്തമാക്കുന്നുണ്ട്. “അങ്ങനെ രണ്ടു ദിവസങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിനും അതിന്റെ കല്പന (പ്രോഗ്രാം) അവൻ (അല്ലാഹു) നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവ്വജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്.” (ഖു. 41:12). “അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തിക്കൊണ്ടിരിക്കുന്നു.” (ഖു. 21:33). സ്രഷ്ടാവ് നിർണ്ണയിച്ച പ്രകൃതിക്രമമാണ് ശാസ്ത്രതത്ത്വങ്ങളിൽ പ്രതിഫലിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്ലാഹു ശാസ്ത്രത്തിലൂടെ മനുഷ്യനു വെളിപ്പെടുത്തിക്കൊടുക്കുന്നത്. പ്രകൃതി പ്രതിഭാസങ്ങളെ പ്രവചിക്കാനും വിശദീകരിക്കാനും ഗണിതശാസ്ത്ര മാതൃകകൾക്കു കഴിയുന്നത് പ്രപഞ്ചം പ്രോഗ്രാം ചെയ്യപ്പട്ട വ്യവസ്ഥയായതുകൊണ്ടാണ്. പ്രപഞ്ച സംവിധാനത്തെക്കുറിച്ചു ചിന്തിക്കുവാൻ അല്ലാഹു ഖുർആനിൽ ആവർത്തിച്ചുണർത്തുന്നതും പ്രകൃതി ദൃഷ്ടാന്തങ്ങളെ മനുഷ്യൻ മനസ്സിലാക്കാനാണ്. “ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപ്പകലുകളുടെ മാറ്റത്തിലും, മനുഷ്യർക്കുപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്നു അല്ലാഹു മഴ ചൊരിഞ്ഞു തന്നിട്ട് നിർജ്ജീവാവസ്ഥയ്ക്കുശേഷം ഭൂമിക്ക് അത് മുഖേന ജീവൻ നൽകിയതിലും ഭൂമിയിൽ എല്ലത്തരം ജന്തുവർഗ്ഗങ്ങളേയും വ്യാപിപ്പിച്ചതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ചു നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. തീർച്ച.” (ഖു. 2:164).

ഓരോ പ്രകൃതിപ്രക്രിയയും സ്വമേധയാലുള്ള പ്രതിഭാസമത്രെ. വ്യത്യസ്ത സാഹചര്യങ്ങളിൽ തങ്ങൾ എന്തുചെയ്യണമെന്നു ഓരോ വസ്തുവും ‘അറിഞ്ഞു’ ചെയ്യുന്നതുപോലെയുള്ള നൈസർഗ്ഗിക പ്രവർത്തനങ്ങളാണ് യഥാർത്ഥത്തിൽ ഭൗതിക, രാസിക, ജൈവപ്രക്രിയകളെല്ലാം തന്നെ. സജീവ വസ്തുക്കളിൽ പ്രോഗ്രാമുകൾ ഉണ്ടെന്നുള്ളത് സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. ഈ പ്രോഗ്രാമുകളെയാണ് ജനിതകപ്രോഗ്രാം (genetic program) എന്നു വിളിക്കുന്നത്. മൃഗങ്ങളുടെ മസ്തിഷ്ക്കങ്ങൾ



ക്ക് വിവരങ്ങൾ സൂക്ഷിക്കാനും സംസ്ക്കരിക്കാനുമുള്ള കഴിവുണ്ട്. മൃഗത്തെ ഒരു സമർപ്പിത (dedicated) റൊബോട്ടായി പരിഗണിക്കാവുന്നതാണ്.

ഓരോ പ്രതിഭാസത്തിനും ഒരോ വികസനക്രമമുണ്ട്. ഒരു സസ്യം വിത്തിൽനിന്നും കോശവിഭജനത്തിലൂടെയും വകതിരിയൽ പ്രക്രിയ (differentiation)യിലൂടെയും വളർന്നു വരുന്നു. അപ്രകാരംതന്നെ ഓരോ മൃഗവും സിക്താണ്ഡത്തിൽ (zygote) നിന്നും തുടങ്ങി വിവിധഘട്ടങ്ങിലൂടെ വളരുന്നു. ഈ യാന്ത്രിക ഘടനകളെല്ലാം താന്താങ്ങളുടെ പ്രോഗ്രാമുകളിലുള്ള നിർദ്ദേശങ്ങളുടെ ക്രമാനുഗതമായ അനുഷ്ഠാനത്തിന്റെ സൂചനതന്നെയാണ്. ഒരു കമ്പ്യൂട്ടർ പ്രോഗ്രാം (സോഫ്റ്റ്‌വെയർ) എന്നത് നിർദ്ദേശങ്ങളും അവ ഒരോന്നും പ്രാവർത്തികമാക്കേണ്ട ക്രമവും ഉൾക്കൊണ്ടതാണ്. പ്രകൃതിയിലെ ഭൗതിക, രാസിക പ്രക്രിയകളും ജൈവപ്രക്രിയകളും വസ്തുക്കളിൽ സ്ഥാപിതമായ ദൈവിക പ്രോഗ്രാമുകളനുസരിച്ചുള്ള പ്രവർത്തനങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്.

## പ്രപഞ്ചത്തിന്റെ പ്രവർത്തനം

ഖുർആൻ പ്രപഞ്ചത്തെ “ആകാശങ്ങളും ഭൂമിയും” എന്നാണ് പരിചയപ്പെടുത്തുന്നത്. “തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെക്കൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനയ്ക്കു വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു.) അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു.” (ഖു. 7:54). പ്രപഞ്ചത്തിന്റെ വിവിധഘടകങ്ങൾ അവയുടെ സവിശേഷസ്വഭാവങ്ങൾ എങ്ങനെ സമ്പാദിച്ചു, അവയെ ഭരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ആർ തീരുമാനിച്ചു എന്നു തുടങ്ങി ശാസ്ത്രപരിധിയിൽ പെടാത്ത പല മൗലികമായ ചോദ്യങ്ങളുണ്ട്. ഒരു രസതന്ത്ര ശാസ്ത്രജ്ഞനോടോ, ഊർജ്ജതന്ത്രജ്ഞനോടോ ഒരു ഫോസ്ഫറസ് അണു എന്തുകൊണ്ട് അതിന്റേതായ സ്വഭാവം പ്രകടിപ്പിക്കുന്നു എന്നു ചോദിച്ചാൽ തീർച്ചയായും അതിന്റെ ഘടകങ്ങളാണ് അതിന്റെ കാരണം എന്ന മറുപടിയാണ് ലഭിക്കുക. ഒരു ഫോസ്ഫറസ് അണുവിന് 15 പ്രോട്ടോണുകളും, 16 ന്യൂട്രോണുകളും 15 ഇലക്ട്രോണുകളുമാണുള്ളത്. ഈ ഘടനയുള്ള ഒരു അണു ഫോസ്ഫറസിന്റെ സ്വഭാവം കാണിക്കും എന്ന് അദ്ദേഹം പറയുമായിരിക്കാം. എന്നാൽ ഈ കണങ്ങൾക്ക് അവ എങ്ങനെ പെരുമാറണമെന്ന് സ്വയം എങ്ങനെ അറിയും എന്ന ചോദ്യത്തിന് ശാസ്ത്രത്തിൽ ഉത്തരമില്ല. പ്രപഞ്ചാസ്തിത്വം സംബന്ധിച്ച പല വിവരങ്ങളും

ഖുർആനിലൂടെയാണ് അല്ലാഹു വെളിപ്പെടുത്തുന്നത്.

പ്രപഞ്ചത്തിൽ രണ്ടുതരം വ്യവസ്ഥകളെയാണ് നാം കാണുന്നത് – കൂടുതൽ വ്യാപകമായ അചേതന വസ്തുക്കളും (abiosystem), ഭൂമി എന്ന ഗ്രഹത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സചേതന (ജീവനുള്ള) വസ്തുക്കളും (അതായത് ജൈവ വ്യവസ്ഥ, biosystem). ഈ രണ്ട് വ്യവസ്ഥകളും രാസമൂലകങ്ങളാൽ നിർമ്മിതമാണെങ്കിലും അവയുടെ പ്രവർത്തനങ്ങളും സ്വഭാവങ്ങളും തികച്ചും വ്യത്യസ്തങ്ങളാണ്. ഇത് സൂചിപ്പിക്കുന്നത് വ്യത്യസ്ത പ്രോഗ്രാമുകളാണ് ഈ രണ്ട് വ്യവസ്ഥകളുടെ സ്വഭാവ–പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതെന്നാണ്. ഈ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ജീവനില്ലാത്ത വസ്തുക്കളെ ദൈവിക അജൈവ പ്രോഗ്രാമും (abioprogram), ജീവനുള്ളവയെ ദൈവിക ജൈവ പ്രോഗ്രാമും (bioprogram) നിയന്ത്രിക്കുന്നുവെന്നു കരുതാം.

## അജൈവ പ്രോഗ്രാം

ഓരോ സാഹചര്യത്തിലും അചേതന വസ്തുക്കളുടെ സവിശേഷതകളും സ്വഭാവരീതികളും നിർണ്ണിതമാണ്. ദൈവിക നിർദ്ദേശങ്ങൾ അവയുടെ രാസഘടനകളിൽ ഒളിഞ്ഞുകിടക്കുന്നുവെന്ന് സ്പഷ്ടം. ആ വസ്തുതയാണ് ഖുർആൻ ഇങ്ങനെ പറയുന്നത്: "...അങ്ങനെ അവൻ (സ്രഷ്ടാവ്) അവയെ ഏഴ് ആകാശങ്ങളിലായി പൂർത്തീകരിക്കുകയും. ... ഓരോ ആകാശത്തിനും അതാതിന്റെ ചുമതലയും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു." (ഖു. 41:12). ഇതിൽ നിന്നും മനസ്സിലാകുന്നത് വസ്തുക്കളുടെ രാസഘടന ദൈവീക നിർദ്ദേശമടങ്ങിയ ഒരു കോഡ് (code) എന്നാണ്. രാസഘടന പ്രതിനിധാനം ചെയ്യുന്നത് അജൈവപ്രോഗ്രാമിനെ (abioprogram) അല്ലെങ്കിൽ രാസവിവരത്തെ (chemical information)യാണ്. രാസഘടന–കോഡ് സിദ്ധാന്തത്തിൽ മൂലകങ്ങൾ (chemical elements) അക്ഷരങ്ങളായും (പട്ടിക 3.1 കാണുക) അവയുടെ ക്രമീകരണത്തെ

*പട്ടിക 3.1. അജൈവപ്രോഗ്രാം ഭാഷയുടെ അക്ഷരങ്ങളായ മൂലകങ്ങൾ*

| അറ്റോമിക് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| 1 | H | He | Li | Be | B | C | N | O | F | Ne |
| 11 | Na | Mg | Al | Si | P | S | Cl | Ar | K | Ca |
| 21 | Sc | Ti | V | Cr | Mn | Fe | Co | Ni | Cu | Zn |
| 31 | As | Ga | Ge | Sc | Br | Kr | Rb | Sr | Y | Zr |
| 41 | Nb | Mo | Tc | Ru | Rh | Pd | Ag | Cd | In | Sn |
| 51 | Sb | Te | I | Xe | Cs | Ba | La | Ce | Pr | Nd |
| 61 | Pm | Sm | Eu | Gd | Tb | Dy | Ho | Er | Tm | Yb |
| 71 | Lu | Hf | Ta | W | Re | Os | Ir | Pt | Au | Hg |
| 81 | Tl | Pb | Bi | Po | At | Rn | Fr | Ra | Ac | Th |
| 91 | Pa | U | Np | Pu | Am | Cm | Bk | Cf | Es | Fm |
| 101 | Md | No | Lr | Rf | Ha | | | | | |



ഒരു പദത്തിലുള്ള അക്ഷരങ്ങളുടെ ക്രമീകരണത്തോടും ഉപമിക്കാം. ഒരു പദം അത് പ്രതിനിധാനം ചെയ്യുന്ന ഭാഷയിൽനിന്ന് അർത്ഥം ലഭിക്കുന്നതുപോലെ, രാസഘടനയുടെ സ്വഭാവങ്ങളും, പെരുമാറ്റരീതിയും അജൈവപ്രോഗ്രാമിനാൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്നുവെന്ന് സങ്കല്പിക്കാം (പട്ടിക 3.2).

*പട്ടിക 3.2. അജൈവപ്രോഗ്രാമിനനുസൃതമായുള്ള രാസഘടനയുടെ സ്വഭാവ നിർണ്ണയം*


| അടിസ്ഥാന ഏകകം | വിവരത്തിന്റെ ഏകകം | സോഫ്റ്റ് വെയർ | സോഫ്റ്റ് വെയറിന്റെ കൃത്യം |
|---|---|---|---|
| അക്ഷരം | പദം | ഇംഗ്ലീഷ് | അർത്ഥനിർണ്ണയം |
| മൂലകം | തന്മാത്ര | അജൈവ പ്രോഗ്രാം | സ്വഭാവ നിർണ്ണയം |

ഖുർആൻ 41:12 സൂക്തത്തിൽ പറയുന്ന 'പ്രപഞ്ചഘടനയിൽ തന്നെ ദൈവിക നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്നു' എന്ന വസ്തുത ശാസ്ത്രീയമായി ഇങ്ങനെ വിശദീകരിക്കാവുന്നതാണ് (ചിത്രം 3.1 കാണുക).


രാസഘടനയിലെ മാറ്റങ്ങൾക്ക് അനുസൃതമായി പദാർത്ഥങ്ങളുടെ സ്വഭാവങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുടെ നിശ്ചിതത്വം ഘടനാപരമായ സംഘാടനത്തിന്റെ വ്യത്യസ്ത വിതാനങ്ങളിൽ പ്രവർത്തിക്കുന്ന അജൈവ പ്രോഗ്രാമിന്റെ ഉപാധികളായി മനസ്സിലാക്കാം. രാസഘടനയും പദാർത്ഥ സ്വഭാവവും തമ്മിലുള്ള ബന്ധങ്ങളുടെ അറിവ് മനുഷ്യന് ഉപകാരപ്രദമായ പുതിയ പദാർത്ഥങ്ങളെ (ഉദാ. മരുന്നുകൾ) കണ്ടുപിടിക്കുവാൻ സഹായിക്കുന്നുണ്ട്. കമ്പ്യൂട്ടർ സഹായത്തോടെയുള്ള മോളിക്യുലർ മോഡലിംഗ് (Computer Aided Molecular Modelling - CAMM) എന്നാണ് ഈ സാങ്കേതികവിദ്യയെ വിളിക്കുന്നത്. ഒരു പദാർത്ഥത്തിന്റെ സ്വഭാവ വിശേഷതകൾ കമ്പ്യൂട്ടറിൽ നൽകിയാൽ, അതിന്റെ രാസഘടന കമ്പ്യൂട്ടർ തിരിച്ചു നൽകും. വാസ്തവത്തിൽ രാസഘടന–സ്വഭാവ ബന്ധങ്ങൾ പഠിക്കുക വഴി 'അജൈവ പ്രോഗ്രാമിനെ' വ്യാഖ്യാനിക്കുകയാണ് നമ്മൾ.

## ജഡികപരിണാമം


പ്രപഞ്ചത്തെ ദൈവം പരിണാമ പ്രക്രിയയിലൂടെ സൃഷ്ടിച്ചതാണെന്ന് ഖുർആൻ വെളിപ്പെത്തുന്നു. ആ പ്രക്രിയയുടെ വിശദാംശങ്ങൾ ഖുർആനിൽ നൽകപ്പെട്ടിട്ടില്ലെങ്കിലും പ്രപഞ്ചസൃഷ്ടിപ്പിന്റെ ചില ക്രമങ്ങളും കാലയളവുകളും ഖുർആൻ നൽകുന്നുണ്ട്. പ്രപഞ്ച സൃഷ്ടിപ്പ് പ്രോഗ്രാം ചെയ്യപ്പെട്ട പരിണാമ പ്രക്രിയയായി കാണാവുന്നതാണ്. പ്രപഞ്ചം ആദ്യം സൃഷ്ടക്കപ്പെട്ടതുപോലെയാണ് വിധിനിർണ്ണയനാളിൽ (ഈ പ്രപഞ്ചത്തിന്റെ അന്ത്യശേഷം) അത് പുനർസൃഷ്ടിക്കപ്പെടുക എന്ന ഖുർആനിക സന്ദേശത്തിൽ നിന്നും സൃഷ്ടിപ്പിന്റെ പ്രക്രിയയെക്കുറിച്ചുള്ള ഉൾകാഴ്ച ലഭിക്കുന്നു. "ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടു




ബ്യൂട്ടെയിൻ ($C_4H_{10}$)



വെള്ളം ($H_2O$)



ഐസോബ്യൂട്ടെയിൻ ($C_4H_{10}$)



ബെൻസീൻ ($C_6H_6$)

**ചിത്രം 3.1. രാസഘടന അജൈവപ്രോഗ്രാം പ്രതിനിധീകരിക്കുന്ന കോഡ്**


***കുറിപ്പ്:*** *ഒരു ഭാഷയിലെ പദം ആ ഭാഷയിലെ അക്ഷരങ്ങളുടെയും അവയുടെ ക്രമീകരണത്തെയും ആസ്പദമാക്കിയുള്ളതാണ്. പദങ്ങൾക്കു അർത്ഥം കൊടുത്തിരിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. അതുപോലെയാണ് രാസഘടനയും. ഒരു പദത്തിനു അതിന്റെ അക്ഷരങ്ങളുടെയും അവയുടെ ക്രമീകരണത്തിൽ നിന്നും എങ്ങനെ അർത്ഥം ലഭിക്കുന്നുവോ അതുപോലെയുള്ള ഒരു ദൈവിക സംവിധാനത്തിലൂടെയാണ് ഒരു രാസഘടനയ്ക്കു അതിന്റെ സ്വഭാവങ്ങളും ലഭിക്കുന്നത്. ഉദാഹരണമായി ഇംഗ്ലീഷിലെ ചില പദങ്ങളെടുക്കാം. Take, buy എന്നീ പദങ്ങൾ അക്ഷരങ്ങളിൽ വ്യത്യാസ മുള്ളവയാണ്. അവയുടെ അർത്ഥങ്ങളും അത് കാരണം വ്യത്യാസമുള്ളവയാണ്. ഈ പദങ്ങളുടെ രൂപീകരണവുമായി സാദൃശ്യമുള്ളവയാണ് മേൽ കൊടുത്തതായ വെള്ളത്തിന്റെയും ബെൻസീന്റെയും രാസഘടനകൾ. അവയുടെ മൂലകങ്ങൾ വ്യത്യാസമുള്ളവയാണ്. അത് കാരണം ആ പദാർത്ഥങ്ങളുടെ സ്വഭാവങ്ങളും വ്യത്യസ്തങ്ങളാണ്. ഇനി sent, nest എന്നീ പദങ്ങളെടുക്കുക. അവയിൽ അക്ഷരങ്ങളെല്ലാം ഒന്നുതന്നെയാണ്. പക്ഷെ അവയുടെ ക്രമീകരണത്തിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസമാണ് അവയുടെ അർത്ഥവ്യത്യാസങ്ങൾക്കു കാരണം. ഈ പദങ്ങളുടെ രൂപീകരണവുമായി സാദൃശ്യമുള്ളവയാണ് ബ്യൂട്ടെയിൻ, ഐസോബ്യൂട്ടെയിൻ എന്നീ പദാർത്ഥങ്ങളുടെ രാസഘടനകൾ. അവയുടെ മൂലകങ്ങളിൽ വ്യത്യാസമില്ലെങ്കിലും ക്രമീകരണത്തിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസമാണ് ആ പദാർത്ഥങ്ങളുടെ സ്വഭാവങ്ങളിലുള്ള വ്യത്യാസങ്ങൾക്കു കാരണം. ഈ സാധർമ്യത്തിലൂടെ ഒരു രാസഘടനയ്ക്കു അതിന്റെ സ്വഭാവങ്ങൾ ദൈവിക അജൈവപ്രോഗ്രാമിൽനിന്നു എങ്ങനെ നിർണ്ണയിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കാം.*



ന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്.” (ഖു. 21:104). “അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു.” (ഖു. 39:67). പ്രപഞ്ചത്തിന്റെ ആദ്യസൃഷ്ടിപ്പും പുനഃസൃഷ്ടിപ്പും ഒരേ പ്രക്രിയയിലൂടെയാണ് സംഭവിക്കുക എന്ന് ഈ സൂക്തങ്ങൾ വെളിപ്പെടുത്തുന്നു. പ്രപഞ്ചാവസാനം അത് ചുരുങ്ങി കൈയ്യിലൊതുക്കാവുന്ന വലുപ്പത്തിലാകുമെന്നും ആ ചെറിയ രൂപത്തിൽ നിന്നാണ് പുതിയ പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതെന്നും (പുനഃസൃഷ്ടിക്കൽ) ഖുർആൻ വെളിപ്പെടുത്തുന്നു. ആദ്യസൃഷ്ടിപ്പും, പുനഃസൃഷ്ടിപ്പും ഒരേ പ്രക്രിയയിലൂടെയാണെന്ന വെളിപ്പെടുത്തൽ സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിന്റെ ആദ്യസൃഷ്ടിപ്പും ആരംഭിച്ചത് ഒരു ചെറിയ ഊർജ്ജകണത്തിൽ നിന്നാണെന്നാണ്. മഹാവിസ്ഫോടന (big bang) മാതൃക ഈ ഖുർആൻ വീക്ഷണവുമായി പൊരുത്തമുള്ളതിനാൽ ആ ശാസ്ത്രതത്ത്വം അംഗീകരിക്കാവുന്നതാണ്. പ്രപഞ്ചത്തിൽ ആദ്യംപരിണമിക്കപ്പെട്ടത് ഭൂമി ആയിരുന്നുവെന്നും ആ സമയത്ത് ആകാശമെല്ലാം ‘പുക’ രൂപത്തിലായിരുന്നുവെന്നും ഖുർആൻ പറയുന്നു. “നീ പറയുക: രണ്ടുദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന്ന് നിങ്ങൾ സമന്മാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്. അതിൽ (ഭൂമിയിൽ)–അതിന്റെ ഉപരിഭാഗത്ത്–ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും, അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു. നാലു ദിവസങ്ങളിലായിട്ടാണ് (അവനത് ചെയ്തത്.) ആവശ്യപ്പെടുന്നവർക്ക് വേണ്ടി ശരിയായ അനുപാതത്തിൽ. പിന്നെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവ്വമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു. അങ്ങനെ രണ്ടുദിവസങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിനും അതിന്റെ കല്പന അവൻ (അല്ലാഹു) നിർദ്ദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിക്കുകയും സംരക്ഷണം

ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവ്വജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്." (ഖു. 41:9–12). പ്രപഞ്ചം അതിന്റെ പരിണാമത്തിന്റെ ആദ്യഘട്ടത്തിൽ മഹാവിസ്ഫോടത്തിൽ നിന്നും പുറംതള്ളപ്പെട്ടതായി കരുതപ്പെടുന്ന 'സാന്ദ്രമേഘ' (dense cloud)മല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്നാണ് ശാസ്ത്രവും പറയുന്നത്. ഈ 'പുക'യിൽ നിന്നാണ് ഭൂമിയും ആകാശങ്ങളുമെല്ലാം പരിണമിച്ചുവന്നതെന്ന് ഖുർആനിൽ നിന്നു മനസ്സിലാക്കാം. ഭൂമിയാണ് ആദ്യം ഉണ്ടായതെന്ന ഖുർആനിക വെളിപ്പെടുത്തൽ ശാസ്ത്രത്തിനെതിരാണ്. ഭൂമി അവസാനമുണ്ടായതാണെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം. ഭാവിയിൽ ഈ ആശയം ഖുർആന് അനുസൃതമായി തിരുത്തപ്പെടുമെന്നതിൽ സംശയമില്ല. ഖുർആന്റെ ഈ വെളിപ്പെടുത്തൽ ശാസ്ത്രത്തിനു സത്യത്തിലേക്കുള്ള വഴി കാട്ടിയാണ്.

അന്തിമമായി പ്രപഞ്ചം രൂപീകരിക്കപ്പെട്ടത് ഭൂമിയും ഏഴ് ആകാശങ്ങളുമായിട്ടാണ് (ചിത്രം 3.2). പ്രപഞ്ചപൂർത്തീകരണ സമയത്ത് അതിന്റെ ഘടകവ്യവസ്ഥകൾ ഒന്നിച്ചുചേർന്നതായിരുന്നുവെന്നും പിന്നീട് അവ വേർതിരിക്കപ്പെടുകയാണുണ്ടായതെന്നും മേലുദ്ധരിച്ച വചനങ്ങളിൽ നിന്നു മനസ്സിലാകുന്നു. മാത്രമല്ല പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കയാണെന്നും ഖുർആൻ വെളിപ്പെടുത്തുന്നു (ഖു. 51:47). പ്രപഞ്ചത്തിന്റെ




***ചിത്രം 3.2. ഖുർആനിക വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പ്രപഞ്ചചക്രത്തിന്റെ ശാസ്ത്രീയ വിശദീകരണം***

***കുറിപ്പ്:*** *പ്ളാങ്ക് സാന്ദ്രത (Planck density)യെക്കാൾ കൂടുതലായ സാന്ദ്രത ശാസ്ത്രസിദ്ധാന്തങ്ങൾക്കതീതമായിരിക്കും. അതായത് അദൃശ്യ(ഗയ്ബ്)മായിരിക്കും.*



**പട്ടിക 3.3. പ്രപഞ്ചോല്പത്തിയെയും പരിണാമത്തെയും സംബന്ധിച്ച ഖുർആനികവും ശാസ്ത്രീയവുവീക്ഷണങ്ങളുടെ ഒരു താരതമ്യം**

| സ്ഥിതി | ഖുർആനിക വീക്ഷണം | ശാസ്ത്രവീക്ഷണം |
|---|---|---|
| 1. പ്രപഞ്ചോല്പത്തി | പരിണാമത്തിലൂടെയുള്ള സൃഷ്ടി | സ്വയംഭൂവായത്, പരിണാമത്തിലൂടെ |
| 2. കാലം ശൂന്യമായപ്പോൾ പ്രപഞ്ചത്തിന്റെ വലിപ്പം | വളരെ ചെറുത് | വളരെ ചെറുത് |
| 3. തുടക്കത്തിലെ പ്രപഞ്ചത്തിന്റെ സ്ഥിതി | പുക | സാന്ദ്രമേഘം |
| 4. ആദ്യമായി വേർതിരിഞ്ഞ ഘടകം | ഭൂമി | താരാപഥങ്ങൾ |
| 5. പൂർണ്ണാവസ്ഥയിൽ പ്രപഞ്ചത്തിന്റെ സ്ഥിതി | വേർപിരിയുംമുമ്പ് ഘടകങ്ങളെല്ലാം ഒന്നിച്ചായിരുന്നു | താരാപഥങ്ങൾ ഒന്നിച്ചായിരുന്നു |
| 6. ഘടകവ്യവസ്ഥകളുടെ സ്വഭാവം | വൃത്തപഥങ്ങളിൽ അവയെല്ലാം നീങ്ങുന്നു | സ്വന്തം ഭ്രമണപഥത്തിൽ നീങ്ങുന്നു |
| 7. ജീവവർഗ്ഗങ്ങളുടെ ഉത്ഭവം | ജലത്തിൽ നിന്ന് | ജലത്തിൽ നിന്ന് |
| 8. പ്രപഞ്ചത്തിന്റെ വിധി | ഒരിക്കൽ അവസാനിക്കും | അവസാനിച്ചേക്കാം |
| 9. അന്ത്യദിനത്തിൽ പ്രപഞ്ചത്തിന്റെ സ്വഭാവം | പ്രപഞ്ചം ചുരുട്ടിക്കൂട്ടപ്പെടും (വലിപ്പം ഗണ്യമായി കുറയും) | അതിസൂക്ഷ്മമായ വലിപ്പത്തിലേക്ക് പ്രപഞ്ചം മാറും |
| 10. പ്രപഞ്ചത്തിന്റെ ഭാവി | പുനഃസൃഷ്ടിക്കപ്പെടും | പുതിയ പ്രപഞ്ചം ഉണ്ടാകാൻ സാധ്യതയുണ്ട് |
| 11. പുനഃസൃഷ്ടിയുടെ രീതി | ആദ്യസൃഷ്ടിപോലെതന്നെ | ആദ്യ പരിണാമം പോലെ തന്നെ |

വികാസം കാരണമായി നക്ഷത്രവ്യൂഹങ്ങളിൽ (galaxies) നിന്നും വരുന്ന വികിരണത്തിലെ വർണ്ണരാജി വ്യതിയാനത്തെക്കുറിച്ച് എഡ്വിൻ ഹബ്ബ് (Edwin Hubble)ളിന്റെ നിരീക്ഷണവും കോടിക്കണക്കിനു വർഷങ്ങൾക്കു മുമ്പ് പ്രപഞ്ചഗോളങ്ങളെല്ലാം ഒന്നിച്ചുചേർന്നതായിരുന്നുവെന്നാണ് സൂചിപ്പിച്ചത്. ഇതിന്റെ വെളിച്ചത്തിലാണ് മഹാവിസ്ഫോടനതത്ത്വം (big bang theory) ശരിയാണെന്ന നിഗമനത്തിൽ ശാസ്ത്രസമൂഹം എത്തിച്ചേർന്നതും. ഖുർആൻ പറയുന്ന മറ്റൊരു വസ്തുത, ഓരോ ഗോളങ്ങളും അതാതിന്റെ വൃത്തപഥത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് (ഖു. 21:33). ഈ പ്രതിഭാസവും ഇന്ന് അംഗീകരിക്കപ്പെട്ടതാണ് (പട്ടിക 3.3 കാണുക). പ്രപഞ്ചം പൂർണ്ണമായും സൃഷ്ടിക്കപ്പെട്ടത് അജൈവ പ്രോഗ്രാം നിർവ്വഹണത്തിലൂടെയാണെന്നു കരുതാം. ഈ പ്രോഗ്രാമാണ് പ്രപഞ്ചപരിണാമപ്രക്രിയയുടെ പിന്നിലുള്ള ചാലകശക്തിയും അചേതന വസ്തുക്കളുടെ സവിഷേശത നിർണ്ണയിക്കുന്നതും. പ്രപഞ്ചം പൂർണ്ണമായി പരിണമിച്ചുണ്ടാകുവാൻ ആറു ദിവസങ്ങളാണ് വേണ്ടി വന്നത്. അതിൽ ഭൂമി ഉണ്ടാകുവാൻ രണ്ടു ദിവസവും, എഴു ആകാശങ്ങളായി പ്രപഞ്ചത്തെ സംവിധാനിക്കാൻ രണ്ടു ദിവസവും എടുത്തു (ഖു.

41:9–12). അല്ലാഹുവിന്റെ ഒരു ദിവസം മനുഷ്യന് ആയിരം വർഷമായി കണക്കാക്കുകയാണെങ്കിൽ (ഖു. 22:47) പ്രപഞ്ചം പൂർണമായി രൂപപ്പെടുവാൻ 6000 വർഷങ്ങളെടുത്തെന്നു വേണം കരുതാൻ. ഇങ്ങനെ രൂപപ്പെട്ട പ്രപഞ്ചത്തിലെ ഓരോ രാസഘടനയിലും, അടങ്ങിയിട്ടുള്ള ദൈവിക നിർദ്ദേശമാണ് വസ്തുക്കൾക്ക് അവയുടെ സ്വഭാവം നിർണ്ണയിക്കുന്നത്.

പ്രപഞ്ചത്തിന്റെ തുടക്കം കുറിച്ച അനന്തസാന്ദ്രതയുള്ള ദ്രവ്യ–ഊർജ്ജ ബിന്ദുവിൽ സമഗ്രമായ അജൈവപ്രോഗ്രാമാണ് അടങ്ങിയിട്ടുണ്ടായിരുന്നത്. ഈ ദൈവിക പ്രോഗ്രാമിന്റെ അടിസ്ഥാനത്തിലാണ് പ്രപഞ്ചം പരിണമിച്ചുണ്ടായതെന്നും പിന്നീട് ഒരു നിശ്ചിതസമയത്തിനുശേഷം അത് വീണ്ടും പൂർവ്വസ്ഥിതിയലേക്ക് ചുരുങ്ങുകയും അതിൽ നിന്ന് ഒരു പുതിയ പ്രപഞ്ചം ആദ്യത്തേതുപോലെ ഉടലെടുക്കുന്നതും. ഈ പ്രപഞ്ചത്തിന്റെ അന്ത്യം അടുത്താൽ ഏടുകൾ ചുരുട്ടപ്പെടുന്നതുപോലെ ചുരുങ്ങുമെന്ന ഖുർആന്റെ പ്രവചനം (ഖു. 21:104; 39:67) ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ മഹാപതന (big crunch) സിദ്ധാന്തത്തെ ശരിവെക്കുന്നതായികാണാം. ഈ സിദ്ധാന്തപ്രകാരം ഇന്നത്തെ പ്രപഞ്ചം പതിച്ചു (collapse) പൂർവ്വസ്ഥിതി (ദ്രവ്യ–ഊർജ്ജ ബിന്ദു) പ്രാപിക്കുമെന്നാണ്. മഹാവിസ്ഫോടന സിദ്ധാന്തം അംഗീകരിച്ചതോടൊപ്പം, ആപേക്ഷിക സിദ്ധാന്തവും കൂടി അവലംബമാക്കിക്കൊണ്ട് ബ്രിട്ടീഷ് ഫിസിസിസ്റ്റായ റോജർ പെൻറോസും, സ്റ്റീഫൻ ഹോക്കിൻസും പ്രപഞ്ചത്തിന് ഒരാരംഭമുണ്ടെന്നും (ഇതുതന്നെയാണ് സമയത്തിന്റെ ആരംഭം) പ്രായേണ ഒരവസാനമുണ്ടാകുമെന്നും ശാസ്ത്രലോകത്തിനു മുമ്പിൽ അവതരിപ്പിച്ചിരുന്നു. ഈ ശാസ്ത്ര നിഗമനത്തേയും ഖുർആൻ വാക്യങ്ങൾ ശരിവെക്കുന്നു. "ആ അന്ത്യസമയത്തെപ്പറ്റി, അതെപ്പോഴാണ് സംഭവിക്കുക എന്ന് അവർ നിന്നോട് (മുഹമ്മദ് നബിയോടു) ചോദിക്കുന്നു. നിനക്ക് അതിനെപ്പറ്റി എന്ത് പറയാനാണുള്ളത്? നിന്റെ രക്ഷിതാവിങ്കലേക്കാണ് അതിന്റെ കലാശം." (ഖു. 79:42–44). മഹാപതനമല്ലാത്ത പ്രപഞ്ചാവസ്ഥകളെ സംബന്ധിച്ചും ശാസ്ത്രസിദ്ധാന്തങ്ങളുണ്ട്. ഖുർആനിക വെളിപാടുകളുടെ വെളിച്ചത്തിൽ അവയൊക്കെ തെറ്റാണെന്നു സമർത്ഥിക്കാവുന്നതാണ്. മഹാപതന സ്വഭാവമുള്ള പ്രപഞ്ചത്തെ 'അടഞ്ഞ പ്രപഞ്ചം' (closed universe) എന്നാണ് ശാസ്ത്രജ്ഞന്മാർ വിശേഷിപ്പിക്കുന്നത്. ശാസ്ത്രത്തിന് അസന്ദിഗ്ദ്ധമായി പറയാൻ പറ്റാത്തത് മഹാപതനത്തിനുശേഷം വീണ്ടും ഒരു പ്രപഞ്ചം അതിൽ നിന്നും പരിണമിച്ചുണ്ടാകുമോ എന്നുള്ളതാണ്. ആ സാദ്ധ്യത ശാസ്ത്രം തള്ളിക്കളയുന്നില്ല. ഇവിടെ നാം തിരിയേണ്ടത് ഖുർആനിലേക്കാണ്. ഖുർആനാണ് ഭാവികാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ നമുക്ക് തരുന്നത്. ഈ പ്രപഞ്ചാവസാനത്തെ തുടർന്ന് ഒരു




പുതിയ പ്രപഞ്ചം അതിൽ നിന്നും സൃഷ്ടിക്കപ്പെടുമെന്നു ഖുർആൻ പ്രഖ്യാപിക്കുമ്പോൾ സൃഷ്ടിപ്പിന്റെ സമഗ്രമായ ആശയമാണ് അവതരിക്കപ്പെടുന്നത്. അടുത്ത പ്രപഞ്ചം അനശ്വരമായിരിക്കുമെന്നുകൂടി ഖുർആൻ വ്യക്തമാക്കുന്നു (ഖു. 25:15; 35:35). അനശ്വര പ്രപഞ്ചത്തെ 'പരന്ന പ്രപഞ്ചം' (flat universe) എന്നാണ് ശാസ്ത്രം വിശേഷിപ്പിക്കുന്നത് (ചിത്രം 3.2). ദൈവികവെളിപാടുകളുടെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ പ്രപഞ്ചത്തിന്റെ ഉത്ഭവം (മഹാവിസ്ഫോടനം) മുതൽ അനശ്വരമായ രണ്ടാം പ്രപഞ്ചസൃഷ്ടിപ്പ് അടക്കമുള്ള ഒരു ദൈവിക പ്രോഗ്രാമാണ് അജൈവപ്രോഗ്രാം എന്നു മനസ്സിലാക്കാം.

## 'ജീവി' എന്ന ജൈവകമ്പ്യൂട്ടർ


ജീവാസ്തിത്വം ഈശ്വരസൃഷ്ടമായ ഒരു ജൈവപ്രോഗ്രാമി (bioprogram)ലാണെന്ന് ശാസ്ത്രത്തിന്റെയും ഖുർആന്റെയും അടിസ്ഥാനത്തിൽ പറയാവുന്നതാണ്. ഒരു സജീവ വസ്തു (organism) എത്ര ചെറുതായാലും എത്രവലുതായാലും പ്രകൃതിയിലെ ജൈവകമ്പ്യൂട്ടറാണ്, അല്ലെങ്കിൽ ജൈവറൊബോട്ടാണ്. ഒരു ജീവിയിൽ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറുമുണ്ട്. കോശമാണ് ജീവിയുടെ അടിസ്ഥാന ഏകകം (ചിത്രം 3.3). കോശങ്ങളും കോശങ്ങളാലുള്ള അവയവങ്ങളും ഹാർഡ്‌വെയർ വിഭാഗത്തിൽപെടുന്നു. ഈ രാസഘടകങ്ങളെ (അചേതന വസ്തുക്കളെ) ഒരു ജീവിയായി പ്രവർത്തിപ്പിക്കുന്നത് തികച്ചും അദൃശ്യമായി ഓരോ കോശത്തിലും സ്ഥിതിചെയ്യുന്ന അതിസൂക്ഷ്മ വിവര സംഭരണ അറകളായ ക്രോമൊസോമുകളിൽ സൂക്ഷിച്ചിട്ടുള്ള ദൈവിക ജൈവപ്രോഗ്രാം (ബയോപ്രോഗ്രാം) അല്ലെങ്കിൽ ജൈവസോഫ്റ്റ്‌വെയർ (ബയോസോഫ്റ്റ്‌വെയർ) ആകുന്നു. ഇതു തന്നെയാണ് പ്രകൃതിയിലെ ജൈവ വിവരം (biological information). ഒരു കമ്പ്യൂട്ടറിലെ സോഫ്റ്റ്‌വെയർ അദൃശ്യവും അഭൗതികവുമാണെങ്കിലും അതിനെ സൂക്ഷിക്കുവാൻ ഒരു ഭൗതിക മാധ്യമം (physical medium) ആവശ്യമാണെന്നപോലെ ജീവിയിലെ അഭൗതിക ബയോസോഫ്റ്റ്‌വെയർ സൂക്ഷിക്കാനും ഒരു ഭൗതിക മാധ്യമം (മെമറി) ആവശ്യമാണ്. കോശത്തിലെ ക്രോമൊസോമുകളാണ് ബയോസോഫ്റ്റ്‌വെയർ സൂക്ഷിക്കുന്ന മെമറി; അതായത് ജൈവകമ്പ്യൂട്ടറിന്റെ (ജീവിയുടെ) ഹാർഡ് ഡിസ്ക് (ചിത്രം 3.4). ആധുനിക കമ്പ്യൂട്ടറിലെ സോഫ്റ്റ്‌വെയർപോലെ ജീവിയിൽ സ്ഥാപിതമായിട്ടുള്ള (installed) ബയോസോഫ്റ്റ്‌വെയറും തികച്ചുമൊരു അദൃശ്യപ്രതിഭാസം തന്നെയാണ്. ഒരു കമ്പ്യൂട്ടറിന്റെ സോഫ്റ്റ്‌വെയറിനെ അതിന്റെ 'ആത്മാവ്' ആയി വിശേഷിപ്പിക്കാം. അങ്ങനെ ചിന്തിക്കുമ്പോൾ ദൈവിക ബയോസോഫ്റ്റ്‌വെയർ ജീവിയെന്ന ജൈവകമ്പ്യൂട്ടർ അല്ലെങ്കിൽ ജൈവറോബോട്ടിന്റെ ആത്മാവ് ആണ്. ഈ അദൃശ്യ ആത്മാവിനെയാണ് ഖുർആൻ

(A)




CM: കോശഭിത്തി;
C: സൈറ്റോപ്ലാസം;
M: മൈറ്റോകോണ്ട്രിയ;
G: ഗോൾ ഗെ ബോഡി;
R: റിബോസോമോടുകൂടിയ റെറ്റിക്കുലം;
L: ലയോസോം;
N: ന്യൂക്ളിയസ്;
n: ന്യൂക്ളിയോലസ്

(B)




ചിത്രം 3.3. ജന്തുകോശ (ബയോചിപ്പ്) ത്തിന്റെയും (A) മനുഷ്യനിർമ്മിതചിപ്പിന്റെയും (B) താരതമ്യം

**കുറിപ്പ്:** ബയോചിപ്പ് സൂക്ഷ്മവസ്തുവാണ്. ന്യൂക്ളിയസിലാണ് മെമറിയായ ക്രോമൊസോമുകളുള്ളത്.

'റൂഹ്' എന്ന അറബിപദംകൊണ്ട് സൂചിപ്പിക്കുന്നതെന്ന് ശാസ്ത്രീയമായി വ്യാഖ്യാനിക്കാം. മനുഷ്യന്റെ ആത്മാവിനു 'നഫ്സ്' എന്ന പദവും ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. റൂഹിന്റെ പ്രകൃതി-സ്വഭാവങ്ങളെക്കുറിച്ചു അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടില്ല. അത് അല്ലാഹുവിന്റെ കാര്യങ്ങളിൽപെട്ടതാണ് (ഖു.17:85). ജീവനില്ലാത്ത കളിമൺരൂപത്തിലേക്ക് അല്ലാഹു അവന്റെ റൂഹിൽ നിന്നും ഊതിയപ്പോഴാണ് അത് ജീവനുള്ള മനുഷ്യൻ (ആദം) ആയി മാറിയത് (ഖു. 15:28-29). "നിന്റെ രക്ഷിതാവ് മലക്കുകളോട് ഇപ്രകാരം പറഞ്ഞു: കറുത്ത ചെളിപാകപ്പെടുത്തിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായ രൂപത്തിലാക്കുകയും എന്റെ റൂഹിൽ (ബയോസോഫ്റ്റ്വെയർ)നിന്ന് അവനിൽ ഞാൻ ഊതുകയും ചെയ്താൽ സുജൂദ് ചെയ്യുന്നവരായിക്കൊണ്ട് നിങ്ങൾ വീഴുവിൻ." (ഖു. 15:26-29). ഇതിൽ നിന്നും മനസ്സിലാകുന്നത് ജീവന്റെ അസ്തിത്വം റൂഹാണെന്നാണ്. 'നഫ്സി'നെ (അല്ലെങ്കിൽ റൂഹിനെ) ജൈവശരീരത്തിൽ നിന്ന് നീക്കം ചെയ്യലാണ് (deletion) മരണം എന്ന് ഖുർആൻ വെളിപ്പെടുത്തുന്നു (ഖു. 6:93). അതായത് ശരീരകോശങ്ങളിൽനിന്ന് ബയോസോഫ്റ്റ്വെയർ നീക്കം ചെയ്യപ്പെട്ട അവസ്ഥയെ മരണം എന്ന് നിർവ്വചിക്കാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു മൃതശരീരം സോഫ്റ്റ്വെയർ ഇല്ലാത്ത കമ്പ്യൂട്ടർ പോലെയാണ്. അത് നിർജ്ജീവ വസ്തുവെപോലെ പെരുമാറു






**ചിത്രം 3.4. ബയോമെമറിയായ ക്രോമൊസോമിന്റെ സംവിധാനം**

കുറിപ്പ്: ബയോമെമറിയെ ധാരാളം സെക്ടറുകളായി തിരിച്ചിരിക്കുന്നു.

ന്നു. മേലുദ്ധരിച്ച ഖുർആൻ വചനത്തിൽ നിന്ന് 'ജീവൻ' എന്ന പ്രതിഭാസത്തെയും നിർവചിക്കാവുന്നതാണ്. 'ജീവൻ' എന്നത് ദൈവിക ബയോസോഫ്റ്റ്വെയർ നിർവ്വഹണത്തിന്റെ പ്രത്യക്ഷ സാക്ഷാൽക്കാരമാണ്. മനുഷ്യനിർമ്മിത പ്രോഗ്രാമനുസരിച്ച് പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ, റോബോട്ട് എന്നിവ കൃത്രിമ ജീവന്റെ (artificial life) രൂപങ്ങളായി കരുതാവുന്നതാണ്.

'ജീവൻ', 'മരണം' എന്നീ പ്രതിഭാസങ്ങൾ ഇന്നും ശാസ്ത്രലോകത്തിന് മനസ്സിലാക്കുവാനും, നിർവചിക്കുവാനും സാധ്യമായിട്ടില്ല. ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിൽ അഭൗതിക ജൈവസോഫ്റ്റ്വെയർ (റൂഹ്) ഒരു സത്യമാണെന്ന് അംഗീകരിച്ചു കമ്പ്യൂട്ടർ മാതൃകയുമായി സംയോജിപ്പിച്ചു വിശകലനം ചെയ്താൽ മാത്രമെ ജീവൻ, മരണ പ്രതിഭാസങ്ങൾ ശാസ്ത്രീയമായി വിശദീകരിക്കാനാവുകയുള്ളൂവെന്ന് ബോധ്യപ്പെടേണ്ടിയിരിക്കുന്നു. അത്പോലെ 'റൂഹ്', 'നഫ്സ്' എന്നീ ഖുർആൻ പദങ്ങൾ എന്തിനെയാണ് സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കുവാനും കമ്പ്യൂട്ടർ മാതൃക ഉപകരിക്കും.

ശാസ്ത്രലോകത്തിന് 'ജീവൻ', 'മരണം' എന്നീ പ്രതിഭാസങ്ങൾ മനസ്സിലാക്കാൻ സാധിക്കാത്തതിനുള്ള ഏക കാരണം ജീവികളിലുള്ള ജനിതക പ്രോഗ്രാമി (genetic program)നെ പദാർത്ഥവൽക്കരിച്ചതുകൊണ്ടാണ്. ജീൻ, ജീനോം എന്നീ സാങ്കേതിക പേരുകളിലറിയപ്പെടുന്ന കോശങ്ങളിലെ ഡി.എൻ.എ എന്ന രാസഘടനയാണ് ഒരു ജീവിയിലെ ജനിതകപ്രോഗ്രാം എന്നാണ് ജൈവശാസ്ത്രജ്ഞന്മാർ പറയുന്നത്. ഈ രാസഘടന ക്രോമൊസോമിന്റെ ഘടകവും കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ ഹാർഡ്വെയർ ഗണത്തിൽപെട്ടതുമാണ്. കമ്പ്യൂട്ടർ സിദ്ധാന്ത വീക്ഷണത്തിൽ ഒരു ഹാർഡ്വെയർ വസ്തുവെയാണ് ശാസ്ത്രജ്ഞന്മാർ സോഫ്റ്റ്വെയറായി കുതുന്നത്. ഭൗതിക പദാർത്ഥ പ്രതിഭാസങ്ങളിൽ മാത്രം വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാർ അഭൗതികവും അദൃശ്യവുമായ (ഉദാ.

റൂഹ്) പ്രതിഭാസങ്ങളോടു മുൻവിധിയോടെയുള്ള നിഷേധാത്മക സമീപനമാണ് കൈകൊള്ളുന്നത്. ജീവികളുടെ സ്വഭാവങ്ങളും അവയുടെ പിന്തുടർച്ചാരീതിയും വിശദീകരിക്കുന്നതിലേക്കായി രൂപപ്പെട്ട 'ജീൻ' സിദ്ധാന്തം 1909ൽ അതിന്റെ ആവിഷ്ക്കാരകനായ വിൽഹെം ജൊഹാൻസെൻ (Wilhelm Johannsen) അവതരിപ്പിക്കുമ്പോൾ നൽകിയ ജീനിനെ പദാർത്ഥവൽക്കരിക്കരുതെന്ന മുന്നറിയിപ്പ് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഈ മുന്നറിയിപ്പ് ഗൗനിക്കാതെ ശാസ്ത്ര ഗവേഷണഫലങ്ങളിൽ നിന്നും കാര്യമായ സൂചനകൾ പോലുമില്ലാതെ 1950കളിൽ ഉടലെടുത്ത 'പദാർത്ഥജീൻ' അല്ലെങ്കിൽ 'തന്മാത്രജീൻ' (molecular gene) സിദ്ധാന്തം എവിടെയും എത്താതെ നിൽക്കുകയാണ്. പദാർത്ഥജീൻ, ഖുർആൻ പറയുന്ന അഭൗതിക പ്രതിഭാസമായ റൂഹിനോടു യോജിക്കാത്ത ആശയമാണ്. എന്നാൽ ജൊഹാൻസെന്റെ അഭൗതികജീൻ ഖൂർആനോട് പൂർണ്ണമായും യോജിക്കുന്നതുമാണ്. പക്ഷെ ശാസ്ത്രജ്ഞസമൂഹത്തിലെ നിരീശ്വര വിഭാഗത്തിന് അത് അംഗീകരിക്കാനാവില്ല.

## പ്രോഗ്രാം ചെയ്യപ്പെട്ട ജൈവപരിണാമം

ജീവികളുടെ (species) സൃഷ്ടിപ്പിനെ സംബന്ധിച്ചു ഖുർആൻ കാര്യമായൊന്നും സൂചിപ്പിക്കുന്നില്ല. എല്ലാതരം ജീവികളും (മനുഷ്യനൊഴികെ) വെള്ളത്തിൽ നിന്നാണ് ഉണ്ടായതെന്നും (ഖു. 21:30), ഇഴയുന്നവയും, രണ്ടുകാലിൽ നടക്കുന്നവയും, നാലുകാലിൽ നടക്കുന്നവയുമെല്ലാം അവയിൽ പെടുമെന്നും ഖുർആൻ (ഖു. 24:45) വെളിപ്പെടുത്തുന്നു. ദൈവിക ബയോസോഫ്റ്റ്വെയറിനെ ആധാരമാക്കിയും, പ്രകൃതിയിലെ ബയോസോഫ്റ്റ്വെയർ എഞ്ചിനിയറിങ്ങ് പ്രക്രിയകളെ അടിസ്ഥാനമാക്കിയും, ജീവോൽപത്തിയെയും ജൈവപരിണാമത്തെയും സംബന്ധിച്ച ഒരു ശാസ്ത്ര സിദ്ധാന്തം എന്റെ രണ്ടു മുൻ ഗ്രന്ഥങ്ങളിൽ (The Computer Universe: A Scientific Rendering of the Holy Quran Dw An Introduction to Islamic Science Dw) ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സിദ്ധാന്തം ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിൽ നിന്നും വ്യത്യസ്തമാണ്. ഒരു ദൈവിക ബയോപ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ വ്യവഛേദ പ്രക്രിയ (differentiation)യിലൂടെ ഉരുത്തിരിഞ്ഞുവരുന്ന വ്യത്യസ്തങ്ങളായ ബയോസോഫ്റ്റ്വെയർ വഹിച്ചുള്ള അനേകായിരം കോശങ്ങളിൽ നിന്നും വികസിച്ചുണ്ടായ ദൃശ്യരൂപങ്ങളാണ് (phenotypes) ഭൂതലത്തിൽ കാണുന്ന ജീവികളെന്ന് ഈ സിദ്ധാന്തം സമർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾ മുകളിൽ കൊടുത്ത പുസ്തകങ്ങളിൽ ലഭ്യമാണ്.

## സൃഷ്ടി പ്രക്രിയ

അല്ലാഹു എങ്ങനെയാണ് വസ്തുക്കളെ സൃഷ്ടിക്കുന്നതെന്ന് ഖുർആനിൽ പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. ഈ പ്രക്രിയ കമ്പ്യൂട്ടർ



മാതൃകയിലൂടെ വിശദീകരിക്കാവുന്നതും മനസ്സിലാക്കാവുന്നതുമാണ്.

ഊർജ്ജ (energy)മാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടകം. പ്രപഞ്ചത്തിന്റെ എല്ലാ ഘടകങ്ങളും ഊർജ്ജത്തിന്റെ പല രൂപഭേദങ്ങളാണ്. എന്നാൽ ഊർജ്ജം എന്താണെന്ന അറിവ് അല്ലാഹു മനുഷ്യനു നൽകിയിട്ടില്ല. അത് അല്ലാഹുവിനു മാത്രം അറിയാവുന്ന അവന്റെ അദൃശ്യ കാര്യങ്ങളിൽപെട്ടതാണ്. ഖുർആനിൽ 'ഗയ്ബ്' എന്നും 'ശഹാദ' എന്നും രണ്ടു വിശേഷണങ്ങൾ കാണാം. 'ഗയ്ബി'നെ മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കതീതമായ ഊർജ്ജാവസ്ഥ എന്നു നിർവചിക്കാം. സൗകര്യത്തിനായി ഇതിനെ ചുരുക്കി 'അദൃശ്യാവസ്ഥ' എന്നു വിളിക്കാം. ഗയ്ബിന്റെ വിപരീതമെന്ന് വിശേഷിപ്പിക്കാവുന്നതാണ് 'ശഹാദ' എന്ന പദം. ഈ പദത്തെ 'മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ സഹായത്താൽ തിരിച്ചറിയാവുന്നതും അനുഭവിക്കാവുന്നതുമായ ഊർജ്ജാവസ്ഥ' എന്നു വ്യാഖ്യാനിക്കാം. ചുരുക്കിപ്പറഞ്ഞാൽ 'ദൃശ്യാവസ്ഥ' എന്നർത്ഥം. അല്ലാഹു ഇങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നത് മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുടെ കഴിവിന്റെ പരിധികൾക്കനുസരിച്ചാണ്. ഈ തരംതിരിക്കൽ മനുഷ്യന് മാത്രം ബാധകമായുള്ളതാണ്. മനുഷ്യനു ദൃശ്യമായതും അദൃശ്യമായതുമെല്ലാം അല്ലാഹു അറിയുന്നവനാണ് (ഖു. 59:22). ഈ രണ്ടു വ്യത്യസ്ത ഗണങ്ങളെ ആസ്പദമാക്കിക്കൊണ്ട് അല്ലാഹുവിന്റെ സൃഷ്ടിപ്രക്രിയയെ ശാസ്ത്രീയമായി മനസ്സിലാക്കാം.

അല്ലാഹുവെ സംബന്ധിച്ചിടത്തോളം സൃഷ്ടിക്കൽ എന്നത് 'ഉണ്ടാകൂ' എന്ന ആജ്ഞ കൊടുക്കൽ മാത്രമാണ്. ഖുർആൻ ഇങ്ങനെ വിവരിക്കുന്നു: "ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമ്മിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ; അത് ഉണ്ടാകുന്നു (ഖു. 2:117). ഇവിടെ ഒരു കാര്യം ഓർക്കേണ്ടത് 'ഉണ്ടാകൂ' എന്ന കൽപന കൊടുത്ത ഉടനെ അത് ഉണ്ടാകണമെന്നില്ല. അല്ലാഹുവിന്റെ പ്രോഗ്രാം നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ മാത്രമെ അത് പരിണമിച്ചുണ്ടാകുകയുള്ളൂ. അങ്ങനെ അല്ലായിരുന്നുവെങ്കിൽ പ്രപഞ്ചസൃഷ്ടിക്ക് ആറുദിവസം (അല്ലെങ്കിൽ മനുഷ്യൻ കണക്കാക്കുന്ന 6000 വർഷങ്ങൾ) വേണ്ടിവരില്ലായിരുന്നു.

മുകളിൽ ഉദ്ധരിച്ച സൂക്തത്തിൽ പ്രധാനമായും ശ്രദ്ധിക്കപ്പെടേണ്ടത് അല്ലാഹു 'ഉണ്ടാകൂ' എന്ന് കൽപിക്കുന്നത് സൃഷ്ടിക്കപ്പെടാൻ പോകുന്ന വസ്തുവോട് തന്നെയാണ്. 'അതിനോട്' എന്ന വാക്ക് അതാണ് സൂചിപ്പിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാകുന്നത് സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് തന്നെ എല്ലാ വസ്തുക്കളും അല്ലാഹുവിന്റെ പക്കൽ സ്ഥിതി ചെയ്യുന്നു എന്നതാണ്. മനുഷ്യന് അദൃശ്യമായ രൂപത്തിലാണ് അവ സ്ഥിതി ചെയ്യുന്നതെന്ന് വിവക്ഷ. ഈ അവസ്ഥ (ഗയ്ബ്) യിൽ നി

ന്നും മനുഷ്യന് ദൃശ്യമായ (ശഹാദ) രൂപത്തിലേക്ക് പരിണമിപ്പിക്കുന്ന പ്രക്രിയയാണ് 'സൃഷ്ടിപ്പ്' എന്നു നിർവചിക്കാം. ഈ മാറ്റത്തിനുവേണ്ടിയുള്ള കൽപനയാണ് അല്ലാഹു കൊടുക്കുന്നതെന്ന് ഈ സൂക്തത്തിന്റെ വെളിച്ചത്തിലും ദൃശ്യ-അദൃശ്യാവസ്ഥകളുടെ വിവരണത്തിൽ നിന്നും അനുമാനിക്കാവുന്നതാണ്. സൃഷ്ടിക്കപ്പെട്ടതും സൃഷ്ടക്കപ്പെട്ടിട്ടില്ലാത്തതുമായ എല്ലാ വസ്തുക്കളും അദൃശ്യാവസ്ഥയിൽ അല്ലാഹുവിന്റെ പക്കൽ നിലകൊള്ളുന്നുണ്ടെന്ന് സാരം. ഊർജ്ജത്തിന്റെ അദൃശ്യാവസ്ഥയാണത്. ആ അവസ്ഥയെ ദൈവിക സോഫ്ട്വെയർ എന്ന് വിളിക്കാം. അതായത് എല്ലാ വസ്തുക്കളും മനുഷ്യനു അദൃശ്യമായ അവസ്ഥയിൽ (സോഫ്ട്വെയർ രൂപത്തിൽ) അല്ലാഹുവിങ്കൽസ്ഥിതിചെയ്യുന്നുണ്ടെന്നു സാരം. ഏതെങ്കിലും വസ്തുവിനെയോ, പ്രതിഭാസത്തെയോ അല്ലാഹു സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം അതിന്റെ സോഫ്ട്വെയറോടു 'ഉണ്ടാകൂ' എന്ന ആജ്ഞ കൊടുക്കുന്നു. അപ്പോൾ ആ സോഫ്ട്വെയർ അദൃശ്യസ്ഥിതിയിൽ നിന്നും മനുഷ്യനു ദൃശ്യമായ രൂപത്തിലേക്ക് പരിണമിക്കുന്നു. ഈ രൂപാന്തരപ്രക്രിയയാണ് സൃഷ്ടിപ്പ്.

ഖുർആൻ വചനം 'അതിനോടു ഉണ്ടാകൂ എന്ന് അല്ലാഹു പറയുമ്പോൾ അതുണ്ടാകുന്നു' എന്നത് മനുഷ്യ ഭാഷ്യത്തിൽ 'ഒരു കാര്യം നിർവ്വഹിക്കാൻ കമ്പ്യൂട്ടർ കീബോർഡിൽ ഒരു ബട്ടൺ അമർത്തിയാൽ മതി' എന്നത് പോലെയാണ്. ഉദാഹരണത്തിന്, ഒരു കത്ത് പ്രിന്റ് ചെയ്യണമെന്നിരിക്കട്ടെ. ആ കത്ത് കമ്പ്യൂട്ടറിൽ മനുഷ്യനു ആദൃശ്യമായ (ഗയ്ബ്) നിലയിൽ സ്ഥിതി ചെയ്യുകയാണ്. അത് പ്രിന്റ് ചെയ്യുവാനുള്ള ആജ്ഞ (command) കീബോർഡ് വഴിയോ, മൗസ് വഴിയോ കൊടുത്താൽ കമ്പ്യൂട്ടർ ആ കത്തിനെ ആദൃശ്യാവസ്ഥയിൽനിന്നു മനുഷ്യനു ദൃശ്യമായ (ശഹാദ) രൂപത്തിലേക്കു (അതായത് ഹാർഡ്കോപി) മാറ്റുന്നു. ഇതു തന്നെയാണ് സൃഷ്ടിപ്പു പ്രക്രിയയുടെ രീതിയും. സമീപ ഭാവിയിൽ മനുഷ്യ ശബ്ദം തിരിച്ചറിയാൻ ശേഷിയുള്ള കമ്പ്യൂട്ടറുകളായിരിക്കും നമ്മൾ ഉപയോഗിക്കുക. അതിനുതകുന്ന സോഫ്റ്റ്വെയറുകൾ ഇപ്പോൾ തന്നെ വികസിപ്പിച്ചെടുക്കപ്പെട്ടിട്ടുണ്ട്. അവ പ്രായോഗികമായാൽ കമ്പ്യൂട്ടറിന് കീബോർഡോ, മൗസോ ആവശ്യമായി വരില്ല. നമ്മൾ വായകൊണ്ട് കൽപിക്കുമ്പോൾ കമ്പ്യൂട്ടർ അതനുസരിച്ചു പ്രവർത്തിക്കും. ഖുർആനിൽ പ്രസ്താവിച്ച സൃഷ്ടിപ്രക്രിയയുടെ കൃത്രിമരൂപമായിരിക്കും ആ സാങ്കേതികവിദ്യ. ഈ ഉപമയിലൂടെ അദൃശ്യം ദൃശ്യമായി മാറുന്നതാണ് നാം കാണുന്നത്. അല്ലാഹുവെ സംബന്ധിച്ചിടത്തോളം സോഫ്റ്റ്വെയറിലേക്ക് കൽപന കൊടുക്കുകയേ വേണ്ടൂ, അത് മനുഷ്യനു ദൃശ്യമായ രൂപത്തിലേക്ക് പരിണമിക്കും. അതായത് ദൈവിക സോഫ്ട്വെയറിനു അല്ലാഹു ആജ്ഞ കൊടുത്താൽ ആദൃശ്യമായ (ഗയ്ബ്) നിലയിൽനിന്നു മനുഷ്യനു ദൃശ്യമായ അവസ്ഥയിലേക്കു അതിനു സ്വയം രൂപാന്തരപ്പെടാനുള്ള ശേഷിയുണ്ടെന്നു സാരം.



ഈ വിശദീകരണം, ഊർജ്ജം (അദൃശ്യ ദൈവിക സോഫ്റ്റ്വെയർ) എങ്ങനെയുണ്ടായി എന്ന ചോദ്യത്തിലേക്കുനയിക്കുന്നു. അതിന്റെ ഉത്തരവും ഖുർആനിൽനിന്ന് അനുമാനിക്കാവുന്നതാണ്. അല്ലാഹുവിന്റെ വചനങ്ങൾ തന്നെയാണ് മനുഷ്യനു അദൃശ്യമായ ദൈവിക സോഫ്റ്റ്വെയർ അഥവാ ഊർജ്ജമെന്നു ഖുർആനിലെ ചില സൂക്തങ്ങളിൽനിന്നു മനസ്സിലാകുന്നത്. "ഭൂമീ! നിന്റെ വെള്ളം നീ വിഴുങ്ങൂ. ആകാശമേ! മഴ നിർത്തൂ! എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു. അത് (നൂഹ് നബിയുടെ കപ്പൽ) ജൂദി പർവ്വതത്തിന് മേൽ ഉറച്ചുനിൽക്കുകയും ചെയ്തു. അക്രമികളായ ജനതയ്ക്ക് നാശം എന്ന് പറയപ്പെടുകയും ചെയ്തു.'' (ഖു. 11:44). അല്ലാഹുവിന്റെ നിർദ്ദേശം (വചനം) പ്രാവർത്തികമാകുന്നതാണ് ഈ സൂക്തത്തിൽനിന്നു മനസ്സിലാകുന്നത്. മറ്റൊരു സൂക്തം പറയുന്നത് അല്ലാഹുവിന്റെ വചനമാണ് യേശുക്രിസ്തുവായി പരിണമിച്ചതെന്നാണ്. "മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽനിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും." (ഖു. 3:45). ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ വചനങ്ങൾ തന്നെയാണ് അദൃശ്യ സോഫ്റ്റ്വെയർ അഥവാ ഊർജ്ജം (energy). ഖുർആനിലെ ചില സൂക്തങ്ങൾ അല്ലാഹുവിന്റെ 'വചനങ്ങൾ'(കലിമാത്) എണ്ണമറ്റതാണെന്നും വെളിപ്പെടുത്തുന്നു: "ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനയായിരിക്കുകയും, സമുദ്രം മഷിയാവുകയും അതിനുപുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (ഖു. 31:27). അല്ലാഹുവിന്റെയടുക്കൽ സൂക്ഷിച്ചുവെക്കപ്പെട്ട അദൃശ്യ സോഫ്റ്റ്വെയറുകളെയാണ് (അതായത് ദൈവിക വചനങ്ങളെയാണ്) ഈ സൂക്തം സൂചിപ്പിക്കുന്നതെന്നു മനസ്സിലാക്കാം.

മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു: ".... ഓരോ കാലാവധിക്കും ഓരോ ഗ്രന്ഥമുണ്ട്. അല്ലാഹു താനുദ്ദേശിക്കുന്നത് മാച്ചുകളയുകയും (താനുദ്ദേശിക്കുന്നത്) സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂല ഗ്രന്ഥം (ഉമ്മുൽ കിതാബ്) അവന്റെ പക്കലാണുള്ളത്." (ഖു. 13:38-39). ഇത് വ്യക്തമാക്കുന്നത് ഓരോ കാലഘട്ടത്തിനുമുള്ള പദ്ധതി (പ്രോഗ്രാം) അല്ലാഹുവിന്റെ പക്കലുണ്ടെന്നാണ്. ആ പ്രോഗ്രാമിൽ അവൻ ഉദ്ദേശിക്കുന്നതുപോലെ മാറ്റം വരുത്തുകയോ, സ്ഥിരീകരിക്കുകയോ


ചെയ്യുന്നതാണെന്നും, അവയെല്ലാം തന്നെ ഒരു മൂലഗ്രന്ഥത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ്. മറ്റൊരു സ്ഥലത്ത്, ഖുർആൻ സൂക്തങ്ങൾ സൂക്ഷിച്ചുവെക്കപ്പെട്ട വിവരവും അറിയിക്കുന്നു (ഖു. 85:21–22): “അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലക (അൽ-ലൗഹുൽമഹ്ഫൂള്)ത്തിലാണ് അതുള്ളത്.” ഇടക്കൊന്നു പറയട്ടെ, സൂറത്തുൽബഖറ തുടങ്ങുന്ന മൂന്നു അക്ഷരങ്ങളായ അലിഫ്–ലാം–മീം സംക്ഷേപിക്കുന്നത് അൽ–ലൗഹുൽമഹ്ഫൂള് എന്ന ഫലകത്തെയാവാം. കാരണം ഈ അക്ഷരങ്ങൾക്ക് ശേഷം ഖുർആൻ പറയുന്നത് ഇങ്ങനെയാണ് (ഖു: 2:1–2): “അതാകുന്നു ഗ്രന്ഥം, അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.” അലിഫ്–ലാം–മീം എന്ന അക്ഷരങ്ങൾക്ക് ശേഷം “അതാകുന്നു ഗ്രന്ഥം” എന്നാണ് ഖുർആനിൽ പറയുന്നത്. “ഇതാകുന്നു ഗ്രന്ഥം” എന്നല്ല. അപ്പോൾ അത് അലിഫ്–ലാം–മീം എന്ന അക്ഷരങ്ങൾ സൂചിപ്പിക്കുന്ന ഗ്രന്ഥത്തെയാണ് പരാമർശിക്കുന്നത്. എന്റെ സുഹൃത്തായ എഞ്ചിനിയർ ബി.കെ. അഹമ്മദ് സാഹിബിൽ നിന്നും മനസ്സിലാക്കിയ അലിഫ്-ലാം–മീം എന്ന അക്ഷരങ്ങളുടെ വ്യാഖ്യാനമാണിവിടെ നൽകിയത്.

മേൽ വിവരണത്തിൽനിന്നും അനുമാനിക്കാവുന്നത് അല്ലാഹുവിന്റെ വചനങ്ങൾ (നിർദ്ദേശങ്ങൾ) തന്നെയാണ് ദൈവിക സോഫ്റ്റ്‌വെയർ എന്നാണ്. ഈ സോഫ്റ്റ്‌വെയറുകളെല്ലാം തന്നെ കമ്പ്യൂട്ടർ മെമറിയിൽ സൂക്ഷിക്കപ്പെട്ട വിവരങ്ങൾപോലെ ഒരു ദൈവിക മെമറിയിൽ സൂക്ഷിക്കപ്പെട്ടുവെച്ചിരിക്കയാണെന്നും കരുതാം. അങ്ങനെ നോക്കുമ്പോൾ അദൃശ്യമായ ഊർജ്ജം അല്ലാഹുവിന്റെ വചനങ്ങളായ സോഫ്റ്റ്‌വെയർ തന്നെയാണെന്ന് വ്യാഖ്യാനിക്കാം. അല്ലാഹു എന്തെങ്കിലും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുമ്പോൾ അതിന്റെ സോഫ്റ്റ്‌വെയറിനോടാണ് ‘ഉണ്ടാകൂ’ എന്ന കൽപനകൊടുക്കുന്നതും അത് ദൃശ്യ (ശഹാദ) രൂപത്തിലേക്ക് പരിണമിക്കുന്നതും. അല്ലാഹുവിന്റെ വചനങ്ങൾ (കലിമാത്) ഊർജ്ജമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അത്കൊണ്ട് ഉദ്ദേശിക്കുന്നത് ഊർജ്ജമെന്നത് അല്ലാഹുവിന്റെ നിർദ്ദേശങ്ങളടങ്ങിയ അദൃശ്യപ്രതിഭാസമെന്നാണ്. ഈ നിർദ്ദശങ്ങളനുസരിച്ചാണ് പ്രപഞ്ചത്തിന്റെ ഓരോ ഘടകവും അതിന്റേതായ സ്വഭാവങ്ങളും പെരുമാറ്റ രീതികളും പ്രകടിപ്പിക്കുന്നത്. “ഓരോ ആകാശത്തിനും അതിന്റെ കല്പന അവൻ (അല്ലാഹു) നിർദ്ദേശിക്കുകയും ചെയ്തു” (ഖു. 41:12) എന്ന ഖുർആൻ വാക്യം സൂചിപ്പിക്കുന്നതും അല്ലാഹുവിന്റെ വചനങ്ങളാണ് (സോഫ്റ്റ്‌വെയർ) ദൃശ്യമായി രൂപാന്തരപ്പെട്ട ഈ പ്രപഞ്ചം എന്നതുതന്നെയാണ്. പ്രപഞ്ചോൽപത്തിയും, പ്രപഞ്ചഘടകങ്ങളുടെ സ്വഭാവങ്ങളും പ്രവർത്തനരീതികളും എങ്ങനെയുണ്ടായെന്ന് ശാസ്ത്രത്തിലൂടെയല്ല അല്ലാഹു നമുക്ക് വിശദീകരിച്ചുതരുന്നത്, ഖുർആനിലൂടെയാണ്.



## പ്രപഞ്ചഭരണ സംവിധാനം

പ്രപഞ്ചസൃഷ്ടിക്കുശേഷം പ്രോഗ്രാമറായ അല്ലാഹു തന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി (ഖു. 25:59). പ്രപഞ്ചം സ്വയം നിയന്ത്രിതമാക്കിയാണ് സൃഷ്ടിക്കപ്പെട്ടതെങ്കിലും, അല്ലാഹു അവന്റെ ഇച്ഛാനുസരണം ഏതു കല്പനയും അതിനു നൽകുകയും ചെയ്യുന്നു (ചിത്രം 3.5). ദൈവസാമ്രാജ്യത്തിൽ പ്രത്യേകം ചുമതലകൾ ഏൽപിക്കപ്പെട്ട ധാരാളം മലക്കുകൾ ഉണ്ട്. അല്ലാഹുവിന്റെ സന്ദേശവാഹകരായി പ്രവർത്തിക്കുന്ന മലക്കുകൾ (ഖു. 15:51–53; 35:1), മനുഷ്യനെ മരിപ്പിക്കുന്ന ചുമതല ഏൽപ്പിക്കപ്പെട്ട മലക്കുകൾ (ഖു. 32:11; 47.27), നരകത്തിന്റെ കാവൽക്കാർ (ഖു. 66:6), വിവരങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകൾ (ഖു. 50:17–18; 10:21; 82:10–12), സ്വർഗ്ഗത്തിന്റെ കാവൽക്കാർ (ഖു. 13:23–24), അല്ലാഹുവിന്റെ സിംഹാസനവാഹകർ (ഖു. 40:7) എന്നിങ്ങനെ അനവധി വ്യത്യസ്ത ജോലികൾ ചെയ്യുന്ന മലക്കുകൾ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. മലക്കുകൾ അവരെ എൽപ്പിക്കപ്പെട്ട ജോലികൾ കണിശമായും കൃത്യമായും നിർവ്വഹിക്കുന്നു (ഖു. 6:61; 21:27; 66:6). അത്കൊണ്ട് മലക്കുകളെ വകതിരിവുള്ള (intelligent) സമർപ്പിത (dedicated)




*ചിത്രം 3.5. പ്രപഞ്ചം ഒരു ദൈവിക കമ്പ്യൂട്ടർ വ്യവസ്ഥയെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രപഞ്ചത്തിന്റെ ഭരണ മാതൃക*

റോബോട്ടുകളായി കരുതാവുന്നതാണ്. ദൈവം ഒരു കൽപന നൽകുമ്പോൾ ബന്ധപ്പെട്ട മലക്ക് അത് ഏറ്റെടുക്കുകയും യുക്തമായ പ്രോഗ്രാമിലൂടെ അത് നിർവ്വഹിക്കുകയും ചെയ്യുന്നു എന്ന് അനുമാനിക്കാം.


അല്ലാഹു ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു (ഖു. 32:5). പ്രപഞ്ചത്തിന്റെ എല്ലാ നിർവ്വഹണ കാര്യങ്ങളിലുമുള്ള നിയന്ത്രണം അല്ലാഹുവിന്റെ കൈയ്യിലാണെന്നാണ് ഈ സൂക്തം വെളിപ്പെടുത്തുന്നത്. ഭൂമിയിൽ പ്രവേശിക്കുന്നതും, അതിൽ നിന്നു പുറത്തു വരുന്നതും, ആകാശത്തിൽ പ്രവേശിക്കുന്നതും, അതിൽ നിന്ന് ഇറങ്ങുന്നതുമായ എല്ലാ സംഗതികളും അല്ലാഹുവിന്റെ അറിവോടുകൂടിയാണ് (ഖു. 34:2). മാത്രമല്ല, എല്ലാ വിവരങ്ങളും രേഖപ്പെടുത്തിവെക്കപ്പെടുന്നു (ഖു. 22:70). കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ ദൈവിക മെമറിയിൽ എല്ലാ വിവരങ്ങളും ലഭ്യമാണെന്നാണ്. ഇത് സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിൽ നിന്ന് ദൈവ സിംഹാസനത്തിലേക്കും, അവിടെ നിന്ന് പ്രപഞ്ചത്തിലേക്കും വിവരങ്ങൾ അയക്കപ്പെടുന്നുവെന്നും അവ രണ്ടും ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ടെന്നുമാണ്. ഈ ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിലാണ് കമ്പ്യൂട്ടർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തിന്റെ ഭരണ സംവിധാന മാതൃക ചിത്രം 3.5ൽ കാണിച്ചിരിക്കുന്നത്. അതിൽ കാണിച്ച ദൈവിക മെമറിയിൽ അല്ലാഹുവിന്റെ എല്ലാ വചനങ്ങളും (സോഫ്റ്റ്‌വെയർ), ഖുർആന്റെ മൂലഗ്രന്ഥവും, പ്രപഞ്ചവിവരങ്ങളും എല്ലാംതന്നെ പലഭാഗങ്ങളിലായി (sectors) സൂക്ഷിച്ചിരിക്കുന്നുവെന്നു കരുതാം.



# 4
# മനുഷ്യസൃഷ്ടിപ്പ്

മനുഷ്യൻ *(Homo sapiens)* ഭൂമിയിലെ ലക്ഷക്കണക്കിനുള്ള ജീവികളിൽ സ്വതന്ത്രേച്ഛയും (freewill), ബുദ്ധിയും (intelligence), ബോധ (consciousness)വുമുള്ള ഒരേയൊരു ജീവിയാണ്. മറ്റിതര ജീവികളെ സൂക്ഷ്മജീവികൾ (microbes), സസ്യങ്ങൾ, ജന്തുക്കൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ഇവയ്ക്കൊന്നിനും ഈ ഗുണങ്ങൾ അല്ലാഹു നൽകിയിട്ടില്ല. അവ മനുഷ്യന്റെ മാത്രം സവിശേഷതകളാണ്.

മനുഷ്യനെ ജന്തുവർഗ്ഗത്തിലെ ഒരു ജീവിയായാണ് ശാസ്ത്രം കാണുന്നത്. ഡാർവിന്റെ പരിണാമ സിദ്ധാന്തപ്രകാരം ജന്തുവർഗ്ഗത്തിന്റെ തുടർച്ചയായാണ് മനുഷ്യൻ ഉത്ഭവിച്ചതെന്നും ചിമ്പാൻസിയെന്ന (ചിത്രം 4.1) മൃഗത്തിൽ നിന്ന് പരിണമിച്ചുണ്ടായതാണ് മനുഷ്യൻ എന്നുമാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. പക്ഷേ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് പരിണാമ സിദ്ധാന്തത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടാണ്. മനുഷ്യനെ ദൈവലോകത്ത് സ്വതന്ത്രമായി ഒരു പ്രത്യേക പ്രക്രിയയിലൂടെയാണ് സൃഷ്ടിച്ചതെന്ന് ഖുർആൻ പറയുന്നു: "നിന്റെ രക്ഷിതാവ് മലക്കുകളോട് ഇപ്രകാരം പറഞ്ഞു: കറുത്ത ചെളിപാകപ്പെടുത്തിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായ രൂപത്തിലാക്കുകയും എന്റെ റൂഹിൽ (ബയോസോഫ്റ്റ്‌വെയർ)നിന്ന് അവനിൽ ഞാൻ ഊതുകയും ചെയ്താൽ സുജൂദ് ചെയ്യുന്നവരായിക്കൊണ്ട് നിങ്ങൾ വീഴുവിൻ." (ഖു. 15:26–29). കളിമണ്ണ്കൊണ്ടുള്ള മനുഷ്യപ്രതിമയിലേക്ക് ദൈവിക റൂഹ് ഊതപ്പെട്ടപ്പോൾ ആദ്യമനുഷ്യൻ ഉണ്ടായി എന്ന പ്രസ്താവനയിൽ നിന്നും മനസ്സിലാകുന്നത്, നിർജ്ജീവവസ്തുവായ കളിമണ്ണ് കൊണ്ടുണ്ടാക്കിയ മനുഷ്യ രൂപത്തിൽ 'റൂഹ്' (ബയോസ്ഫ്റ്റ്‌വെയർ) സ്ഥാപിക്കപ്പെട്ടപ്പോൾ (install) ജീവനു



*ചിത്രം 4.1. മനുഷ്യനും*
*ചിമ്പാൻസിയെന്ന മൃഗവും*

*കടപ്പാട്:* (2004) A DNA Recombination "Hotspot" in Humans Is Missing in Chimps. PLoS Biol 2(6): e192.


ള്ള മനുഷ്യനായി (ആദം) അ
ത് രൂപാന്തരപ്പെട്ടുവെന്നാണ്.
അതായത് ഒരു കമ്പ്യൂട്ടറിൽ
സോഫ്റ്റ്‌വെയർ സ്ഥാപിക്ക
പ്പെട്ടാൽ അതിനു 'ജീവൻ' വ
രുന്നതുപോലെ. നേരത്തെ പ്ര
തിപാദിച്ചതുപോലെ 'റൂഹ്'
എന്ന അദൃശ്യ ബയോസോ
ഫ്റ്റ്‌വെയറാണ് ജീവൻ എന്ന
പ്രതിഭാസത്തിന്റെ അസ്തി
ത്വം. ആദമിൽ സ്ഥാപിക്കപ്പെ
ട്ട റൂഹി (ബയോസോഫ്റ്റ്‌വെ
യർ)നെ ഖുർആനിൽ 'നഫ്
സ്' എന്നും വിളിക്കുന്നുണ്ട്.
ആദമിന്റെ നഫ്സിൽ നിന്നാ
ണ് ആദ്യത്തെ സ്ത്രിയെയും
(ഹവ്വാ) പിന്നീട് അവരിൽ നി
ന്നും മനുഷ്യ സമൂഹത്തെ മു
ഴുവനും അല്ലാഹു സൃഷ്ടിക്കു
ന്നത് (ഖു. 4:1). അതായത് മ
നുഷ്യസമൂഹം ഏക ബയോ
സോഫ്റ്റ്‌വെയറിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന അനേകം വ്യത്യസ്
ത ബയോസോഫ്റ്റ്‌വെയറുകളാണെന്ന് സാരം.

ആദമിന്റെ 'നഫ്സി'ൽ നിന്നാണ് ആദമിന്റെ ഇണയായ ഹവ്വായെ
സൃഷ്ടിച്ചതെന്നു പറയുമ്പോൾ പുരുഷന്റെയും സ്ത്രീയുടെയും കോ
ശങ്ങളിലെ ക്രോമൊസോമുകളുടെ വ്യത്യാസങ്ങളിലേക്കാണ് വിരൽ
ചൂണ്ടുന്നത്. ഒരു ജീവിയുടെ കോശത്തിലെ ബയോസോഫ്റ്റ്‌വെയർ
സൂക്ഷിക്കുന്ന ഘടകം (hard disk) ക്രോമൊസോമുകളാണല്ലോ (ചിത്രം
3.4 കാണുക). മനുഷ്യകോശങ്ങളിൽ 23 ജോഡി (diploid, 2n) ക്രോമൊ
സോമുകളുള്ളതിൽ 22 ജോഡി ഓട്ടോസോമുകളും (autosomes) ഒരു ജോ
ഡി സെക്സ് ക്രോമൊസോമുകളുമാണ്. ഈ സെക്സ് ക്രോമൊസോ
മുകളിലാണ് ലിംഗം നിർണ്ണയിക്കുന്ന പ്രോഗ്രാം (അതായത് ബയോ
സോഫ്റ്റ്‌വെയറിലെ ലിംഗനിർണ്ണയത്തിനുള്ള നിർദ്ദേശങ്ങൾ) സൂക്ഷി
ച്ചിരിക്കുന്നത്. പുരുഷന്റെ സെക്സ് ക്രോമൊസോമുകളിൽ ഒന്ന് X ക്രോ
മൊസോമും, മറ്റൊന്ന് Y ക്രോമൊസോമുമായിരിക്കും. സ്ത്രീകളിൽ ര
ണ്ടും X ക്രോമൊസോമുകളായിരിക്കും. അതായത് സ്ത്രീയുടെ കോശ
ങ്ങളിൽ XXഉം പുരുഷനിൽ XY യുമായിരിക്കും സെക്സ് ക്രോമൊസോ



മുകളുടെ ഘടന. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കോശത്തിൽ XX സെ
ക്സ് ക്രോമൊസോമുകളാണുള്ളതെങ്കിൽ അത് സ്ത്രീയും, XY ജോ
ഡിയാണെങ്കിൽ അത് പുരുഷനുമായിരിക്കും. ഇതിൽ നിന്നും മനസ്സി
ലാക്കേണ്ടത്, അല്ലാഹു നിർണ്ണയിച്ച ഈ ക്രോമൊസോം ഘടനയനു
സരിച്ച് പുരുഷകോശത്തിൽ നിന്നുമാത്രമെ ആണിനെയും, പെണ്ണി
നെയും സൃഷ്ടിക്കാനാവൂ എന്ന വസ്തുതയാണ്. ഹവ്വായെ സൃഷ്ടിച്ച
ത് ആദമിന്റെ 'നഫ്സി'ൽ നിന്നാണെന്ന് ഖുർആൻ പറയുമ്പോൾ അ
തിൽനിന്ന് മനസ്സിലാകുന്നത് ഹവ്വായിൽ ആദമിന്റെ 22 ഓട്ടോസോമുക
ളും, ആദമിന്റെ X ക്രോമൊസോമിനെ ഇരട്ടിപ്പിച്ചുണ്ടാക്കിയ ഒരു ജോ
ഡി X ക്രോമൊസോമുകളെന്നുമാണ്. ഇടക്കൊന്നു പറയട്ടെ, ബൈബിൾ
പഴയനിയമത്തിലും ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നുമാണെന്നും
ദൈവത്തിന്റെ 'ജീവശ്വാസം' അതിൽ ഊതിക്കൊണ്ടുമാണെന്നും കാ
ണാം (ഉൽപത്തി 2:7). കൂടാതെ ഹവ്വായെ സൃഷ്ടിച്ചത് ആദമിന്റെ ഒരു
വാരിയെല്ലിൽ നിന്നുമാണെന്നും പഴയനിയമത്തിൽ പറയുന്നു (ഉൽപ
ത്തി 2:21–22). ഇവിടെ 'ആദമിന്റെ വാരിയെല്ല്' ഒരു ഉപമാലങ്കാരമായി
എടുക്കുമ്പോൾ അത് സൂചിപ്പിക്കുന്നത് ഒരു ക്രോമൊസോമിനെ (ത
ക്രോമൊസോമിനെ)യാണെന്നു മനസ്സിലാക്കാം. മനുഷ്യവാരിയെല്ലുക
ളുടെ ഘടന ക്രോമൊസോം ഘടനയുമായി താരതമ്യം ചെയ്യുമ്പോൾ
ഈ സാധർമ്യം വ്യക്തമാകുന്നതാണ് (ചിത്രം 4.2). അതായത് ക്രോ
മൊസോമിന്റെ രണ്ടു ഭുജങ്ങൾ സെൻട്രോമിയറിന്റെ ഇരുവശത്തായി
ഘടിപ്പിക്കപ്പെട്ടിട്ടുള്ളതുപോലെയാണ് ഒരു നട്ടെല്ലിന്റെ (vertebra) ഇരുവ
ശത്തുമായി ഓരോ വാരിയെല്ല് ഘടിപ്പിച്ചിട്ടുള്ളത്. ക്രോമൊസോമുക
ളുമായി രൂപസാദൃശ്യമുള്ള മനുഷ്യശരീരത്തിലെ ഏക അവയവമാണ്
വാരിയെല്ല്. ആദമിന്റെ വാരിയെല്ലിൽ നിന്നാണ് ഹവ്വായെ സൃഷ്ടിച്ചിട്ടു
ള്ളതെന്ന് പറയുന്നതിന്റെ സാരം ആദമിന്റെ X ക്രോമൊസോമിൽ നി
ന്നുമാണ് ഹവ്വായെ സൃഷ്ടിച്ചതെന്നാണ്.

ആദം–ഹവ്വാ ദമ്പതികളിൽനിന്നുണ്ടായ സന്തതികളും തുടർന്നുണ്ടാ
യ തലമുറകളുമാണ് മനുഷ്യസമുദായം. ആദമിന്റെ നഫ്സിൽ നിന്നാ
ണ് ആദ്യത്തെ സ്ത്രിയെയും (ഹവ്വാ) പിന്നീട് അവരിൽ നിന്നുമാണ് മ
നുഷ്യ സമൂഹത്തെ മുഴുവനും അല്ലാഹു സൃഷ്ടിക്കുന്നതെന്നു ഖുർ
ആൻ പറയുമ്പോൾ (ഖു. 4:1) അതിൽനിന്നു വ്യക്തമാകുന്നത് ഒരേ
യൊരു ബയോസോഫ്റ്റ്‌വെയറിൽ (ആദമിന്റെ നഫ്സ്)നിന്നും ഉരുത്തി
രിഞ്ഞ വ്യത്യസ്ത ബയോസോഫ്റ്റ്‌വെയറുകളാണ് തലമുറകളായി മ
നുഷ്യവർഗത്തെ സൃഷ്ടിക്കുന്നതെന്നാണ്. വ്യക്തികൾ തമ്മിലുള്ള ബ
യോസോഫ്റ്റ്‌വെയറിലെ വ്യത്യാസങ്ങളെല്ലാം തന്നെ ആദമിന്റെ ബയോ
സോഫ്റ്റ്‌വെയറിലുള്ള പ്രത്യേക ദൈവികപ്രോഗ്രാമിന്റെ അടിസ്ഥാന
ത്തിലാണുണ്ടാകുന്നതെന്നും നമുക്ക് അനുമാനിക്കാം. വ്യത്യസ്തങ്ങ




**ചിത്രം 4.2. മനുഷ്യവാരിയെല്ലും ക്രോമൊസോമും തമ്മിലുള്ള സാധർമ്യം**

ളായ ബയോസോഫ്റ്റ്‌വെയറുകൾ സൃഷ്ടിക്കപ്പെടുന്നത് കോശങ്ങളിൽ നടക്കുന്ന ക്രോമൊസോമുകളുടെ ഘടനാപരമായ മാറ്റങ്ങളുണ്ടാകുന്നതിനുതകുന്ന ചില പ്രക്രിയകളുടെ ഫലമായാണ്. ക്രോമൊസോമുകൾ തമ്മിലുള്ള ഭാഗങ്ങൾ കൈമാറുക, ഒരു ക്രോമൊസോമിൽ തന്നെ ഭാഗങ്ങൾ പുനഃക്രമീകരിക്കുക എന്നിങ്ങനെയുള്ള ധാരാളം പ്രക്രിയകൾ കോശത്തിൽ നടക്കുന്നുണ്ട്. ബയോസോഫ്റ്റ്‌വെയറിൽ അടങ്ങിയിരിക്കുന്ന ദൈവികനിർദ്ദേശങ്ങൾ ക്രോമൊസോമുകളിൽ പല സെക്ടറുകളായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതിനാൽ ക്രോമൊസോമിന്റെ ഭാഗങ്ങൾ മാറ്റി സ്ഥാപിക്കപ്പെടുമ്പോൾ അതനുസരിച്ചു ബയോസോഫ്റ്റ്‌വെയറിനും (ജൈവ വിവരം) വ്യതിയാനം സംഭവിക്കുന്നു. ഈ പ്രക്രിയകളെല്ലാംതന്നെ ബയോസോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രത്യേക പ്രോഗ്രാം അനുസരിച്ചാണ് നടക്കുന്നതെന്ന് പറയേണ്ടതില്ലല്ലോ. അങ്ങനെ നടക്കുന്ന പ്രക്രിയയിലൂടെയാണ് വ്യത്യസ്തങ്ങളായ ബയോസോഫ്റ്റ്‌വെയർ വഹിച്ചുള്ള പുരുഷ ബീജങ്ങളും സ്ത്രീയുടെ അണ്ഡങ്ങളും ഉണ്ടാകുന്നത്. പുരുഷന്റെ ഒരു തുള്ളി ശുക്ളത്തിൽ അനേകായിരം ബീജങ്ങളുണ്ടായിരിക്കും. സ്ത്രീ–പുരുഷ സംയോഗത്തെ തുടർന്ന് ഏതു ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി ചേരേണ്ടതെന്ന് നിർണ്ണയിക്കുന്നതും അവയിലടങ്ങിയ ദൈവിക നിർദ്ദേശങ്ങളാണ്. ഖുർആൻ പറയുന്നു, ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതെന്തെന്ന് അല്ലാഹു അറിയുന്നു. ഗർഭാശയങ്ങൾ കുറവു വരുത്തുന്നതും, വർദ്ധിപ്പിക്കുന്നതും അവനാണ്. ഏതൊരുകാര്യവും അവന്റെയടുക്കൽ ഒരു നിശ്ചിതതോതനുസരിച്ചാകുന്നു (ഖു. 13:8). മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു, ഗർഭാശയങ്ങളിൽ താനുദ്ദേശിക്കുന്നവിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നു (ഖു. 3:6). കൂടാതെ ഓരോ ദമ്പതികൾക്കും ഉണ്ടാകുന്ന ആൺകുട്ടികളും പെൺകുട്ടികളും അല്ലാഹു ഉദ്ദേശിക്കുന്നത് പോലെയാകുന്നു (ഖു 42:49–50). ഇതെല്ലാംതന്നെ വ്യക്തമാക്കുന്നത് അല്ലാഹുവിന്റെ



പ്രോഗ്രാം അനുസരിച്ചാണ് ബീജവും അണ്ഡവും സംയോജിക്കുന്നതെന്നാണ്. പുരുഷന്റെ ലക്ഷക്കണക്കിനു ബീജങ്ങളിൽ ഏതു ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി സംയോജിക്കേണ്ടതെന്ന് നിർണ്ണയിക്കുന്ന സംവിധാനം ഇതുവരെ ശാസ്ത്രത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. പുരുഷന്റെ ഒരു ബീജത്തിന് മാത്രമെ സ്ത്രീയുടെ അണ്ഡത്തിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളുവെന്നും അങ്ങനെ സംയോജനം നടന്നുകഴിഞ്ഞാൽ മറ്റെല്ലാ ബീജങ്ങൾക്കും പ്രവേശനം നിരോധിക്കപ്പെടുകയാണെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ആദമിൽനിന്നും ഉത്ഭവിച്ച അല്ലാഹുവിന്റെ പ്രോഗ്രാം പ്രകാരം മനുഷ്യരിൽ വ്യത്യസ്ത ബയോസോഫ്റ്റ്‌വെയറുകൾ അടങ്ങിയ ബീജങ്ങളും അണ്ഡങ്ങളും ഉൽപാദിപ്പിക്കപ്പെടുകയും, ഏത് ബീജം ഏത് അണ്ഡവുമായി ചേരണമെന്നു സമയ–സ്ഥലങ്ങൾക്കനുസൃതമായി പ്രോഗ്രാം ചെയ്യപ്പെട്ടതുകൊണ്ടുമാണ് മനുഷ്യവർഗത്തിൽ അതനുസരിച്ച് വൈവിധ്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

നേരത്തെ വിശദീകരിച്ചതുപോലെ ജനിക്കുന്ന കുട്ടിയുടെ ലിംഗം നിർണ്ണയിക്കുന്നത് പുരുഷബീജത്തിലടങ്ങിയ നിർദ്ദേശങ്ങളാണ്. പുരുഷബീജം ഒന്നുകിൽ X ക്രോമൊസോമുള്ളതായിരിക്കും അല്ലെങ്കിൽ Y ക്രോമൊസോമുള്ളതായിരിക്കും. സ്ത്രീയുടെ അണ്ഡമാകട്ടെ X ക്രോമൊസോം മാത്രമുള്ളതായിരിക്കും. അപ്പോൾ X ക്രോമൊസോമുള്ള പുരുഷ ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി സംയോജിക്കുന്നതെങ്കിൽ അതിൽ നിന്നുണ്ടാകുന്ന കുട്ടി പെണ്ണും, Y ക്രോമൊസോമുള്ള പുരുഷ ബീജമാണ് അണ്ഡവുമായി സംയോജിച്ചതെങ്കിൽ അതിൽ നിന്നുണ്ടാകുന്ന കുട്ടി ആണുമായിരിക്കും. അതായത് ആൺ സൃഷ്ടിപ്പിന്റെ പ്രോഗ്രാം Y ക്രോമൊസോമിലും, പെൺ സൃഷ്ടിപ്പിന്റെ പ്രോഗ്രാം X ക്രോമൊസോമിലുമാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. പുരുഷ ബീജമാണ് ആൺ–പെൺ കുട്ടികൾക്ക് രൂപംകൊടുക്കുന്നതെന്ന് ഖുർആൻ പറയുന്നതിന്റെ അർത്ഥം അതാണ്. “ഒരു ബീജം (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുമ്പോൾ അതിൽ നിന്ന് ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിക്കുന്നത്”. (ഖു. 53:45–46).

മനുഷ്യവർഗത്തിൽ ജൈവവൈവിധ്യം (biodiversity) സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? ആദം മുതൽ ലോകാവസാനംവരെ സൃഷ്ടിക്കപ്പെടുന്ന മനുഷ്യർ തമ്മിൽ എല്ലാ സ്വഭാവഗുണങ്ങളിലും വ്യത്യാസമുള്ളവരായിരിക്കും. മറ്റേതൊരു ജീവിയിലും അംഗങ്ങൾ തമ്മിലുള്ള വ്യത്യാസം (intraspecific differences) മനുഷ്യനെ അപേക്ഷിച്ചു നോക്കുമ്പോൾ ഇല്ലെന്നുതന്നെ പറയാം. ഉദാഹരണമായി ഒരു മൃഗത്തെ എടുക്കുക. അതിലെ ഒരേ പ്രായത്തിലെ അംഗങ്ങൾ എല്ലാംതന്നെ ഉയരത്തിലും രൂപത്തിലും പെരുമാറ്റത്തിലും എന്നു വേണ്ട എല്ലാ കാര്യത്തിലും ഏതാണ്ട് ഒരുപോലെയായിരിക്കും. നിറം പോലുള്ള ചില ഗു

ണങ്ങളിലുള്ള വ്യത്യാസം കൊണ്ടല്ലാതെ അംഗങ്ങൾ തമ്മിൽ തിരിച്ചറിയാൻ പോലും സാധിക്കില്ല. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യത്തിലും പ്രത്യക്ഷത്തിൽ തന്നെ വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. മുഖവ്യത്യാസം കൊണ്ടുതന്നെ മനുഷ്യർ തമ്മിൽ തിരിച്ചറിയാൻ സാധിക്കും. രൂപത്തിലാകട്ടെ, സ്വഭാവഗുണങ്ങളിലാകട്ടെ ഒരു വ്യക്തി മറ്റൊരു വ്യക്തിയെപോലെയല്ല. ഇരട്ടകൾ പോലും തമ്മിൽ വ്യത്യാസം കാണിക്കുന്നവരാണ്. പ്രശസ്ത ഫ്രഞ്ച്–അമേരിക്കൻ സൂക്ഷ്മജീവിശാസ്ത്രജ്ഞനായ റെനെ ഡുബോ ഇങ്ങനെയാണ് മനുഷ്യനെ വിശേഷിപ്പിക്കുന്നത്. “ഓരോ മനുഷ്യനും അദ്വിതീയനും, നിസ്തുല്യനും, പ്രവചനാതീതനുമത്രെ. ഹോമോ സാപിയൻസ് എന്ന (മനുഷ്യ) വർഗ്ഗത്തെ ഭൗതിക, രസതന്ത്ര ശാസ്ത്രങ്ങളുടെ ജീവനില്ലാത്ത വാക്കുകളിൽ വിശദീകരിക്കാം. എന്നാൽ എല്ലും മാംസവുമായ മനുഷ്യനെ സാധ്യമല്ല.” ഒരു വ്യക്തിയും ശാരീരികവും മാനസികവുമായ കഴിവുകളിൽ മറ്റൊരു വ്യക്തിയെ പോലെയല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വളരെയധികം വൈവിധ്യമാർന്ന ബയോസോഫ്റ്റ്‌വെയറുകളാണ് മനുഷ്യവർഗ്ഗത്തിലെ അംഗങ്ങൾ. അപ്പോൾ അല്ലാഹു പരീക്ഷിക്കുന്നത് കോടാനുകോടി വ്യത്യസ്തങ്ങളായ മനുഷ്യ ബയോസോഫ്റ്റ്‌വെയറു (നഫ്സ്)കളെയാണ്. “ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും നിങ്ങളുടെ ഭാഷകളിലും വർണ്ണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ (അല്ലാഹുവിന്റെ) ദൃഷ്ടാന്തങ്ങളിൽ പെട്ടവയത്രേ.” (ഖു. 30:22). “ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമൂദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു.” (ഖു. 49:13). മനുഷ്യരിലുള്ള ജൈവവൈവിധ്യം ദൈവികദൗത്യത്തിന്റെ ആവശ്യകതയെയാണ് സൂചിപ്പിക്കുന്നത്. അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത് വൈവിധ്യമാർന്ന മനുഷ്യ ബയോസോഫ്റ്റ്‌വെയറുകളെ സൃഷ്ടിക്കുവാനും പരീക്ഷിക്കുവാനുമാണ്. അവരിൽ നിന്നും തന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുവാൻ തയ്യാറുള്ള റൊബോട്ടുകളെ അല്ലാഹു തെരഞ്ഞെടുക്കുന്നു. മനുഷ്യ ജൈവവൈവിധ്യത്തിലൂടെ മനുഷ്യ ജീവിയുടെ ശാരീരികമായും മാനസികവുമായ കഴിവുകളെയാണ് അല്ലാഹു വെളിപ്പെടുത്തുന്നത്. ഈ കഴിവുകളെല്ലാം തന്നെ പല സ്ഥല–കാലങ്ങളിലായി പ്രത്യക്ഷപ്പെടുന്ന വിധത്തിൽ ബയോസോഫ്റ്റ്‌വെയർ എഞ്ചിനിയറിങ്ങ് പ്രക്രിയയിലൂടെ അല്ലാഹു സംവിധാനിച്ചിരിക്കുന്നു. ആ പ്രോഗ്രാം പൂർണ്ണമാകുമ്പോൾ മാത്രമെ മനുഷ്യവർഗ്ഗത്തിനു അല്ലാഹു നൽകിയ കഴിവുകളെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ലോകാവസാനം വരെ നീണ്ടുനിൽക്കുന്ന പ്രക്രിയയായിരിക്കാമത്.



## 5

## ഭൂമി –ദൈവിക പരീക്ഷണശാല

അല്ലാഹു ഈ താൽകാലിക പ്രപഞ്ചം സൃഷ്ടിച്ചത് മനുഷ്യ റൊബോട്ടിനെ പരീക്ഷിക്കാനാണെന്ന് നേരത്തെ വിശദീകരിച്ചുവല്ലോ. മനുഷ്യൻ പരീക്ഷണവിധേയനായി ഭൂമിയിലെത്തിയ കഥയും ഖുർആൻ വിവരിക്കുന്നുണ്ട്. ആദമിന്റെ സൃഷ്ടിപ്പിനെ തുടർന്നു അല്ലാഹുവിന്റെ ആജ്ഞപ്രകാരം എല്ലാ മലക്കുകളും ആദമിനെ പ്രണമിച്ചു. ഇബ്ലീസ് പ്രണമിക്കാതെ ഒഴിഞ്ഞു നിന്നു. അവൻ അല്ലാഹുവിനെ ധിക്കരിച്ചു – അഹങ്കാരത്തോടെ (ഖു. 2:34). അവിടെനിന്നും പുറത്തുപോകാൻ അല്ലാഹു അവനോട് കല്പിച്ചു. അപ്പോൾ ഇബ്ലീസ് പറഞ്ഞു: മനുഷ്യരെ നീ പുനർജീവിപ്പിക്കുന്ന ദിവസംവരെ എനിക്ക് നീ അവധി തരേണമേ. അല്ലാഹു അവന് അവധി കൊടുത്തു. അപ്പോൾ അല്ലാഹുവിനോട് ഇബ്ലീസ് പറഞ്ഞു, നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ നിന്ന് ഞാൻ മനുഷ്യരെ തടയും. അവരിൽ അധികം പേരെയും നീ നന്ദിയുള്ളവരായി കണ്ടെത്തുകയില്ല (ഖു. 7:12–18). പിന്നീടുണ്ടായ സംഭവം ഖുർആൻ ഇങ്ങനെ വിവരിക്കുന്നു (ഖു. 7:19–22): “ആദമേ, നീയും നിന്റെ ഇണയും (ഹവ്വ) കൂടി ഈ തോട്ടത്തിൽ താമസിക്കുകയും, നിങ്ങൾക്ക് ഇഷ്ടമുള്ളേടത്തുനിന്ന് തിന്നുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അക്രമികളിൽ പെട്ടവരായിരിക്കും എന്നും (അല്ലാഹു പറഞ്ഞു). അവരിൽ നിന്ന് മറച്ചു വെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി പിശാച് (സാത്താൻ) അവർ ഇരുവരോടും ദുർമന്ത്രണം നടത്തി. അവൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽ നിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങൾ ഇരുവരും മലക്കുകളായിത്തീരുമെന്നത് കൊണ്ടോ, നിങ്ങൾ ഇവിടെ നിത്യവാസികളായിത്തീരുമെന്നത്കൊണ്ടോ അ

ല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽപ്പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു. അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്ന് നിങ്ങളെ ഞാൻ വിലക്കിയിട്ടില്ലേ? തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ?" അങ്ങനെ ആദ്യ പരീക്ഷണത്തിൽ തന്നെ സാത്താന്റെ ദുർമന്ത്രണ ഫലമായി ആദമും ഹവ്വായും വഞ്ചിക്കപ്പെടുകയും പരാജയപ്പെടുകയും ചെയ്തു. അവർ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അനന്തരം ആദമിനെ അല്ലാഹു ഉൽകൃഷ്ടനായി തെരഞ്ഞെടുക്കുകയും പൊറുത്ത് കൊടുക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്തു. അല്ലാഹു പറഞ്ഞു, നിങ്ങൾ രണ്ടുപേരും ഇവിടെനിന്ന് ഇറങ്ങിപ്പോകുക. എന്റെ പക്കൽ നിന്നുള്ള മാർഗ്ഗദർശനം വന്നുകിട്ടുമ്പോൾ ആർ അത് പിൻപറ്റുന്നുവോ അവൻ പിഴച്ചുപോകുകയില്ല, കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനം വിട്ടു തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവൻ ശിക്ഷിക്കപ്പെടും. നിങ്ങളുടെ വാസസ്ഥലം ഭൂമിയാണ്. ഒരു നിശ്ചിതസമയംവരെ അവിടെ ജീവിത സൗകര്യങ്ങളുണ്ട്. അവിടെ നിങ്ങൾ ജീവിക്കും, അവിടെ തന്നെ നിങ്ങൾ മരിക്കും, അവിടെ നിന്നും നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുകയും (പുനർസൃഷ്ടി) ചെയ്യും (ഖു. 7:20–25; 20:122–124). അങ്ങനെ മനുഷ്യൻ ഭൂമിയിലെത്തി, അല്ലാഹുവിന്റെ പരീക്ഷണത്തിനായി. ഈ ഭൂമി മനുഷ്യനെ പരീക്ഷിക്കാൻ ഒരുക്കപ്പെട്ട വേദിയാണ്. ഒരു നിശ്ചിതകാലയളവുവരെ അല്ലാഹു അതിനായി എല്ലാ സൗകര്യങ്ങളും വിഭവങ്ങളും ഈ ഭൂമിയിൽ നൽകിയിട്ടുണ്ട്. ഈ ഭൂമി സൃഷ്ടിക്കുവാനുള്ള ദൈവിക ഉദ്ദേശ്യവും അതാണ്. പ്രപഞ്ചത്തിന്റെ ഘടനയും പരീക്ഷണശാലയായ ഭൂമിയുടെ സംവിധാനവും ഈ ദൈവിക ദൗത്യത്തിനനുസൃതമായുള്ളതാണ്. ഈ വസ്തുത മനസ്സിലാക്കാൻ ഒരു സാങ്കല്പിക മനുഷ്യ നിർമ്മിത റൊബോട്ടിന്റെ പരീക്ഷണശാലാ സംവിധാനം പരിശോധിക്കാം.

മനുഷ്യൻ ഇന്നുവരെ നിർമ്മിച്ച റൊബോട്ടുകൾ പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ടതും, ബോധമില്ലാത്തവയും സ്വതന്ത്രേച്ഛ (freewill)യില്ലാത്തവയുമാണ്. അക്കാരണംകൊണ്ട് തന്നെ അവ മനുഷ്യനെ പൂർണ്ണമായും അനുസരിച്ചു പ്രവർത്തിക്കുന്നു. മറിച്ചു ബോധമുള്ള സ്വതന്ത്രേച്ഛയുള്ള റൊബോട്ടുകളെ നിർമ്മിക്കുവാൻ അല്ലാഹു ഭാവിയിൽ മനുഷ്യന് സാങ്കേതിക വിജ്ഞാനം നൽകുകയാണെങ്കിൽ അങ്ങനെ നിർമ്മിക്കപ്പെടുന്ന റൊബോട്ടുകൾ മനുഷ്യനെ അനുസരിക്കണമെന്നില്ല. ഇഷ്ടാനുസാരം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ച് അവ സ്വന്തം താൽപര്യങ്ങൾക്കനുസൃതമായായിരിക്കും പ്രവർത്തിക്കുക. അപ്പോൾ മനുഷ്യൻ ആ റൊബോട്ടുകളെ സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമുമ്പായി അവയിൽ ഏതൊക്കെയാണ് സ്വമേധയാ മനുഷ്യന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുകയെന്ന് പരീക്ഷിച്ചു വിലയിരുത്തേണ്ടതാവശ്യമായിവരുന്നു. ഈ ഉദ്ദേശ്യത്തോടെ റൊബോട്ടുകളെ പരീക്ഷണ വിധേയമാക്കുമ്പോൾ അതിനാവശ്യമായ സൗകര്യങ്ങളുള്ള പരീക്ഷണശാലയും സംവിധാനിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ ആ റൊബോട്ടുകളെ നിർമ്മിച്ചത് ഒരു പ്രത്യേക അന്തരീക്ഷത്തിൽ ജോലി ചെയ്യുന്നതിനുവേണ്ടിയായിരിക്കുമല്ലോ. അപ്പോൾ അവ ആ അന്തരീക്ഷത്തിനു അനുയോജ്യമായ വസ്തുക്കൾ കൊണ്ടു നിർമ്മിക്കപ്പെട്ടതും ഉദ്ദിഷ്ട ജോലിക്കു തക്കതായ ശരീരഘടനയും മറ്റു ഗുണങ്ങളുമുള്ളതായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അങ്ങനെ വരുമ്പോൾ താൽകാലികമായി സംവിധാനിക്കുന്ന പരീക്ഷണശാല അവയുടെ ഭാവി ഉപയോഗത്തിനുള്ള പരിസ്ഥിതിക്ക് സമാനമുള്ളതായിരിക്കണം. പരീക്ഷണകാലം മുഴുവൻ റോബോട്ടുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും, വിഭവങ്ങളും അവിടെ ലഭ്യമായിരിക്കണം. പരീക്ഷണശാലയിൽ ഒരുക്കിവെച്ചതായ വിഭവങ്ങൾ ഉപകാരപ്രദമാകണമെങ്കിൽ റൊബോട്ടുകൾക്ക് അതിനാവശ്യമായ സാങ്കേതികവിദ്യയും (ശാസ്ത്ര സാങ്കേതിക വിജ്ഞാനം) മനുഷ്യൻ നൽകേണ്ടതുണ്ട്. കൂടാതെ, മനുഷ്യൻ അവന്റെ താൽപര്യങ്ങൾ എന്തൊക്കെയാണെന്നും അവൻ റൊബോട്ടുകളിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നും പരീക്ഷണത്തിന്റെ ഉദ്ദേശ്യമെന്താണെന്നുമൊക്കെയുള്ള വിവരങ്ങളും (അവയുടെ മതം) അവയെ അറിയിക്കേണ്ടതുണ്ട്. ഈ നിർദ്ദേശങ്ങൾ അനുസരിക്കുന്നുണ്ടോ എന്ന് വിലയിരുത്താൻ ഓരോ റൊബോട്ടിന്റെയും പ്രവർത്തനം തൽസമയം രേഖപ്പെടുത്തുവാനുള്ള സംവിധാനം (real-time recording) ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. അങ്ങനെ രേഖപ്പെടുത്തപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അവയെ പീന്നീട് വിലയിരുത്തുന്നത്. ഈയൊരു ഹ്രസ്വവിവരണത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യ റൊബോട്ടിനെ പരീക്ഷിക്കാൻ പരീക്ഷണവേദിയായ ഭൂമി എങ്ങനെയാണ് അല്ലാഹു സംവിധാനിച്ചിരിക്കുന്നതെന്നും സജ്ജീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം സൗകര്യങ്ങൾ അതിൽ കൊടുത്തിട്ടുണ്ടെന്നും നമുക്ക് പരിശോധിക്കാം.

ഏതൊരു സൃഷ്ടിയേയും അർത്ഥവത്തായി വിശകലനം ചെയ്യാൻ അതിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അറിഞ്ഞിരിക്കണം. അതറി

യാതെയാണ് ഇന്ന് ശാസ്ത്രം പ്രപഞ്ചത്തെ പഠിക്കുന്നത്. ശാസ്ത്രം പ്രപഞ്ചത്തെ കാണുന്നത് മനുഷ്യനെ പരീക്ഷിക്കുവാനുള്ള ദൈവത്തിന്റെ വേദിയായിട്ടല്ല. അതുകൊണ്ടുതന്നെ അതിന്റെ ഘടകങ്ങളെയും സംവിധാനത്തെയും ഉദ്ദേശ്യശൂന്യമായ വ്യവസ്ഥയായിട്ടാണ് ശാസ്ത്രം ചിത്രീകരിക്കുന്നത്. പ്രപഞ്ചത്തിന് ഒരു ഉദ്ദേശ്യമുണ്ടെന്നുള്ള ചോദ്യം പോലും ശാസ്ത്രജ്ഞർക്ക് അന്യമാണെന്നുമാത്രമല്ല നിരർത്ഥവും തനി വിഡ്ഢിത്തവുമാണ്. മനുഷ്യനെ പരീക്ഷിക്കുവാനുള്ള ദൈവത്തിന്റെ വേദിയായിട്ടു പ്രപഞ്ചത്തെ വിലയിരുത്തുമ്പോൾ മാത്രമാണ് അതിന്റെ ശരിയായ ചിത്രം തെളിയുക. സൃഷ്ടിപ്പിന്റെ ദൈവിക ഉദ്ദേശ്യം ഖുർആനിൽനിന്ന് ഉൾക്കൊണ്ടു പ്രപഞ്ചത്തെയും മനുഷ്യനെയും മനസ്സിലാക്കിയിരുന്നെങ്കിൽ നമ്മുടെ വിജ്ഞാനം ശരിയായ ദിശയിലാകുമായിരുന്നു. ഇത് പറയുമ്പോൾ ഖുർആനിക വെളിപാടുകളെ അന്ധമായി വിശ്വാസിക്കണമെന്നല്ല അർത്ഥമാക്കുന്നത്; ശാസ്ത്രീയമായി വിലയിരുത്തിക്കൊണ്ടുതന്നെ ചെയ്യാനാണ്. അത് സാധ്യമാണുതാനും. കാരണം ഖുർആനിക വെളിപാടുകളും ശാസ്ത്രസിദ്ധാന്തങ്ങളെപ്പോലെ തെറ്റാണോയെന്ന് (falsifiability) പരീക്ഷിക്കാവുന്നതാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യനെ പരീക്ഷിക്കാനുള്ള വേദിയായിട്ടാണെന്നുള്ള ഖുർആനിക വെളിപാട് ശാസ്ത്രീയ വിലയിരുത്തലിനു അനുയോജ്യമായ വിഷയമാണ്. ഈ ഖുർആനിക വെളിപ്പെടുത്തൽ അക്ഷരംപ്രതി ശരിയാണെന്നു ഇവിടെ കൊടുത്തിരിക്കുന്ന സംക്ഷിപ്ത വിശകലനത്തിൽനിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്.

പ്രപഞ്ചഘടനയെസംബന്ധിച്ചുള്ള ആധുനിക വീക്ഷണം രൂപപ്പെട്ടത് കഴിഞ്ഞ നൂറ്റാണ്ടിൽ മഹാവിസ്ഫോടന സിദ്ധാന്തത്തിന്റെ ആവിർഭാവത്തോടെയാണ്. അതുവരെ മനുഷ്യൻ വിശ്വസിച്ചിരുന്നത് പ്രപഞ്ചമെന്നത് നമ്മുടെ സൗരയൂഥമടങ്ങിയ ആകാശഗംഗ (Milky Way) മാത്രമാണെന്നായിരുന്നു (ആകാശഗംഗയ്ക്ക് സമാനമായ ഒരു താരസമൂഹം ചിത്രം 5.1 ൽ കാണുക). സൗരയൂഥം സ്ഥിതിചെയ്യുന്നത് ആകാശഗംഗയുടെ ബാഹ്യപരിധിക്കടുത്താണ് – താരസമൂഹമദ്ധ്യത്തിൽ നിന്ന് ഏതാണ്ട് 28000 പ്രകാശവർഷങ്ങൾ അകലെ. സൗരസമൂഹത്തെ ഒരു തവണ പ്രദക്ഷിണം ചെയ്യാൻ സൗരയൂഥം ഇരുപത്തിരണ്ടരകോടി വർഷങ്ങൾ എടുക്കും. നമ്മുടെ സൂര്യൻ സൗരയൂഥത്തിന്റെ ഏതാണ്ട് മദ്ധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. സൗരയൂഥത്തിന്റെ 99.8% ദ്രവ്യവും (mass) സൂര്യന്റെതാണ്. സൂര്യനെ ചുറ്റികൊണ്ട് എട്ട് ഗ്രഹങ്ങളുണ്ട്. (പ്ലൂട്ടോയെ ഇപ്പോൾ ഗ്രഹമായി കണക്കാക്കാത്തതിനാൽ നേരത്തെയുള്ള നവഗ്രഹങ്ങളിൽ ഒന്ന് കുറവാണ്). ഇപ്പോൾ സൂര്യനിൽ 70% ഹൈഡ്രജനും, 28% ഹീലിയവും, 2% വിവിധയിനം ലോഹങ്ങളുമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അതിൽ നടക്കുന്ന ഹൈഡ്രജൻ അണുക്കളു






**ചിത്രം 5.1. ആകാശഗംഗയിൽ ഭൂമി സ്ഥിതിചെയ്യുന്ന ഇടം.**

കുറിപ്പ്: ആകാശഗംഗയ്ക്ക് സമാനമായ ഒരു താര സമൂഹ (Galaxy M83)ത്തെയാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്.

കടപ്പാട്: NASA (www.ecology.com/.../earth-at-a-glance-feature/ Accessed 27-1-07)

ടെ സംയോജന പ്രതിപ്രവർത്തന (nuclear fusion reaction) ഫലമായാണ് പ്രകാശവും ഊർജ്ജവും ഉൽപാദിക്കപ്പെടുന്നത്. ദൈവീക പരീക്ഷണശാലയായ ഭൂമിക്ക് ആവശ്യമായ പ്രകാശവും ഊർജ്ജവും നൽകുന്നത് സൂര്യനാണ്. സൂര്യപ്രകാശവും, അന്തരീക്ഷത്തിൽനിന്നു ലഭിക്കുന്ന കാർബൺഡയോക്സൈഡും, മണ്ണിൽ നിന്നു വേരുകൾ വലിച്ചെടുക്കുന്ന ജലാംശവും ഉപയോഗിച്ച് ഇലകളിൽ നടക്കുന്ന പ്രകാശസംശ്ലേഷണം (photosynthesis) എന്ന പ്രക്രിയയിലൂടെ സസ്യങ്ങൾ ആഹാരമുണ്ടാക്കുന്നു. ഈ പ്രക്രിയയാണ് സൂര്യപ്രകാശത്തിലെ ഊർജ്ജത്തെ സംഭരിക്കുവാനുള്ള ഭൂമിയിലെ ഏറ്റവും പ്രധാനമായ പ്രതിഭാസം. അങ്ങനെ സസ്യങ്ങളിലൂടെയാണ് ഭൂമിയിലെ അനേകായിരം ജീവികൾക്ക് ഭക്ഷണം (ഊർജ്ജം) കിട്ടുന്നത്. അപ്പോൾ അല്ലാഹു സൂര്യനെ പരീക്ഷണവേദിയായ ഭൂമിയുടെ ഊർജ്ജസ്രോതസ്സാക്കുകയും അതിൽനിന്ന് ഭൂമിയിലെത്തുന്ന ഊർജ്ജത്തെ സസ്യങ്ങൾ പിടിച്ചെടുത്ത് അവയ്ക്കും അവയെ ഭക്ഷിക്കുന്ന മറ്റു ജീവികൾക്കും കിട്ടുന്നു. സസ്യങ്ങൾ കൂടാതെ മൃഗങ്ങൾക്കു മൃഗങ്ങൾ തന്നെയും ഭക്ഷണ (ഊർജ്ജ) സ്രോതസ്സാണ്. ലക്ഷക്കണക്കിനു ജീവിവർഗങ്ങളെ ഭൂമിയിൽ നിലനിർത്തുന്നതിനായി സൂര്യനെന്ന ഏക ഊർജ്ജസ്രോതസ്സാണ് അല്ലാഹു സ്ഥാപിച്ചിട്ടുള്ളത്. ഭൂമിയുടെ നിലനിൽപ്പും അവിടെ ആവശ്യമായ വെള്ളവും അതിന്റെ ബാഷ്പീകരണവും പിന്നീട് മഴയായി ഭൂമിയിലേക്ക് തിരിച്ചുവരു

ന്നതും, ഭൂമിയിൽ വെള്ളത്തിന്റെ സംഭരണവും മറ്റും മറ്റുമായ എല്ലാ പ്രതിഭാസങ്ങളും മനുഷ്യപരീക്ഷണത്തെ കേന്ദ്രീകരിച്ചിട്ടുള്ളതായ ദൈവിക സംവിധാനമാണെന്ന് ഖുർആൻ നിരവധി സൂക്തങ്ങളിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. ഉദാഹരണങ്ങളായി ചില സൂക്തങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ. "ആകാശത്തെ നാം സുരക്ഷിതമായ ഒരു മേൽപുരയാക്കിയിട്ടുണ്ട്. അവരാകട്ടെ അതിലെ ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കാതെ തിരിഞ്ഞു കളയുന്നവരാകുന്നു. അവനത്രെ രാത്രി, പകൽ, സുര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഒരോന്നും ഒരോ ഭ്രമണപഥത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു." (ഖു. 21:32–33). "സൂര്യനെ പ്രാകാശമാക്കിയതും ചന്ദ്രനെ ഒരു ശോഭയാക്കിയതും അവനാകുന്നു. അതിന് ഘട്ടങ്ങൾ നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിനുവേണ്ടി. യഥാർത്ഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി അല്ലാഹു ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു." (ഖു.10:5). "ചന്ദ്രനെ അവൻ അവിടെ ശോഭയാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കും ആക്കിയിരിക്കുന്നു." (ഖു. 71:16). "അല്ലാഹുവത്രെ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും ആകാശത്തുനിന്ന് വെള്ളം ഇറക്കുകയും, എന്നിട്ട് അതുമൂലം നിങ്ങളുടെ ഉപജീവനത്തിനായി കായ്കനികൾ ഉൽപാദിപ്പിക്കുകയും ചെയ്തത്. അവന്റെ നിയമപ്രകാരം കടലിലൂടെ സഞ്ചരിക്കുന്നതിനായി അവൻ നിങ്ങൾക്ക് കപ്പലുകൾ വിധേയമാക്കിത്തന്നു. നദികളെയും നിങ്ങൾക്ക് വിധേയമാക്കിത്തന്നു." (ഖു 14:32). മനുഷ്യന്റെ ആവശ്യങ്ങൾക്കായി ഭൂമിയിൽ പലവിധ വസ്തുക്കൾ നൽകിയതും (ഖു.15:19–21), സസ്യങ്ങൾ, ജന്തുക്കൾ, സമുദ്രോൽപന്നങ്ങൾ എന്നിവയെല്ലാം മനുഷ്യാവശ്യത്തിനുവേണ്ടിയാക്കിതും (ഖു. 55:10–12; 16:10–11; 36:71–73; 40:79–80; 16:14) അല്ലാഹു പരീക്ഷണ വേദിയിൽ സംവിധാനിച്ച സൗകര്യങ്ങളുടെയും, വിഭവങ്ങളുടെയും സജ്ജീകരണങ്ങളുടെയും ചില ഉദാഹരണങ്ങളാണ്. "ഭൂമിയിൽ ഒരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്." (ഖു. 11:6).

ഭൂമിയിലും ആകാശങ്ങളിലുമുള്ളതെല്ലാം പരീക്ഷണകാലത്തെ വിഭവങ്ങളായി മനുഷ്യാവശ്യങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടതാണെന്ന് മാത്രമല്ല, അവയെല്ലാം തന്നെ മനുഷ്യന് വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു (ഖു. 2:29; 28:60; 45:13; 14:33; 36:71–73; 16:5). പ്രകൃതിയിലുള്ള മുഴുവൻ വസ്തുക്കളും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന് പറയുമ്പോൾ, ഭൂമിയിലെ ലക്ഷക്കണക്കിനുള്ള മറ്റു ജീവികളും അവയൊക്കെ ഉപയോഗിക്കുന്നില്ലേയെന്ന ചോദ്യം ഉയർന്നേക്കാം. അല്ലാ



ഹു പറയുന്നത് ആ ജീവികളും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതെന്നാണ്. അവയെ നിലനിർത്താനായി മാത്രമെ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കപ്പെടുന്നുള്ളൂ. ഈ ഖുർആൻ വെളിപ്പെടുത്തലുകളെ ശാസ്ത്രീയമായി വിലയിരുത്തുമ്പോൾ അവയിലടങ്ങിയിരിക്കുന്ന ദൈവിക ഉദ്ദേശ്യത്തെ കൂടുതൽ മനസ്സിലാക്കാൻ കഴിയും. പരീക്ഷണകേന്ദ്രമായ ഭൂമിയിൽ രണ്ടുതരം വിഭവസ്രോതസ്സുകളുണ്ട്. ഒന്ന്, പുനഃസ്ഥാപിക്കപ്പെടുന്നതും (renewable resources) രണ്ടാമത്തേത്, പുനഃസ്ഥാപിക്കപ്പെടാത്തതും (non-renewable resources). ഒന്നാമത്തേതിന്റെ ഉദാഹരണങ്ങൾ വെള്ളം, സസ്യങ്ങൾ, മൃഗങ്ങൾ എന്നിവയാണ്. രണ്ടാമത്തേതിന്റെ ഉദാഹരണങ്ങളായി പറയാവുന്നത് ഭൂഗർഭവിഭവങ്ങളായ പെട്രോളിയം, ധാതുക്കൾ മുതലായവയാണ്. ഭൂമിയിലെ ജീവികളുടെ പ്രകൃതിവിഭവ ഉപഭോഗരീതി പരിശോധിച്ചാൽ വളരെ സ്പഷ്ടമായി മനസ്സിലാക്കാൻ കഴിയുക, മനുഷ്യനൊഴികെ മറ്റെല്ലാ ജീവികളും പുനഃസ്ഥാപിക്കപ്പെടുന്ന വിഭവങ്ങളെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവയാണെന്നും, മനുഷ്യനു മാത്രമെ പുനഃസ്ഥാപിക്കപ്പെടാത്ത വിഭവങ്ങളുടെ ആവശ്യമുള്ളൂവെന്നും, മനുഷ്യൻ മാത്രമെ അവയെ ഉപയോഗിക്കുന്നുള്ളുവെന്ന പ്രകൃതിസത്യമാണ്. ഇത് വ്യക്തമാക്കുന്നത് മനുഷ്യന് വേണ്ടിമാത്രമാണ് ഈ വിഭവങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നാണ്. മറ്റൊരു സത്യം ഖുർആൻ വെളിപ്പെടുത്തുന്നത് വിഭവസംഭരണികളുടെ പരിധിയെ സംബന്ധിച്ചാണ്. അവയെല്ലാം തന്നെ ഓരോ തോതനുസരിച്ചും (ഖു. 15:19; 25:2) ഒരു നിർണ്ണയിക്കപ്പെട്ട കാലയളവിലേക്ക് മാത്രമായുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഖു. 13:2; 30:8; 31:29; 46:3). "ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങൾ സ്ഥാപിക്കുകയും അളവു നിർണ്ണയിക്കപ്പെട്ട എല്ലാ വസ്തുക്കളും നാം മുളപ്പിക്കുകയും ചെയ്തിരിക്കുന്നു." (ഖു. 15:19). "...ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ശരിയായ മുറപ്രകാരവും നിർണ്ണിതമായ അവധിയോടുകൂടിയുമല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല...." (ഖു: 30:8). സൂര്യന്റെ കാര്യം തന്നെ എടുക്കുക. അല്ലാഹു പറയുന്നു: "...അവൻ സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം നിർണ്ണയിക്കപ്പെട്ട ഒരവധിവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു...." (ഖു. 31:29). സൂര്യനടക്കമുള്ള എല്ലാ താരങ്ങൾക്കും പരിമിതമായ ഹൈഡ്രജന്റെ സംഭരണമേയുള്ളൂ. ഹൈഡ്രജൻ തീരുന്നതോടെ താരത്തിന്റെ പ്രവർത്തനവും നിലയ്ക്കും. പുതുക്കി ഉൽപ്പാദിക്കപ്പെടാത്ത മറ്റു പ്രകൃതി വിഭവങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. അവ മനുഷ്യോപയോഗഫലമായി തീർന്നുകഴിഞ്ഞാൽ പിന്നീട് സൃഷ്ടിക്കപ്പെടുന്നില്ല.

ദൈവിക പരീക്ഷണശാലയായ ഭൂമിയുടെ വിസ്തീർണ്ണം ഏതാണ്ട് 51 കോടി ചതുരശ്ര കിലോമീറ്ററാണ്. അതിൽ 29% കരയും 71% ജലവു

മാണ്, ഭൂമിയിൽ പുനഃസ്ഥാപിക്കപ്പെടാത്ത ചില വിഭവങ്ങളിൽ പ്രകൃതി വാതകം 179,83197 കോടി ക്യൂബിക്ക് മീറ്ററും എണ്ണ 120070 കോടി ബാരലുകളും കൽക്കരി 90906 കോടി ടണ്ണുമാണ്. ഭൂമിയിൽ 450 ഇനത്തിൽപരം ധാതുക്കളും അല്ലാഹു നൽകിയിട്ടുണ്ട്. അങ്ങനെ എന്തെല്ലാം എന്തെല്ലാം അനുഗ്രഹങ്ങൾ! ഇതൊക്കെ ഭാവിയിൽ തീരുന്നവയാണ്. ഭൂമിയിലെ വിഭവങ്ങളെയും പ്രപഞ്ച സംവിധാനം മൊത്തമായും ദൈവിക പരീക്ഷണശാലയിലെ അടിസ്ഥാന സൗകര്യങ്ങളാണ്. നേരത്തെ നിർണ്ണയിക്കപ്പെട്ട ഒരു കാലയളവിലേക്കാവശ്യമായാണ് ഇവയെല്ലാം സൃഷ്ടിക്കപ്പെട്ടതെന്നുള്ള ഖുർആൻ വചനം സൂചിപ്പിക്കുന്നത് മനുഷ്യ പരീക്ഷണത്തിന്റെ കാലയളവിനെയാണ്. ആദമും ഹവ്വായും അല്ലാഹു അവർക്കു ഏർപ്പെടുത്തിയ തോട്ടത്തിൽവെച്ചുള്ള പ്രഥമ പരീക്ഷണത്തിൽതന്നെ പരാജയപ്പെട്ടപ്പോൾ അല്ലാഹു അവരോടു ഭൂമിയിലേക്കിറങ്ങുവാൻ കല്പിക്കുകയായിരുന്നു. അല്ലാഹു പറഞ്ഞു. "…. നിങ്ങൾക്ക് (മനുഷ്യർക്ക്) ഭൂമിയിൽ വാസസ്ഥലമുണ്ട്. ഒരു നിശ്ചിതസമയം വരെ ജീവിതസൗകര്യമുണ്ട്. അതിൽ നിങ്ങൾ ജീവിക്കും, അവിടെതന്നെ നിങ്ങൾ മരിക്കും, അവിടെനിന്നുതന്നെ നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുകയും ചെയ്യും." (ഖു. 7:24–25). ആദം സന്തതികളായ മനുഷ്യരുടെ ഈ ഭൂമിയിലെ പരീക്ഷണ ജീവിതത്തെയാണ് ഇവിടെ ഖുർആൻ വ്യക്തമാക്കുന്നത്. പരീക്ഷണ കാലം കഴിയുന്നതോടെ ഭൂമിയിലെ വിഭവ സംഭരണികളും വറ്റിയിരിക്കും. പരീക്ഷണ വേദിയായ ഭൂമിയിലും മനുഷ്യനിൽതന്നെയും അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കില്ല. എന്നിട്ടും അവനെ അനുസരിക്കാതെ മനുഷ്യർ സൃഷ്ടാവിനോട് നന്ദികേടാണ് കാണിക്കുന്നത്. ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവുകയില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്." (ഖു. 16:18). "നിങ്ങളവനോടു ആവശ്യപ്പെട്ടതിൽ നിന്നെല്ലാം നിങ്ങൾക്ക് നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും മനുഷ്യൻ മഹാ അക്രമിയും നന്ദികെട്ടവനും തന്നെ." (ഖു. 14:34).



# 6
# മനുഷ്യറൊബോട്ട് പരീക്ഷണം

മനുഷ്യനെന്ന റൊബോട്ടിനെ സൃഷ്ടിച്ചത് അല്ലാഹുവിന്റെ പ്രതിനിധിയായി അനശ്വരമായ സ്വർഗ്ഗഭൂമിയിൽ അവന്റെ ദാസനായി എന്നെന്നും ജീവിക്കുവാൻ വേണ്ടിയാണ്. ആ സ്വർഗ്ഗീയ ഭൂമിയിലേക്ക് വേണ്ടി അല്ലാഹു തന്റെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയാണ് ഈ ഭൂമിയിൽ നടക്കുന്നത്. ഈ പ്രപഞ്ചം അതിനായി സൃഷ്ടിക്കപ്പെട്ടതാണെന്ന് നേരത്തെ വിശദീകരിച്ചുവല്ലോ. ആ ബൃഹത്തായ ദൈവിക പദ്ധതിയുടെ ഭാഗമായിട്ടുവേണം ഇബ്‌ലീസിന്റെ അഹങ്കാര പ്രകടനവും, തുടർന്നു മനുഷ്യനെ വഴിതെറ്റിക്കാൻ ഇബ്‌ലീസ് നിയോഗിക്കപ്പെട്ടതും, സാത്താനുണ്ടായതും, ആദ്യപരീക്ഷണത്തിൽ തന്നെ ആദം-ഹവ്വാ ദമ്പതികൾ പരാജയമടഞ്ഞതും, പിന്നീട് അവരെയും അവരുടെ സന്താനങ്ങളായി ഭാവിയിൽ പിറക്കുന്ന കോടാനുകോടി മനുഷ്യരെയും പരിക്ഷിക്കുവാൻ അവരെ അവിടെനിന്നു ഭൂമിയിലേക്ക് പുറത്താക്കപ്പെട്ടതുമെല്ലാം നാം കാണേണ്ടത്. ഈ താൽക്കാലിക ഭൂമി അല്ലാഹുവിന്റെ മനുഷ്യറൊബോട്ട് പരീക്ഷണകേന്ദ്രമാണെന്നും മനുഷ്യന്റെ ഇവിടെയുള്ള താൽക്കാലിക ജീവിതം പരീക്ഷണ ജീവിതമാണെന്നും നാം ഓരോരുത്തരും ചിന്തിച്ചു മനസ്സിലാക്കണം. ആ സത്യം ബോധ്യപ്പെട്ടാൽ മാത്രമെ ഈ ജീവിതത്തിന്റെ പ്രാധാന്യവും ലക്ഷ്യവും ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളു. ഈ പരീക്ഷണ ജീവിതത്തിന്റെ ഓരോ നിമിഷവും അല്ലാഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ചു അവൻ തരുന്ന അനുഗ്രഹങ്ങളിൽ തൃപ്തിപ്പെട്ടു അവൻ നിർദ്ദേശിച്ച പ്രകാരം ജീവിച്ചു വിജയം കൈവരിക്കാനായിരിക്കണം നമ്മൾ ഓരോരുത്തരും ശ്രമിക്കേണ്ടത്. അതൊന്നുമാത്രമായിരിക്കണം നമ്മുടെ ഇഹലോകജീവിതലക്ഷ്യം.

## പരീക്ഷിക്കേണ്ട ആവശ്യകത

ദശലക്ഷക്കണക്കിന് ജീവികളെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് മനുഷ്യനെമാത്രം പരീക്ഷിക്കുന്നത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. മനുഷ്യനെയും മറ്റു ജീവികളെയും സംബന്ധിച്ച ഖുർആൻ സൂക്തങ്ങളെ ശാസ്ത്രീയമായി പരിശോധിച്ചാൽ ഈ ചോദ്യത്തിനു ഉത്തരം കിട്ടാവുന്നതാണ്. "അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിന്റെയും നേർക്ക് അവർ നോക്കിയിട്ടില്ലേ? എളിയവരായിട്ടും അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ടും അതിന്റെ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ളതുമായ ഏതൊരു ജീവിയും അല്ലാഹുവിന് സുജൂദ് ചെയ്യുന്നു. മലക്കുകളും (സുജൂദ് ചെയ്യുന്നു). അവർ അഹങ്കാരം നടിക്കുന്നില്ല. അവർക്കു മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുകയും അവർ കൽപ്പിക്കപ്പെടുന്നതെന്തും പ്രവർത്തിക്കുകയും ചെയ്യുന്നു." (ഖു. 16:48–50). ഈ സൂക്തങ്ങളിലെ സന്ദേശം മനുഷ്യനൊഴികെയുള്ള പ്രപഞ്ചഘടകങ്ങളെല്ലാം (ജീവനില്ലാത്തവയും, ജീവനുള്ളവയും) എങ്ങനെയാണ് നിലകൊള്ളുന്നതെന്ന് മനുഷ്യനു മനസ്സിലാക്കാനുതകുന്നതാണ്. അവ എല്ലാംതന്നെ അല്ലാഹുവിനെ പ്രണമിച്ചും അവന്റെ നിർദ്ദേശങ്ങൾ അപ്പടി അനുസരിച്ചും പ്രവർത്തിക്കുന്ന വ്യവസ്ഥകളാണ്. അതായത് മനുഷ്യനെ മാറ്റി നിർത്തിയാലുള്ള പ്രപഞ്ചം, സമ്പൂർണ്ണമായി പ്രോഗ്രാം ചെയ്യപ്പെട്ട അല്ലാഹുവിന്റെ നിർദ്ദേശമനുസരിക്കാൻ മാത്രം വിധിക്കപ്പെട്ട പ്രപഞ്ചമാണ്. മനുഷ്യനിർമ്മിത കമ്പ്യൂട്ടറുമായോ റൊബോട്ടുമായോ ആ വ്യവസ്ഥയെ താരതമ്യപ്പെടുത്താവുന്നതാണ്. എങ്ങനെയാണ് ഒരു റോബോട്ടിനെ മനുഷ്യൻ പ്രോഗ്രാം ചെയ്തിരിക്കുന്നത് അതനുസരിച്ചു മാത്രമെ അതിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതാണ് മനുഷ്യനില്ലാത്ത പ്രപഞ്ചത്തിന്റെ അവസ്ഥയും. മറ്റു ചില വചനങ്ങളും ഇതുതന്നെ സൂചിപ്പിക്കുന്നതായി കാണാം. "...സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനയ്ക്ക് (പ്രോഗ്രാം) വിധേയമാക്കപ്പെട്ട നിലയിൽ (അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു). അറിയുക, സൃഷ്ടിപ്പും ആജ്ഞാധികാരവും അവനുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനാണ്." (ഖു. 7:54). അല്ലാഹുവിനാണ് പ്രപഞ്ചത്തിലുള്ളതെല്ലാം അനുസരണയോടുകൂടിയും നിർബന്ധിതമായും കീഴ്പ്പെട്ടിരിക്കുന്നത് (ഖു. 3:83; 13:15).

ഇനി മനുഷ്യനടക്കമുള്ള പ്രപഞ്ചത്തെ അല്ലാഹു എങ്ങനെയാണ് വിവരിക്കുന്നതെന്ന് നോക്കാം. "ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് നീ കണ്ടില്ലേ?..." (ഖു. 22:18). ഇവിടെ അല്ലാ




ഹു മറ്റു സൃഷ്ടികളെപറ്റി 'മുഴുവനായും' എന്നു പറയുന്നുണ്ടെങ്കിലും മനുഷ്യനെപറ്റി അങ്ങനെ പറയുന്നില്ല; 'മനുഷ്യരിൽ കുറെപേരും' എന്നാണ് പറയുന്നത്. അതായത് മനുഷ്യരിൽ ബാക്കിയുള്ളവർ അല്ലാഹുവിനെ അനുസരിക്കാതെയും ജീവിക്കുന്നു എന്ന് സാരം. സ്വന്തം ഇഷ്ടാനുസാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് അല്ലാഹു നൽകിയതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രപഞ്ചത്തിൽ സ്വതന്ത്രേച്ഛയുള്ള ഒരേയൊരു ഘടകം മനുഷ്യൻ മാത്രമാണ്. ബാക്കി എല്ലാഘടകങ്ങളും (ജീവനുള്ളവയും ഇല്ലാത്തവയും) സമ്പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വ്യവസ്ഥകളാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. സമ്പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട ഒരു വസ്തുവെ പരീക്ഷിക്കേണ്ടതാവശ്യമില്ല. കാരണം അത് പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ചു മാത്രമെ പ്രവർത്തിക്കുകയുള്ളു. അല്ലാഹു മനുഷ്യന് സ്വന്തം തീരുമാനമനുസരിച്ചു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയതുകൊണ്ടാണ് അല്ലാഹുവിനെ അനുസരിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കേണ്ടിവരുന്നത്. ഇവിടെയും ന്യായമായും ഒരു ചോദ്യമുയർന്നേക്കാം. അതായത് മനുഷ്യൻ സ്വതന്ത്രേച്ഛ നൽകപ്പെടാതെ സൃഷ്ടാവിനെ അനുസരിക്കാൻ മാത്രം പ്രോഗ്രാം ചെയ്യപ്പെട്ടതായിരുന്നുവെങ്കിൽ അവനും മറ്റു ജീവികളെപോലെ അല്ലാഹുവിനെ അനുസരിക്കുകയും തദ്വാര പരീക്ഷണത്തിന്റെ ആവശ്യം ഒഴിവാക്കാനുമാകുമായിരുന്നല്ലോ. ബോധവും തീരുമാനമെടുക്കാൻ സ്വതന്ത്ര്യവുമില്ലാത്ത സമ്പൂർണ്ണമായും പ്രോഗ്രാം ചെയ്യപ്പെട്ട വസ്തുക്കളുടെ അനുസരണം, ബോധത്തോടുകൂടിയും സ്വമനസ്സാലെ അടിമപ്പെട്ടുമുള്ള അനുസരണത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. കാരണം സ്വതന്ത്രേച്ഛ നൽകപ്പെട്ട റൊബോട്ടുകൾ ബോധപൂർവ്വം തന്റെ യജമാനന്റെ ശക്തിയെയും അധികാരത്തെയും സമ്മതിച്ചുകൊടുത്തു സ്വമേധയാ കീഴ്പ്പെടുകവഴി സ്രഷ്ടാവിനുമാത്രം അവകാശപ്പെടാവുന്ന അഹംബോധത്തെ തൃപ്തിപ്പെടുത്തുന്നു.

മനുഷ്യന് ഇഷ്ടാനുസാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് പറയുമ്പോൾ, ആ സ്വാതന്ത്ര്യം ബോധപൂർവ്വം ചെയ്യുന്ന (അതായത് മനസ്സിന്റെ അറിവോടെ ചെയ്യുന്ന) പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണെന്ന് കൂടി മനസ്സിലാക്കണം. മനുഷ്യമനസ്സിന്റെ അധീനതയിൽപെടാത്ത ജീവൻ നിലനിർത്തുന്ന ആന്തരിക പ്രവർത്തനങ്ങളൊന്നും തന്നെ ഇതിൽപെടുന്നില്ല. മനുഷ്യശരീരത്തെ ഒരു മൃഗത്തിന്റെതുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വ്യത്യാസങ്ങൾ കൂടുതൽ മനസ്സിലാകുന്നതാണ്.


മനുഷ്യനിലും മൃഗങ്ങളിലും ശരീരഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ ഏകോപനമുണ്ടെന്നതിനാൽ മസ്തിഷ്കത്തിൽ അവയെ ഏകോപിപ്പിക്കുന്ന ഒരു പ്രോസസ്സർ (Central Processing Unit, CPU) പ്രവർത്തിക്കുന്നു

ണ്ടെന്ന് ന്യായമായും ഊഹിക്കാം (ചിത്രം 6.1). അത് മസ്തിഷ്കത്തിന്റെ ഏതെങ്കിലും ഭാഗമായിരിക്കാം. ഈ പ്രോസസ്സർ കൂടാതെ മറ്റൊരു പ്രോസസ്സർ അഥവാ 'മനസ്സ്' കൂടി മനുഷ്യമസ്തിഷ്കത്തിലുണ്ട്. മനുഷ്യനെ മൃഗത്തിൽ നിന്നും വ്യതിരിക്തമാക്കുന്ന അതുല്യമായ സവിശേഷതയാണ് 'മനസ്സ്' എന്ന് വിളിക്കപ്പെടുന്ന ഈ പ്രോസസ്സർ. ഒരു മൃഗശരീരത്തിനുള്ളിൽനിന്നും പുറത്തുനിന്നും ഉത്ഭവിക്കുന്ന സിഗ്നലുകളെല്ലാം ഒരേയൊരു പ്രോസസ്സറാണ് (CPU) കൈകാര്യം ചെയ്യുന്നതും ശരീര പ്രവർത്തനങ്ങളെ തീരുമാനിക്കുന്നതും അവയെ ഏകോപിപ്പിക്കുന്നതുമെല്ലാം. ഈ പ്രവർത്തനങ്ങളെല്ലാം ആ ജന്തുവിന്റെ ബയോസോഫ്റ്റ്വെയറിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചാണ്. പുറത്ത് നിന്ന് ഉത്ഭവിക്കുന്ന സിഗ്നലുകൾ കണ്ണ്, ചെവി, മൂക്ക് മുതലായ അവയവങ്ങളിലൂടെയാണ് (input ports) ശരീരത്തിലേക്ക് പ്രവേശിക്കുന്നത്. അവയിലടങ്ങിയ വിവരങ്ങൾ അതിന്റെ ബയോസോഫ്റ്റ്വെയറിന

**മൃഗ ജൈവറൊബോട്ട്**




**മനുഷ്യ റൊബോട്ട്**




**ചിത്രം 6.1. മൃഗ, മനുഷ്യ ജൈവറൊബോട്ടുകളുടെ താരതമ്യം.**

**കുറിപ്പ്:** മനുഷ്യനു മാത്രമെ ഖൽബും സദ്റും അല്ലാഹു നൽകിയിട്ടുള്ളു.



നുസൃതമായി പ്രോസസ്സ് ചെയ്തതിന്റെ പ്രതിഫലനമാണ് അതിന്റെ പ്രതികരണം. മനുഷ്യനിർമ്മിത റൊബോട്ടിന്റെ പ്രവർത്തന രീതിയും അങ്ങനെ തന്നെയാണ്. മനുഷ്യശരീരത്തിനകത്ത് നടക്കുന്ന ജീവൻ നിലനിർത്താനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും മൃഗങ്ങളിലെന്നപോലെ CPU ആണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ മനുഷ്യന്റെ സവിശേഷതയായ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ മനസ്സ് എന്ന പ്രോസസ്സറിന്റെ തീരുമാനപരിധിയിലുള്ളവയാണ്. അതായത് മനസ്സ് പ്രോസസ്സ് ചെയ്യുന്നതും തീരുമാനിക്കുന്നതുമായ കാര്യങ്ങളാണ് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ കലാശിക്കുന്നത്. മനസ്സ് എടുക്കുന്ന തീരുമാനം CPU വിലേക്കു പോകുന്നു. CPU അത് പ്രാവർത്തികമാക്കുന്നു. മനുഷ്യമനസ്സിന്റെ പല സവിശേഷതകളും ഖുർആൻ വെളിപ്പെടുത്തുന്നുണ്ട്.

മനുഷ്യന്റെ മനസ്സ് (അറബിഭാഷയിൽ 'ഖൽബ്') എന്ന പ്രോസസ്സർ വിവരങ്ങൾ സ്വീകരിക്കുന്ന (input port) അവയവുമാണ്. ജിബ്രീൽ മുഖേന ഖുർആൻ ഇറങ്ങിയത് മുഹമ്മദ് നബിയുടെ മനസ്സിലേക്കാണ് (ഖു. 26:192–194). കൂടാതെ സാത്താൻ സ്വാധീനിക്കുന്നതും മനസ്സിനെയാണ് (ഖു. 22:53).

മനുഷ്യമനസ്സ് വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്ന (അതായത് ചിന്തിക്കുന്ന, വിശകലനം ചെയ്യുന്ന), മനസ്സിലാക്കുന്ന, പഠിക്കുന്ന ഒരു അവയവമാണ്. ഖുർആൻ പറയുന്നത് കാണുക: "ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന മനസ്സോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു...." (ഖു. 22:46). "ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിനു വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്കു മനസ്സുകളുണ്ട് അതുപയോഗിച്ച് അവർ കാര്യങ്ങൾ ഗ്രഹിക്കുന്നില്ല...." (ഖു. 7:179).

മനുഷ്യമനസ്സിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ് സ്വതന്ത്രേച്ഛ അഥവാ സ്വയം തീരുമാനമെടുത്തു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം (freewill). മനുഷ്യറൊബോട്ട് ബോധത്തോടെ ചെയ്യുന്ന കാര്യങ്ങൾ സ്വന്തം തീരുമാനത്തിന്മേലാണ്. അനേകം സൂക്തങ്ങൾ ഇത് വ്യക്തമാക്കുന്നു. "...നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ (അല്ലാഹു) കണ്ടറിയുന്നുണ്ട്." (ഖു. 41:40). "തീർച്ചയായും നാം (അല്ലാഹു) അവന് (മനുഷ്യന്) വഴികാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു, അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു." (ഖു. 76:3).

മനുഷ്യനു മാത്രമാണ് കാഴ്ചയും കേൾവിയും പല സവിശേഷതകളും തികഞ്ഞ മനസ്സും (അഫ്ഇദ) അല്ലാഹു നൽകിയിരിക്കുന്നത് (ഖു. 67:23). 'അഫ്ഇദ' എന്ന അറബിപദത്തിനു പരിഭാഷകർ 'ഹൃദയ

ങ്ങൾ' എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്. 'അഫ്ഇദ'യുടെ ഏകവചനം 'ഫുആദ'. മനസ്സിന്റെ പല വികാരങ്ങളെയും, സ്വത്വബോധത്തേയും (അതായത് 'ഞാൻ' എന്ന ആത്മബോധം) കുറിക്കുന്ന പദമായാണ് 'അഫ്ഇദ'യെ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പരിഭാഷകളിൽ കാണുന്ന ചില അർത്ഥവ്യത്യാസങ്ങൾ പിന്നീട് ചർച്ച ചെയ്യപ്പെടുന്നുണ്ട്. മൃഗങ്ങൾക്ക് മനുഷ്യനെപ്പോലെ ചിന്തിക്കുവാനുള്ള കഴിവോ, കാണുവാനും കേൾക്കുവാനുമുള്ള കഴിവുകളോ ഇല്ലെന്ന് ഖുർആൻ പറയുന്നു: "അതല്ല, അവരിൽ അധികംപേരും കേൾക്കുകയോ, ചിന്തിക്കുകയോ ചെയ്യും എന്ന് നീ (മുഹമ്മദ് നബി) കരുതുന്നുണ്ടോ? അവർ കന്നുകാലികളെപോലെയാകുന്നു..." (ഖു. 25:44). "ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേൾക്കുന്നില്ല. അവർ കാലികളെപോലെയാകുന്നു...." (ഖു. 7:179). ഈ രണ്ടു സൂക്തങ്ങളിൽ നിന്നും മനസ്സിലാകുന്നത് മനസ്സ് (ഖൽബ്) ആണ് മനുഷ്യന് ബോധത്തോടുകൂടിയുള്ള അനുഭവം ഉണ്ടാക്കിത്തരുന്നതെന്നാണ്. മനസ്സ് ഇല്ലാത്ത മൃഗങ്ങൾക്ക് ബോധമോ, വികാരമോ, ചിന്തിക്കാനുള്ള കഴിവോ, മനുഷ്യൻ അവന്റെ ചുറ്റുമുള്ള ലോകത്തെ കാണുംവിധം കാണുവാനോ, കേൾക്കും വിധം കേൾക്കുവാനോ കഴിയുന്നില്ല എന്നാണ്. അവയ്ക്ക് കണ്ണുണ്ടെങ്കിലും കാണുന്നില്ല, കാതുണ്ടെങ്കിലും കേൾക്കുന്നില്ല എന്ന് ഖുർആൻ പറഞ്ഞതിന്റെ സാരം ഇതാണ്. ചുരുക്കിപ്പറഞ്ഞാൽ, തന്റെ ചുറ്റിലുമുള്ളവയെക്കുറിച്ച് മനുഷ്യനിലുള്ള ബോധപൂർവ്വമായ അനുഭവവും അതനുസരിച്ചുള്ള ഗ്രാഹ്യതയും വീക്ഷണവും മൃഗത്തിനില്ല എന്നതാണ്. മനുഷ്യനിർമ്മിത റൊബോട്ട് മൃഗത്തിന്റെ കൃത്രിമപ്പകർപ്പാണെന്ന് പറയാം. റൊബോട്ടിന് കണ്ണുണ്ടെങ്കിലും 'ഞാൻ കാണുന്നു' എന്ന തോന്നലോടുകൂടി കാണുന്നില്ല, അതുപോലെ അതിന് ചെവിയുണ്ടെങ്കിലും 'ഞാൻ കേൾക്കുന്നു' എന്ന അനുഭവത്തോടുകൂടി കേൾക്കുന്നില്ല. ചുറ്റുമുള്ള പരിസരത്തുനിന്നും വരുന്ന സിഗ്നലുകൾ അതിന്റെ സോഫ്റ്റ്‌വെയറനുസരിച്ചു പ്രോസസ്സ് ചെയ്തു അബോധാവസ്ഥയിൽ അത് പ്രവർത്തിക്കുന്നു. ഇതാണ് മൃഗങ്ങളുടെയും അവസ്ഥ. ഒന്നുരണ്ടു ഉദാഹരണങ്ങളിലൂടെ ഈ വസ്തുത ഇവിടെ വിശദീകരിക്കാം.

മനുഷ്യനെ സംബന്ധിച്ചിടത്തോളം കാഴ്ച, കേൾവി, സ്പർശം, രുചി, മണം എന്നിവയിൽ കലാശിക്കുന്നത് ബോധപൂർവ്വമുള്ള അവബോധമത്രെ. പ്രപഞ്ചത്തിന് സ്വന്തമായി ശബ്ദം, മണം, നിറം എന്നിങ്ങനെയുള്ള വിശേഷതകളൊന്നുംതന്നെ ഇല്ല. പ്രപഞ്ചം അടിസ്ഥാനപരമായി ഊർജ്ജമെന്ന ദൈവികനിർദ്ദേശങ്ങളും സന്ദേശങ്ങളുമാണ്. പ്രപഞ്ചത്തിൽ നിന്നുള്ള സിഗ്നലുകൾ മനുഷ്യനിലേക്ക് പ്രവേശിച്ചാൽ അവ മനുഷ്യനിലുള്ള ബയോസോഫ്റ്റ്‌വെയറിലെ നിർദ്ദേശങ്ങളനുസരിച്ച് മനസ്സ് എന്ന പ്രോസസ്സർ അവയെ എങ്ങനെ രൂപാന്തരപ്പെടുത്തുന്നുവോ അതാണ് മനുഷ്യന് ബോധ്യമാകുന്ന പ്രപഞ്ചത്തിന്റെ രൂപവും ഭാവവും സ്വഭാവവുമെല്ലാം. അതായത് മനുഷ്യമനസ്സ് നടത്തുന്ന, അദൃശ്യത്തിൽ നിന്ന് (സിഗ്നലുകൾ) ദൃശ്യരൂപത്തിലേക്കുള്ള ഈ രൂപാന്തരപ്പെടുത്തൽ വഴിയാണ് മനുഷ്യൻ തനിക്കുചുറ്റുമുള്ള ഭൗതിക പ്രപഞ്ചത്തെ സൃഷ്ടിക്കുന്നത്. അങ്ങനെ മനസ്സ് സൃഷ്ടിക്കുന്ന പ്രപഞ്ചമാണ് മനസ്സ് തന്നെ അനുഭവിക്കുന്നതും, ആസ്വദിക്കുന്നതും, വിവരിക്കുന്നതും, രൂപം കൊടുക്കുന്നതും, ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതും, എല്ലാം എല്ലാം. പ്രപഞ്ചത്തിന് നിറം എങ്ങനെ മനുഷ്യൻ കൽപിക്കുന്നുവെന്ന് നോക്കാം. മനുഷ്യൻ ചുവപ്പായി കാണുന്ന ഒരു വസ്തുവിനെ ഉദാഹരണമായെടുക്കാം. ഈ വസ്തു പുറത്തുവിടുന്ന പ്രാകാശതരംഗങ്ങൾ ഏതാണ്ട് 600 നാനോമീറ്റർ നീളമുള്ളതാണ്. ഈ തരംഗങ്ങൾ കണ്ണുകളിലൂടെ മനസ്സ് എന്ന പ്രോസസ്സറിലെത്തുമ്പോൾ ആ സിഗ്നലിലുള്ള ദൈവീക വിവരത്തെ മനുഷ്യന്റെ ബയോസോഫ്റ്റ്‌വെയർ അനുസരിച്ചുള്ള പ്രകൃതിയിലേക്ക് മാറ്റുന്നു. അങ്ങനെ സൃഷ്ടിക്കപ്പെട്ട നിറമാണ് ആ വസ്തുവിന് മനുഷ്യൻ കൽപിക്കുന്നത്. ആ വസ്തു മനുഷ്യന് ചുവപ്പായി കാണുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യ ബയോസോഫ്റ്റ്‌വെയർ ആ സിഗ്നലിനു നീലനിറമാണ് നിർണ്ണയിക്കുന്നതെങ്കിൽ മനസ്സ് ആ നിറമായിരിക്കും അതിനു നൽകുക. ചുരുക്കിപ്പറഞ്ഞാൽ പ്രപഞ്ചത്തിന്റെ പ്രകൃതിയും രൂപവും എല്ലാം തന്നെ മനുഷ്യന്റെ ബയോസോഫ്റ്റ്‌വെയർ അനുസരിച്ച് മനസ്സ് സൃഷ്ടിക്കുന്നതിനനുസൃതമായിരിക്കും. അതിനാൽ ഈ പ്രപഞ്ചത്തിന് സ്വന്തമായ രൂപമോ, ഭാവമോ ഒന്നും ഇല്ല. പ്രപഞ്ചമെന്നത് ഊർജ്ജമെന്ന ദൈവിക നിർദ്ദേശങ്ങളുടെയും സന്ദേശങ്ങളുടെയും സമാഹാരം മാത്രം.

മൃഗങ്ങൾക്കും മറ്റു ജീവികൾക്കും മനസ്സ് എന്ന പ്രോസസ്സർ ഇല്ലാത്തതുകൊണ്ട് അവ അബോധാവസ്ഥയിലാണ് ജീവിക്കുന്നത്. മനുഷ്യ നിർമ്മിത റൊബോട്ട് പോലെ അവ ചലിക്കുന്നു, പ്രവർത്തിക്കുന്നു. ഒന്നും അറിയുന്നില്ല, അനുഭവിക്കുന്നില്ല. പ്രപഞ്ചത്തിൽ നിന്നുത്ഭവിക്കുന്ന സിഗ്നലുകളെ ബയോസോഫ്റ്റ്‌വെയർ അനുസരിച്ചു അവയുടെ പ്രോസസ്സർ (CPU) വിവർത്തനം ചെയ്ത വിധത്തിൽ അവ അബോധാവസ്ഥയിൽ പ്രതികരിക്കുന്നു.

ഒരു വ്യക്തിക്ക് "ഞാൻ" എന്ന ബോധവും ഭാവവും ഉണ്ട്. അങ്ങനെയൊരു വികാരം മറ്റു ജീവികൾക്കില്ല. അവ ഒന്നും അനുഭവിക്കുന്നി

ല്ല, മനുഷ്യൻ അനുഭവിക്കുന്നതുപോലെ. വേദനപോലും അവയ്ക്കില്ല യെന്നു പറയുമ്പോൾ പല സംശയങ്ങളും ചോദ്യങ്ങളും ഉണ്ടാകാം. മൃഗങ്ങൾ വേദനയും മറ്റു പല വികാരങ്ങളും പ്രകടിപ്പിക്കുന്നുണ്ടല്ലോ എന്ന ചോദ്യം ഉയർന്നേക്കാം. എന്നാൽ ആ വക പ്രകടനങ്ങളെല്ലാം ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. ആന്തരീകമായി അനുഭവിക്കാത്തവ. മനുഷ്യൻ നിർമ്മിക്കുന്ന റൊബോട്ടുകൾക്കും ഇങ്ങനെയുള്ള ബാഹ്യപ്രകടനങ്ങൾ കാണിക്കാൻ കഴിവുകൊടുക്കാവുന്നതാണ്. "വികാര പ്രകടനങ്ങൾ" എന്ന് തോന്നിപ്പിക്കുന്ന ഭാവങ്ങൾ പുറത്തു കാട്ടുന്ന റൊബോട്ടുകൾ ഇതിനകം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മറ്റു ജീവികൾ കാണിക്കുന്ന ബാഹ്യ പ്രകടനങ്ങൾ ആന്തരികവികാരത്തിന്റെയും ബോധപൂർവ്വമുള്ള അനുഭവത്തിന്റെയും പ്രതിഫലനമാണെന്ന് നമുക്ക് തോന്നിയേക്കാം. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അതിനെ വിശകലനം ചെയ്യുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. ഒരു മൃഗം മർദ്ദിക്കപ്പെടുമ്പോൾ ആന്തരീകമായി വേദന അനുഭവപ്പെടുന്നില്ല. മർദ്ദനത്തിൽ നിന്നും ഉത്ഭവിക്കുന്ന സിഗ്നലുകൾ ചില ബാഹ്യഭാവങ്ങൾ പ്രദർശിപ്പിക്കുവാനെ വ്യവസ്ഥയുള്ളൂ. എന്നാൽ ആ സ്ഥിതിയിൽ മനുഷ്യൻ ബാഹ്യപ്രകടനങ്ങൾ കൂടാതെ ഉള്ളിൽ വേദന അനുഭവിക്കുന്നതുമാണ്. വേദന കാരണം നടക്കാൻ പോലും സാധിക്കാതെ കിടന്നുപോകും. പക്ഷേ ഒരു മൃഗം വേദനയില്ലാത്തതിനാൽ ഓടുന്നത് കാണാം. മെഴുകുതിരിയുടെ ജ്വാലയിൽ ചിറകു കരിഞ്ഞ ഒരു ശലഭം അബോധാവസ്ഥയിൽ വീണ്ടും മെഴുകുതിരിയിലേക്ക് (പ്രകാശത്തിലേക്ക്) ആകർഷിക്കപ്പെടുന്നതും വേദന അനുഭവിക്കാത്തതു മൂലമാണ്. അങ്ങനെ നോക്കുമ്പോൾ മനസ്സ് വളരുന്നതിനുമുമ്പുള്ള മനുഷ്യശിശുവിന്റെ അവസ്ഥയും മറിച്ചല്ല. മനുഷ്യശിശു ഒന്നും അനുഭവിക്കുന്നില്ല. ഒരു മൃഗത്തെ പോലെ അബോധാവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്നു മാത്രം. അതിന് 'ഞാൻ' എന്ന ബോധമോ, വേദനയോ, മറ്റു വികാരങ്ങളോ ഇല്ല. മനസ്സ് വികസിച്ചു കഴിഞ്ഞാൽ മാത്രമെ ഇത്തരം വിശേഷതകൾ ശിശുവിന് ഉണ്ടാകുകയുള്ളുവെന്നു അനുമാനിക്കാം. ഖുർആനിലെ 67:23; 7:179; 25:44 എന്നീ സൂക്തങ്ങൾ വെളിപ്പെടുത്തുന്ന മൃഗങ്ങൾക്കു നൽകിയിട്ടില്ലാത്ത, മനുഷ്യനു മാത്രം നൽകപ്പെട്ട സവിശേഷതകളെല്ലാംതന്നെ മനസ്സിന്റെ സവിശേഷതകളാണെന്നു കമ്പ്യൂട്ടർ മാതൃകയുടെ വെളിച്ചത്തിൽ വിശദീകരിക്കാവുന്നതാണ്. മറ്റെല്ലാ ജീവികളെയും മനുഷ്യാവശ്യങ്ങൾക്കായി കൊല്ലാനുള്ള അനുവാദം നീതിമാനും കാരുണ്യവാനുമായ അല്ലാഹു കൊടുക്കുമ്പോൾ അവയെ സൃഷ്ടിച്ചത് വേദന അനുഭവപ്പെടുന്നവയായിട്ടായിരിക്കില്ലല്ലോ. കൂടാതെ ജീവികൾ തന്നെ പരസ്പരം ഭക്ഷണമായിട്ടാണ് പ്രകൃതിയിൽ ആസൂത്രണം ചെയ്തിരിക്കപ്പെട്ടിരിക്കുന്നതെന്നും നമുക്ക് കാണാവുന്നതാണ്.



അവ വേദനയും വികാരവും ബോധവുമില്ലാത്ത ജന്തുക്കളാണെന്നു സ്പഷ്ടം.

പതിനേഴാം നൂറ്റാണ്ടിലെ പ്രശസ്ത ഫ്രഞ്ച് ഗണിത ശാസ്ത്രജ്ഞനും ചിന്തകനുമായിരുന്ന ഡെകാർടെസ് (Descartes) മൃഗങ്ങളെ 'മനസ്സ്' ഇല്ലാത്ത വെറും യന്ത്രമായിട്ടാണ് കണ്ടത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ജന്തുക്കൾക്ക് ബുദ്ധിയില്ലാത്തതും ആശയങ്ങൾ ഭാഷയിലൂടെ കൈമാറാൻ കഴിയാത്തതും 'മനസ്സ്' ഇല്ലാത്തത് കൊണ്ടാണെന്നാണ്. അതുപോലെ കാറുതർസ് (Carruthers) മൃഗങ്ങൾക്ക് ബോധ (consciousness)മില്ലെന്നു പറഞ്ഞതും ഇക്കാരണത്താലാണ്. ഉറക്കത്തിൽ നിന്നും എഴുന്നേറ്റു ബോധമില്ലാതെ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളോട് (somnambulism) ജന്തുക്കളുടെ പ്രവർത്തനം തുലനം ചെയ്യാവുന്നതാണ്. "മനസ്സ്" എന്ന ബോധമുള്ള പ്രൊസസ്സറെ സന്ദേശങ്ങളിൽനിന്നും ഭൗതികമല്ലാത്ത വിധത്തിൽ വേർപെടുത്തപ്പെട്ട അവസ്ഥയാണ് ഉറക്കമെന്ന് പറയാം. അതായത് ഉറങ്ങുമ്പോൾ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെയും ആന്തരാവയവങ്ങളിൽ നിന്നും ഒരു സന്ദേശവും മനസ്സിലേക്ക് അയക്കപ്പെടുന്നില്ല. മനസ്സ് അറിയുന്നില്ല, അതുകൊണ്ട് വ്യക്തിക്ക് ബോധമില്ല. ശരീരത്തിന്റെ ജീവപ്രവർത്തനങ്ങൾ CPU നിർവ്വഹിക്കുന്നുവെന്നുമാത്രം.


ഖുർആനിൽ പ്രതിപാദിക്കുന്ന 'സദ്ർ' എന്ന പദം എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നും കമ്പ്യൂട്ടർ മാതൃകയുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇഹലോക പരീക്ഷണ ജീവിതത്തിൽ ഓരോ വ്യക്തിയും ബോധപൂർവ്വം (അതായത് മനസ്സിന്റെ നിർദ്ദേശത്തോടെ) ചെയ്യുന്ന ഓരോ കാര്യവും—അത് തീരുമാനം മാത്രമോ, പ്രവർത്തനമോ ആകട്ടെ—തത്സമയം രേഖപ്പെടുത്തപ്പെടുന്നുണ്ടെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു (ഖു. 36:12; 54:52–53). "തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തു വെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു." (ഖു. 36:12). "അവർ പ്രവർത്തിച്ച ഏത് കാര്യവും രേഖകളിലുണ്ട്. ഏത് ചെറിയകാര്യവും വലിയ കാര്യവും രേഖപ്പെടുത്തി വെക്കപ്പെടുന്നതാണ്." (ഖു. 36:12; 54:52–53). ആ വിവരങ്ങളെല്ലാം രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കുന്ന മെമറിയാണ് സദ്ർ. CPU വിന്റെ മെമറിയുമായി ഇതിനു ബന്ധമില്ല (ചിത്രം 6.1 കാണുക). അതായത് ഒരാളുടെ ജീവിതത്തിൽ ബോധത്തോടെ ചെയ്യുന്ന എല്ലാ കാര്യങ്ങളുടെയും രേഖയായിരിക്കും സദ്റിലുള്ള വിവരങ്ങൾ. സദ്റിനെ അക്കാരണത്താൽ മനുഷ്യ മെമറിയെന്നു വിളിക്കാം.

മനുഷ്യമനസ്സി (ഖൽബ്)ലുള്ളതും (ഖു. 4:63), മെമറി (സദ്ർ)യി

ലുള്ളതും മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ് (ഖു. 3:29). "അത്തരക്കാരുടെ മനസ്സുകളിൽ (ഖൽബ്) എന്താണുള്ളതെന്ന് അല്ലാഹുവിന്നറിയാം. ആകയാൽ (നബിയേ,) അവരെ വിട്ട് തിരിഞ്ഞുകളയുക. അവർക്ക് സദുപദേശം നൽകുകയും, അവരുടെ മനസ്സിൽ തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക." (ഖു. 4:63). "(നബിയേ,) പറയുക: നിങ്ങളുടെ മെമറി (സദ്ർ)കളിലുള്ളത് നിങ്ങൾ മറച്ചു വെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവനറിയുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു." (ഖു. 3:29). മെമറിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കപ്പെട്ട വിവരങ്ങൾ വീണ്ടെടുത്താൽ (information retrieval) ഒരു വ്യക്തിയുടെ ജീവിതത്തിൽ ബോധപൂർവ്വം ചെയ്തതായ കർമ്മങ്ങളുടെ സമ്പൂർണ്ണ രേഖയായിരിക്കും ലഭിക്കുക. മരണസമയത്ത് മലക്കുകൾ ഒരു വ്യക്തിയുടെ ബയോസോഫ്റ്റ്വെയർ (നഫ്സ്) നീക്കുമ്പോൾ അയാളുടെ മെമറിയിൽ ശേഖരിക്കപ്പെട്ട വിവരങ്ങളും വീണ്ടെടുക്കുന്നുണ്ടെന്ന് വേണം കരുതാൻ. കാരണം വിധിനാളിൽ അല്ലാഹു ഓരോ വ്യക്തിയുടെയും മെമറിയിലുള്ള രേഖ പുറത്ത് കൊണ്ടുവരുന്നതാണെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു. "തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദി കെട്ടവൻ തന്നെയാണ്. തീർച്ചയായും അവൻ അതിന് സാക്ഷ്യം വഹിക്കുന്നവനുമാകുന്നു. തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനുമാകുന്നു. എന്നാൽ അവൻ അറിയുന്നില്ലേ, ഖബ്റുകളിലുള്ളത് പുറത്ത് കൊണ്ടുവരപ്പെടുകയും മെമറി (സദ്ർ)യിലുള്ളത് വെളിക്ക് കൊണ്ടുവരപ്പെടുകയും ചെയ്താൽ, തീർച്ചയായും അവരുടെ രക്ഷിതാവ് അന്നേ ദിവസം അവരെപ്പറ്റി സൂക്ഷമമായി അറിയുന്നവൻ തന്നെയാകുന്നു." (ഖു. 100:6–11). കൂടാതെ വിധിനാളിൽ ഓരോ അവയവവും അത് ചെയ്തതായ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമെന്നും ഖുർആൻ പറയുന്നു (ഖു. 36:65; 41:20–23). ഇത് സൂചിപ്പിക്കുന്നത് ഓരോ അവയവത്തിന്റെയും കോശങ്ങളിലുള്ള ക്രോമൊസോമുകളിൽ ആ അവയവത്തിന്റെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്നും അങ്ങനെ രേഖപ്പെടുത്തപ്പെട്ട വിവരങ്ങളും മെമറി (സദ്ർ)യിലുള്ള വിവരങ്ങൾപോലെ മരണസമയത്ത് വീണ്ടെടുക്കപ്പെടുമെന്നുമാണ്.

മനുഷ്യശരീരത്തിൽ എവിടെയാണ് "മനസ്സ്" (ഖൽബ്) എന്ന പ്രോസസ്സറും, മെമറി (സദ്ർ)യും സ്ഥിതിചെയ്യുന്നതെന്ന് ഖുർആൻ ഏകദേശ സൂചനയും നൽകുന്നുണ്ട്. മനസ്സ് (ഖൽബ്) സ്ഥിതിചെയ്യുന്നത് മെമറിയി (സദ്ർ) ലാണ് (ഖു. 22:46). അതായത് മെമറി കോശങ്ങൾക്കിടയിലാണ് മനസ്സ് എന്നു വിശേഷിപ്പിക്കാവുന്ന കോശങ്ങളും സ്ഥിതിചെയ്യുന്നത്. അപ്പോൾ ഇതിലേതെങ്കിലും ഒന്നിന്റെ സ്ഥാനം മനസ്സി





**ചിത്രം 6.2. മനസ്സും (ഖൽബ്) മെമറി (സദ്ർ)യും സ്ഥിതിചെയ്യുന്നുവെന്നു കരുതാവുന്ന മസ്തിഷ്കത്തിന്റെ ഭാഗമായ സെറിബെല്ലം**

ലായാൽ മറ്റെതിന്റെ സ്ഥാനവും അറിയാനാകും. ഖുർആൻ നൽകുന്ന സൂചന കാണുക (ഖു. 17:13): "ഓരോ മനുഷ്യനും അവന്റെ ഭാഗധേയം അവന്റെ കഴുത്തിൽ തന്നെ ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഒരു ഗ്രന്ഥം നാം അവനുവേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും." (ഖു. 17:13). ഈ വചനത്തിൽ സൂചിപ്പിക്കുന്ന "ഭാഗധേയം" അയാളുടെ മെമറിയിൽ (സദ്ർ) നിന്നെടുക്കുന്ന വിവരശേഖരമാണെന്ന് മനസ്സിലാക്കാം. അതിനെയാണ് ഗ്രന്ഥമെന്ന് വിശേഷിപ്പിച്ചത്. അതായത് ഒരാളുടെ പരീക്ഷണ ജീവിതത്തിന്റെ വിജയവും പരാജയവും തീരുമാനിക്കപ്പെടുന്നതിന്റെ ആധാരമായ ഗ്രന്ഥം. ഈ ഗ്രന്ഥം കഴുത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് പറയുമ്പോൾ അത് മെമറിയുടെ സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. കഴുത്ത് എന്നത് കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് കഴുത്തിനോടടുത്ത മസ്തിഷ്കഭാഗമാണെങ്കിൽ, ആ ഭാഗം സെറിബെല്ലം (Cerebellum) ആവാനാണ് സാധ്യത (ചിത്രം 6.2 കാണുക). മനസ്സ് (ഖൽബ്) സ്ഥിതിചെയ്യുന്നത് മെമറിയി (സദ്ർ)ലായതുകൊണ്ട് (ഖു. 22:46), സെറിബെല്ലത്തിൽ തന്നെയാവാം മനസ്സിന്റെ കോശങ്ങളും സ്ഥിതിചെയ്യുന്നത്. അങ്ങനെ നോക്കുമ്പോൾ സെറിബെല്ലം എന്ന മസ്തിഷ്കഭാഗം, വിവരം പ്രോസസ്സ് ചെയ്യുന്നതിന്റെയും വിനിമയം ചെയ്യുന്നതിന്റെയും സിരാകേന്ദ്രമായിരിക്കണം. കൂടാതെ ബോധത്തോടെ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ തീരുമാനങ്ങളെടുക്കുന്നതും അവയുടെ ആജ്ഞകളുടെ പ്രഭവസ്ഥാനവും അതായിരിക്കണം. ഈ ആജ്ഞകൾ അതാത് അവയവങ്ങളിലേക്ക് സഞ്ചരിക്കുന്നതും അവ നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു. ബോധപൂർവ്വമായ പ്രവർത്തനങ്ങൾ അങ്ങനെയാണ് നിർവ്വ

ഹിക്കപ്പെടുന്നതെന്ന് മനസ്സിലാക്കാം. ലഭ്യമായ ശാസ്ത്ര അറിവുകൾ മനസ്സ് സ്ഥിതിചെയ്യുന്നത് സെറിബെല്ലത്തിലാകാമെന്നതിനു ഒട്ടേറെ തെളിവുകൾ തരുന്നു. മസ്തിഷ്കത്തിലുള്ള ന്യൂറോൺസിന്റെ 50%വും അതിന്റെ 10% മാത്രം വലുപ്പമുള്ള സെറിബെല്ലത്തിലാണുള്ളത്. അത് ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ (ഉദാ. നടത്തം, സംസാരം, മുതലായവ) മേൽ നോട്ടം വഹിക്കുന്നു. ഇവയൊക്കെ മനസ്സിന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളായതുകൊണ്ട് സെറിബെല്ലമായിരിക്കാം 'മനസ്സ്' എന്ന പ്രോസസ്സർ സ്ഥിതിചെയ്യുന്ന ഭാഗമെന്ന് കരുതാം.

ഇവിടെ ഒരു കാര്യം ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ഇബിലീസിനെയും സാത്താനെയും ശാസ്ത്രീയമായി വേർതിരിച്ചു മനസ്സിലാക്കാൻ കമ്പ്യൂട്ടർ മാതൃക സഹായിച്ചതുപോലെ, ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്ന ഖൽബ്, സദ്ർ, ഫുആദ (ബഹുവചനം അഫ്ഇദ) എന്നീ പദങ്ങൾ എന്താണ് സൂചിപ്പിക്കുന്നതെന്നും ഈ മാതൃകയിലൂടെ മനസ്സിലാക്കാൻ കഴിയുന്നു എന്നതാണ്. യൂസഫ് അലി ഒഴികെ മറ്റു ഇംഗ്ലീഷ്, മലയാളം പരിഭാഷകർ ഈ മൂന്നു പദങ്ങൾക്കും സാധാരണ കൊടുക്കുന്ന അർത്ഥം ഹൃദയം, മനസ്സ്, നെഞ്ച് എന്നൊക്കെയാണ്. ഖൽബും, സദ്റും തമ്മിൽ അർത്ഥവ്യത്യാസം പരിഭാഷകർ കാണിക്കുന്നില്ല. യൂസഫ് അലി അഫ്ഇദക്ക് "വികാരം" (feeling) എന്ന അർത്ഥവും കൊടുത്തിട്ടുണ്ട്. അതാണ് ഇവിടെ സ്വീകരിച്ചതും (സൂക്തം 67:23 ന്റെ യൂസഫ് അലിയുടെ ഇംഗ്ലീഷ് പരിഭാഷ കാണുക). ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത് ചില ഖുർആൻ വചനങ്ങൾ വിശദീകരിക്കുവാൻ ശാസ്ത്രത്തിന്റെ സഹായവും ആവശ്യമാണെന്നതാണ്.

മേൽ കൊടുത്ത വിവരണങ്ങളിൽ നിന്നും വിശദീകരണങ്ങളിൽ നിന്നും മനസ്സിലാകുന്നത്, 'മനസ്സ്' മനുഷ്യനുമാത്രം ദൈവം കൊടുത്തിട്ടുള്ള സവിശേഷതകൾ നിറഞ്ഞ ഒരു അവയവമാണെന്നാണ്. ഒരു വ്യക്തിക്ക് അയാളുടെ മനസ്സെന്ന പ്രോസസ്സറാണ് ബോധവും, സ്വതന്ത്രമായി തീരുമാനമെടുക്കുവാനുള്ള കഴിവും, വികാരങ്ങളും, പ്രപഞ്ചത്തെ മനുഷ്യ ബയോസോഫ്റ്റ്വെയറിന്റെ അടിസ്ഥാനത്തിൽ രൂപവും ഭാവവുമുള്ള പ്രതിഭാസമായി മാറ്റാനുള്ള കഴിവും പ്രദാനം ചെയ്യുന്നത്. സ്വന്തമായി തീരുമാനമെടുക്കാൻ മനസ്സിന് കഴിവും സ്വാതന്ത്ര്യവും നൽകപ്പെട്ടതുകൊണ്ടാണ് അല്ലാഹു മനുഷ്യനെ പരീക്ഷണ വിധേയമാക്കിയത്. മറ്റു ജീവികൾക്ക് 'മനസ്സ്' നൽകപ്പെടാത്തതുകൊണ്ടാണ് അവയെ പരീക്ഷിക്കേണ്ട ആവശ്യമില്ലാത്തതും.

## ഇഹലോകജീവിതം ദൈവികപരീക്ഷണം

എന്താണ് അല്ലാഹു മനുഷ്യനിൽനിന്ന് പ്രതീക്ഷിക്കുന്നത്? ഈ



ചോദ്യത്തിന്റെ ഉത്തരമാണ് മനുഷ്യജീവിതത്തിന്റെ കാതലായ വശവും അന്തിമ ലക്ഷ്യവും. അതു മനസ്സിലാക്കാതെ ജീവിതം നയിക്കുന്നവർ നഷ്ടത്തിലേക്കുള്ള വഴിയാണ് സ്വയം തെളിക്കുന്നത്. ആധുനിക ശാസ്ത്രം പ്രപഞ്ചത്തിനോ മനുഷ്യ ജീവിതത്തിനോ ലക്ഷ്യമുണ്ടെന്ന് പറയുന്നില്ലെന്ന് മാത്രമല്ല ഇല്ലെന്ന് വാദിക്കുകയുമാണ്. പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിക്കുവാനുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം മനുഷ്യനെ പരീക്ഷിക്കുവാനാണെന്ന് രണ്ടാം അദ്ധ്യായത്തിൽ വിശദീകരിച്ചുവല്ലോ. ഓരോ വ്യക്തിയേയും അല്ലാഹു ഈ ഭൂമിയിൽ സൃഷ്ടിക്കുന്നത് പരീക്ഷിക്കുവാനാണ്. അദൃശ്യമായ നിലയിൽ അല്ലാഹുവിൽ വിശ്വസിച്ചു അവന്റെ കൽപനകൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി സ്വയം സമർപ്പിക്കുന്നവരെ കണ്ടെത്തി ഇനി സൃഷ്ടിക്കുന്ന ശാശ്വതമായ സ്വർഗ്ഗഭൂമിയിൽ അവരെ തന്റെ സേവകരായി നിയോഗിക്കുവാനുള്ള ദൈവീക ദൗത്യത്തിന്റെ മുന്നോടിയായാണ് ഇഹലോക ജീവിതമെന്ന മനുഷ്യപരീക്ഷണത്തെ വിലയിരുത്തേണ്ടത്. മനുഷ്യരോരോരുത്തരും ഈ ദൈവികോദ്ദേശ്യം ഉൾക്കൊണ്ട് അനശ്വരമായ സ്വർഗ്ഗഭൂമിയിലേക്കുള്ള പ്രതിനിധി തെരഞ്ഞെടുപ്പിൽ വിജയം കൈവരിക്കാൻ മാത്രമായിരിക്കണം ഇഹലോകജീവിതത്തിന്റെ ലക്ഷ്യമായി സ്വീകരിക്കേണ്ടത്. ആ ലക്ഷ്യപ്രാപ്തിക്കായി ഒരു വ്യക്തിക്ക് ലഭിക്കുന്ന ഒരേയൊരു അവസരമാണ് ഈ ജീവിതം. ഈ അവസരം നഷ്ടപ്പെടുത്തുന്നവർ സ്വന്തത്തോടു ചെയ്യുന്ന ഏറ്റവും വലിയ ധിക്കാരമാണെന്നും, അതുമൂലം സമ്പാദിക്കുന്നത് ഏറ്റവും വലിയ ശിക്ഷയാണെന്നും മനസ്സിലാക്കുന്നില്ല. പരീക്ഷണത്തിൽ വിജയിക്കുന്നവർക്ക് മനുഷ്യ ഭാവനകൾക്കതീതമായ സുഖസൗകര്യങ്ങളുള്ള ശാശ്വതമായ സ്വർഗ്ഗപൂങ്കാവനങ്ങൾ പ്രപഞ്ചസൃഷ്ടാവായ അല്ലാഹു വാഗ്ദാനം ചെയ്യുമ്പോൾ ആ സത്യത്തിൽ വിശ്വസിക്കാതെ പ്രപഞ്ചവും മനുഷ്യനും ഏതെങ്കിലും ഉദ്ദേശ്യത്തോടുകൂടിയല്ല ഉണ്ടായതെന്നും, അവ തികച്ചും യാദൃശ്ചികമായി സ്വയം ഭൂവായുണ്ടായതാണെന്നുമുള്ള സാത്താനിക ആശയങ്ങളിൽ വിശ്വസിച്ച് ജീവിക്കുന്നവർ തങ്ങൾ നഷ്ടപ്പെടുത്തുന്ന സുവർണ്ണാവസരത്തെപറ്റി അല്പമെങ്കിലും ബോധവാന്മാരായിരുന്നെങ്കിൽ!

## പരീക്ഷണപ്രക്രിയ

ബോധപൂർവ്വം സ്വന്തമായി തീരുമാനമെടുക്കുവാനും പ്രവർത്തിക്കാനും കഴിവുള്ള റൊബോട്ടിനെ മനുഷ്യൻ ഭാവിയിൽ വികസിപ്പിച്ചെടുക്കുകയാണെങ്കിൽ മനുഷ്യന്റെ കൽപനകൾ അനുസരിച്ചു മനുഷ്യതാൽപര്യങ്ങൾ മാത്രം മുൻനിർത്തി അത് പ്രവർത്തിക്കുമോയെന്ന് പരീക്ഷിക്കേണ്ടിവരുമെന്നു രണ്ടാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. അ

ല്ലാഹുവിന്റെ റൊബോട്ടായ മനുഷ്യനും അത്തരം ഒരു പരീക്ഷണത്തെയാണ് ഇഹലോകജീവിതകാലത്ത് വിധേയനാക്കപ്പെട്ടിരിക്കുന്നതും അഭിമുഖീകരിക്കുന്നതും. മനുഷ്യറൊബോട്ടിന്റെ പരീക്ഷണത്തിനായി അല്ലാഹു അവലംബിച്ച രീതിയും അതിനായി സൃഷ്ടിച്ച പ്രപഞ്ചമെന്ന് നാം വിളിക്കുന്ന അടിസ്ഥാനസൗകര്യങ്ങളും ഏവരെയും ചിന്തിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളാണ്. പ്രപഞ്ചസൃഷ്ടിപ്പും പ്രപഞ്ചഘടകങ്ങളും മനുഷ്യപരീക്ഷണത്തിനാവശ്യമായ എല്ലാ വിഭവങ്ങളും സൗകര്യങ്ങളും ഒരു കമ്പ്യൂട്ടർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രൂപകൽപനചെയ്തു സൃഷ്ടിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കുമ്പോൾ മനുഷ്യ നിർമ്മിത റൊബോട്ടിനെ പരീക്ഷിക്കേണ്ട ആവശ്യം ഭാവിയിൽ വരികയാണെങ്കിൽ ഖുർആനിൽ പറഞ്ഞിരിക്കുന്ന പരീക്ഷണരീതിതന്നെയാണ് മികച്ചതെന്ന് മനുഷ്യന് ബോധ്യമാകും. മാത്രമല്ല റൊബോട്ടിന്റെ സ്വഭാവങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തി അല്ലാഹുവിന്റെ മാതൃകതന്നെയായിരിക്കും അടിസ്ഥാനമായി മനുഷ്യനും അവലംബിക്കുക എന്നതിൽ സംശയമില്ല. ഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്ന സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തള്ളിക്കളയുന്നവർ ഈ പ്രപഞ്ചത്തിന്റെ സംവിധാനത്തിലും ഘടകങ്ങളുടെ പ്രവർത്തനങ്ങളിലും ഒരു ഉദ്ദേശ്യവും കണ്ടെത്തുകയില്ല. മറിച്ച് ഖുർആനിക വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ദൈവിക ഉദ്ദേശ്യം മനസ്സിലാക്കുകയും അതിന്റെ വെളിച്ചത്തിൽ പ്രപഞ്ചഘടകങ്ങളെയും അവയുടെ സംവിധാനങ്ങളെയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ മാത്രമെ ദൈവീക ഉദ്ദേശ്യവും പ്രപഞ്ചഘടക പ്രവർത്തനങ്ങളും തമ്മിലുള്ള യോജിപ്പും പ്രസക്തിയും മനസ്സിലാക്കാനാവൂ. അങ്ങനെയല്ലാതെയുള്ള ശാസ്ത്രീയ വിലയിരുത്തൽ അബദ്ധവും അപൂർണ്ണവും സമഗ്രവുമല്ലാത്തതുമാകുന്നു. "മരങ്ങളെകണ്ടു, കാട് കണ്ടില്ല" എന്നത് പോലെയായിരിക്കുമത്. അല്ലാഹു പറയുന്നത് കാണുക: "തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപകലുകൾ മാറിമാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവിനെ ഓർമ്മിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രേ അവർ. (അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ, നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ." (ഖു. 3:190–191).

മനുഷ്യസമൂഹം ഭൂമിയിൽ ദൈവിക പരീക്ഷണത്തിനു വിധേയമാകുമ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യമെന്താണെന്നും താൽപര്യങ്ങൾ എന്താണെന്നുമൊക്കെ പഠിപ്പിക്കുക, അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുക, അവരുടെ ഭാവി എന്താണെന്നും അവരിൽ നിന്നു അല്ലാഹു എന്താണ് പ്രതീക്ഷിക്കുന്നതെന്നും അവരെ അറിയിക്കുക, ഭൂമിയിൽ അവരുടെ പരീക്ഷണജീവിതം സമാധാനപൂർവ്വമാകുന്നതിനുതകുന്ന അത്യാവശ്യനിയമങ്ങളും ചട്ടങ്ങളും നൽകുക എന്നിവയൊക്കെ പരീക്ഷണം നടത്തുന്ന സ്രഷ്ടാവിന്റെ ബാധ്യതയാണ്. ഇതു സംബന്ധിച്ചു അല്ലാഹു പറയുന്നു: "തീർച്ചയായും മാർഗ്ഗദർശനം നമ്മുടെ ബാധ്യതയാകുന്നു." (ഖു. 92:12). അല്ലാഹു മനുഷ്യനെ പരീക്ഷിക്കുന്നതും വിലയിരുത്തുന്നതും അവന്റെ മാത്രം നിർദ്ദേശങ്ങളെ ആധാരമാക്കിയാണ്. ഈ നിർദ്ദേശങ്ങളാണ് അല്ലാഹുവിന്റെ മാർഗ്ഗദർശനമതമായ ഇസ്ലാംമതം–താൻ സൃഷ്ടിച്ച ജനകോടികളിൽ നിന്നും തന്നെ അനുസരിക്കുന്ന ദാസന്മാരെ (റൊബോട്ടുകളെ) തെരഞ്ഞെടുക്കുന്നതിനുള്ള ദൈവിക ആധാരം.

ദൈവിക സന്ദേശങ്ങൾ ആദം മുതൽ ലോകാവസാനം വരെയുള്ള ജനങ്ങലിലേക്ക് എത്തിക്കാൻ ജനങ്ങളിൽ നിന്നുതന്നെ അവരുടെ ഭാഷ സംസാരിക്കുന്ന ദൂതന്മാരെ തെരഞ്ഞെടുത്തുകൊണ്ട് ഏറ്റവും ഫലപ്രദമായ ആശയ വിനിമയരീതി അല്ലാഹു സംവിധാനിച്ചു (ഖു. 10:2; 14:4). അങ്ങനെ മാനവചരിത്രത്തിൽ ആദമിൽ തുടങ്ങി മുഹമ്മദിൽ അവസാനിച്ച (ഖു. 33:40) പ്രവാചകന്മാരുടെ ഒരു ശൃംഖലതന്നെ ഉണ്ടായി (ഖു. 4:163; 6:84–86). പ്രവാചകന്മാരെ അയച്ചില്ലായിരുന്നുവെങ്കിൽ എന്തുകൊണ്ട് അയച്ചില്ല എന്നു മനുഷ്യർ അല്ലാഹുവോടു ചോദിക്കുമായിരുന്നു (ഖു. 4:165). പ്രവാചകന്മാരെല്ലാം തന്നെ മനുഷ്യന്മാരായിരുന്നു (ഖു. 14:11; 16:43), പുരുഷന്മരായിരുന്നു (ഖു. 12:109). തങ്ങൾ ദൈവം നിയോഗിച്ച പ്രവാചകന്മാരാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പല പ്രവാചകന്മാർക്കും അല്ലാഹു പ്രത്യേക അമാനുഷിക കഴിവുകൾ കൊടുത്തിരുന്നു. ഉദാഹരണമായി മൂസാനബി അല്ലാഹുവിന്റെ ആജ്ഞയാൽ തന്റെ കൈയിലുള്ള വടിയെ പാമ്പാക്കിയിരുന്നു (ഖു. 7:107). ഈസാനബി(യേശുക്രിസ്തു)ക്ക് അല്ലാഹുവിന്റെ അനുമതിയോടെ മരിച്ചവരെ ജീവിപ്പിക്കാനും, അന്ധർക്ക് കാഴ്ച നൽകാനും, കുഷ്ഠരോഗിയെ സുഖപ്പെടുത്താനും കഴിഞ്ഞിരുന്നു (ഖു. 5:110). പ്രവാചകന്മാർ കാണിച്ച അത്ഭുതകൃത്യങ്ങളെല്ലാം അല്ലാഹുവിന്റെ കൽപനകൊണ്ടുമാത്രം സംഭവിക്കുന്നവയായിരുന്നു (ഖു. 5:112). അങ്ങനെയല്ലാത്ത അമാനുഷികത അവർക്കില്ലായിരുന്നു. അവരെല്ലാംതന്നെ സാധാരണ മനുഷ്യരായിരുന്നു (ഖു. 21:7–8). മുഹമ്മദ് നബിക്ക് ഒരു അത്ഭുത കഴിവും അല്ലാഹു നൽകിയിരുന്നില്ല. ഖുർആൻ ആയിരുന്നു മുഹമ്മദ് നബിക്ക് നൽകിയ അത്ഭുത ദൃഷ്ടാന്തം (ഖു. 25:7–8, 29:50–51). "അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും, അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എ

ന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്ത് തിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെ പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്." (ഖു. 25:7–8). "അവർ (അവിശ്വാസികൾ) പറഞ്ഞു: ഇവന്നു (റസൂലിനു) ഇവന്റെ രക്ഷിതാവിങ്കൽ നിന്ന് എന്തുകൊണ്ട് ദൃഷ്ടാന്തങ്ങൾ ഇറക്കികൊടുക്കപ്പെടുന്നില്ല? നീ പറയുക: ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്രമാകുന്നു. ഞാൻ വ്യക്തമായഒരു താക്കീതുകാരൻ മാത്രമാകുന്നു. നാം നിനക്ക് വേദഗ്രന്ഥം (ഖുർആൻ) ഇറക്കിത്തന്നിരിക്കുന്നു എന്നതു തന്നെ അവർക്കു (തെളിവിന്) മതിയായിട്ടില്ലേ? അതവർക്ക് ഓതികേൾപ്പിച്ചു കൊണ്ടിരിക്കുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക്തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവുമുണ്ട്." (ഖു. 29:50–51).

സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായിട്ടല്ലാതെ അല്ലാഹു ദൂതന്മാരെ അയച്ചിട്ടില്ല (ഖു. 6:48). പ്രവാചകന്റെ മേൽ പ്രബോധന ബാധ്യത മാത്രമേയുള്ളൂ (ഖു. 5:99). മുഹമ്മദ് നബിക്കു മുമ്പുള്ള ചില പ്രവാചകന്മാർക്കും വേദഗ്രന്ഥങ്ങൾ ഇറക്കിയിരുന്നു. ഇബ്രാഹിം നബിയുടെ ഏടുകൾ, ദാവൂദ് നബിയുടെ സബൂർ, മൂസാ നബിയുടെ തൗറാത്ത്, ഈസാ നബിയുടെ (യേശുകൃസ്തു) ഇൻഞ്ചീൽ എന്നിവയായിരുന്നു ഖുർആനിൽ പരാമർശിക്കപ്പെടുന്ന മറ്റു വേദഗ്രന്ഥങ്ങൾ. പ്രവാചകരെല്ലാം തന്നെ "അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല; അതിനാൽ അവനെമാത്രം ആരാധിക്കൂ" എന്ന ബോധനം നൽകികൊണ്ടല്ലാതെ അയക്കപ്പെട്ടിട്ടില്ല (ഖു. 2:163; 21:25). എല്ലാ പ്രവാചകന്മാരും ഉൽബോധിപ്പിച്ചിരുന്നത് ഏകദൈവത്വ (തൗഹീദ്)മായിരുന്നതിനാൽ അവരെല്ലാവരും ഒരേ പരമ്പരയിലും ഒരേ മതപാരമ്പര്യത്തിലും പെട്ടവരാണെന്ന് തെളിയുന്നു. അതായത് മുഹമ്മദ് നബിക്കു മുമ്പുള്ള പ്രവാചകന്മാരും ദൈവികമതമായ ഇസ്ലാംമതത്തെ തന്നെയായിരുന്നു പ്രബോധനം ചെയ്തിരുന്നത്. "നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കലിൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹിമിനും അസ്മാഇലിന്നും, ഇസ്ഹാഖിനും, യഅ്ഖൂബിനും, യഅ്ഖൂബ് സന്തതികൾക്ക് അവതരിപ്പിച്ചുകൊടുത്തതിലും, മൂസാ, ഈസാ (യേശുക്രിസ്തു) എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വപ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ട (സന്ദേശങ്ങളിലും) ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്) കീഴ്പെട്ടു ജീവിക്കുന്നവരാകുന്നു." (ഖു. 2:136).

പ്രവാചക പരമ്പരയിലൂടെ പലകാലഘട്ടത്തിലായി മനുഷ്യതലമുറകൾക്ക് ഇറക്കപ്പെട്ട ഈ സന്ദേശങ്ങൾ വ്യക്തമാക്കുന്നത് മുഹമ്മദ് നബിക്കു മുമ്പുള്ള പ്രവാചകന്മാരും പ്രബോധനം ചെയ്തിരുന്നത് ഒരേ മതമെന്നതാണ്. ഖുർആനാണ് മുഹമ്മദ് നബിയുടെ ജനതയ്ക്ക് അല്ലാഹു നൽകിയ മാർഗ്ഗദർശനം (ഖു. 39:41). "തീർച്ചയായും നാം മനുഷ്യർക്ക് വേണ്ടി സത്യപ്രകാരമുള്ള വേദഗ്രന്ഥം (ഖുർആൻ) നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സന്മാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവനു തന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല." (ഖു. 39:41). ഖുർആനിൽ അല്ലാഹു മാർഗ്ഗദർശനം (ഇസ്ലാംമതം) പൂർത്തീകരിക്കുകയും ചെയ്തു. "....ഇന്ന് ഞാൻ (അല്ലാഹു) നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...." (ഖു. 5:3). ഖുർആൻ പിൻപറ്റാനാണ് മുഹമ്മദ് നബിയുടെ ജനത കൽപിക്കപ്പെട്ടിരിക്കുന്നതും. "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് (ഖുർആൻ) നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ." (ഖു. 7:3). അപ്പോൾ അല്ലാഹുന്റെ മാർഗ്ഗദർശനമായ ഖുർആൻ പിൻപറ്റി ജീവിക്കുന്നുണ്ടോയെന്നാണ് മനുഷ്യൻ പരീക്ഷിക്കപ്പെടുന്നത്. അതനുസരിച്ചായിരിക്കും ഓരോ വ്യക്തിയേയും വിലയിരുത്തുന്നതും.

പൂർവ്വകാല ജനതകളുടെ പരീക്ഷണ ചരിത്രത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്. മുഹമ്മദ് നബിക്കു മുമ്പ് അയക്കപ്പെട്ടിരുന്ന പ്രവാചകന്മാരെ അവരുടെ ജനങ്ങൾ നിഷേധിക്കുകയായിരുന്നു. "അവർ നിന്നെ (മുഹമ്മദ് നബിയെ) നിഷേധിച്ചു തള്ളുകയാണെങ്കിൽ നിനക്ക് മുമ്പും ദൂതന്മാർ നിഷേധിച്ചു തള്ളപ്പെട്ടിട്ടുണ്ട്. അല്ലാഹുവിങ്കലേക്കാണ് കാര്യങ്ങൾ മടക്കപ്പെടുന്നത്." (ഖു. 35:4). പ്രവാചകരെ നിഷേധിച്ചു തള്ളിയ പല രാജ്യങ്ങളെ സംബന്ധിച്ചും ഖുർആനിൽ വിവരണങ്ങൾ നൽകുന്നുണ്ട്. ആ രാജ്യങ്ങളെല്ലാംതന്നെ നശിപ്പിക്കപ്പെടുകയാണുണ്ടായത് (ഖു. 7:4). ആ യാഥാർത്ഥ്യങ്ങളിലേക്ക് ഖുർആൻ വിരൽചൂണ്ടുന്നതോടൊപ്പം സ്വയം കണ്ടെത്തുവാനും നമ്മോട് ഉൽബോധിപ്പിക്കുന്നു. "നിങ്ങൾക്ക് മുമ്പ് പല (ദൈവിക) നടപടികളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുവിൻ." (ഖു. 3:137). "അവർ കണ്ടില്ലേ? അവർക്ക് മുമ്പ് എത്രയെത്ര തലമുറകളെ നശിപ്പിച്ചിട്ടുണ്ടെന്ന്? നിങ്ങൾക്ക് നാം ചെയ്തുതന്നിട്ടില്ലാത്ത

സൗകര്യം ഭൂമിയിൽ അവർക്കു നാം ചെയ്തുകൊടുത്തിരുന്നു. നാം അവർക്ക് ധാരാളമായി മഴ വർഷിപ്പിച്ചുകൊടുക്കുകയും അവരുടെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുക്കുയും ചെയ്തിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ കാരണം നാമവരെ നശിപ്പിക്കുയും അവർക്കുശേഷം നാം വേറെ തലമുറയെ ഉണ്ടാക്കുകയും ചെയ്തു." (ഖു. 6:6). "(പഴയ) അവകാശികൾക്ക് ശേഷം ഭൂമിയുടെ അനന്തരാവകാശികളായിത്തീരുന്നവർക്ക് നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരുടെ കുറ്റകൃത്യങ്ങളുടെ ഫലമായി നാം ശിക്ഷ ഏല്പിക്കുന്നതാണ് എന്ന ബോധം അവരെ നേർവഴിക്ക് നയിക്കുന്നില്ലേ?...." (ഖു. 7:100).

മുൻകാലഘട്ടത്തിലെ ജനതകളുടെയും പട്ടണങ്ങളുടെയും നശീകരണം ഖുർആനിലും ബൈബിളിലും (പഴയനിയമം) പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും മനുഷ്യന്റെ പൂർവ്വകാല ചരിത്രം ശാസ്ത്രീയമായി പഠിക്കാനുള്ള ശ്രമങ്ങൾ നടത്തിയത് അടുത്ത് മാത്രമാണ്. ഈ ശ്രമങ്ങളെല്ലാംതന്നെയും പഴയ നിയമത്തിലുള്ള പൗരാണിക നാഗരികതയെ സംബന്ധിച്ച വിവരങ്ങളെ ആസ്പദമാക്കിയാണ്. ക്രിസ്തുമത പണ്ഡിതന്മാരുടെയും, ശാസ്ത്രജ്ഞന്മാരുടെയും സംയുക്ത ശ്രമത്തിന്റെ ഫലമായി പൗരാണിക നാഗരികതകളെ കുറിച്ചു ധാരാളം അറിവ് നമുക്ക് ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ ജൂത–ക്രൈസ്തവ സംഘടനകളുടെ ഗ്രന്ഥങ്ങളിലും മാസികകളിലും കൂടാതെ ബൈബിളിക്കൽ ആർക്കിയോളജി വെബ്സൈറ്റുകളിലും ലഭ്യമാണ്. ഈജിപ്ത്, മെസപ്പൊട്ടാമിയ (ഇറാഖ്), ഇന്ത്യ മുതലായ സ്ഥലങ്ങളിലെ ആദ്യകാല നാഗരികതകളിലെ പുരാവസ്തു ശേഖരങ്ങൾ പരിശോധിച്ചാൽ മേൽ ഉദ്ധരിക്കപ്പെട്ടതായ ഖുർആൻ സന്ദേശങ്ങളെ സ്ഥിരീകരിച്ചുകൊണ്ട് അവയെല്ലാം നദീതീരങ്ങളിൽ ഉയർന്നുവന്നവയാണെന്നും പ്രകൃതി ദുരന്തങ്ങളുടെ ഫലമായി മണ്ണിനടിയിൽ മൂടപ്പെട്ടവയാണെന്നും മനസ്സിലാക്കാം. പ്രാചീന ചരിത്രത്തിന്റെയും (palaeontology) താരതമ്യ ശരീരഘടനാ ശാസ്ത്രത്തിന്റെയും പിതാവായ ക്യൂവിയർ (Cuvier, 1769-1832) പാറകളുടെ വ്യത്യസ്ത അടുക്കുകളിലെ അവശിഷ്ടങ്ങൾ (fossils) മഹാദുരന്തങ്ങൾ കാരണമായി ഉണ്ടായതായിരിക്കാം എന്ന് അഭിപ്രായപ്പെടുന്നു. പ്രകൃതി ദുരന്തങ്ങളുടെ പരമ്പര ക്രമാനുഗതമായി എല്ലാ ജീവികളേയും നശിപ്പിച്ചിരിക്കാമെന്നും ഓരോ തവണയും പുതുതലമുറകൾ സൃഷ്ടിക്കപ്പെട്ടിരിക്കാമെന്നുമുള്ള അദ്ദേഹത്തിന്റെ വാദഗതി ഖുർആനിക സന്ദേശവുമായി ഏറെ പൊരുത്തപ്പെടുന്നതത്രെ. ചില ആദ്യകാല ജനതകൾ നശിക്കാനുള്ള കാരണം അവരുടെ ബഹുദൈവാരാധനയും സത്യനിഷേധവുമായിരുന്നു. പ്രവാചകന്മാർ നൽകിയ മുന്നറിയിപ്പുകളെ നിരന്തരം അവഗണിച്ചുകൊണ്ട് പൂർവ്വപിതാക്കന്മാരുടെ മാതൃക പിൻപറ്റിക്കൊണ്ട് ദേവീദേവന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കുന്ന അവരുടെ പതിവ് അവരെ നാശത്തിൽ ചെന്നെത്തിച്ചു. പൗരാണിക നാഗരികതകളുടെ കേന്ദ്രങ്ങളിൽ നിന്നും കുഴിച്ചെടുക്കപ്പെട്ട കലാശില്പമാതൃകകൾ അക്കാലത്ത് നിലനിന്നിരുന്ന ബഹുദൈവാരാധനയെയും, ബിംബാരാധനാരീതികളെയും സംബന്ധിച്ച ധാരാളം തെളിവുകൾ നൽകുന്നുണ്ട്. ഈ തെളിവുകളെല്ലാം തന്നെ ഖുർആൻ വെളിപ്പെടുത്തുന്ന പുരാതന നാഗരികതകളുടെ നാശകാരണങ്ങളെ സമർത്ഥിക്കാനുതകുന്നവയാണ്.

ജനസമൂഹങ്ങളുടെ പൂർണ്ണനശീകരണമല്ലാത്ത മറ്റുചില ശിക്ഷാരീതികളും ഖുർആൻ പരാമർശിച്ചിട്ടുണ്ട്. അവയിൽ വരൾച്ച, ഭക്ഷ്യക്ഷാമം (വിളനാശം) കൂട്ടമരണം, വെട്ടുകിളി ആക്രമണം, കേശകീടം, വെള്ളപ്പൊക്കം തുടങ്ങിയവ ഉൾപ്പെടുന്നു (ഖു. 7:130, 133). ഈ സന്ദേശങ്ങൾ ആധുനികലോകത്തെ ഇനിയും കണ്ണു തുറപ്പിച്ചിട്ടില്ല. ദൈവത്തിലും അവന്റെ സന്ദേശങ്ങളിലുമുള്ള വിശ്വാസത്തകർച്ചയുടെ ഫലമായി ലോകം ഇന്ന് ഏറെക്കുറെ ധാർമ്മികമൂല്യങ്ങൾ നഷ്ടപ്പെട്ടനിലയിലാണ്. AIDS (Acquired Immuno Deficiency Syndrome)ന്റെ വ്യാപനം അനിയന്ത്രിതവും ക്രമരഹിതവുമായ ലൈംഗിക ബന്ധങ്ങൾ കാരണമുണ്ടായതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്–സ്വവർഗ്ഗരതിയിലൂടെ പ്രത്യേകിച്ചും. മനുഷ്യവർഗ്ഗത്തിന്റെ ആദ്യകാല ചരിത്രതാളുകൾ മറിച്ചുനോക്കിയാൽ ലൂത്ത് നബിയുടെ (ഇംഗ്ലീഷ് ബൈബിളിലെ Lot) കാലത്ത് പുരുഷന്മാർക്കിടയിൽ സ്വവർഗ്ഗരതി വ്യാപകമായിരുന്നപ്പോൾ സോദോം (Sodom) ഗോമോറ (Gomorrah) നഗരങ്ങൾക്കു മീതെ ആകാശത്തുനിന്ന് ചുട്ടുപഴുത്ത കല്ലുകൾ വർഷിച്ചുകൊണ്ട് അല്ലാഹു അവരെ ഉന്മൂലനം ചെയ്തു. "അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും, ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു." (ഖു. 15:73–74). പുരുഷന്മാർക്കിടയിലെ സ്വവർഗ്ഗരതിക്കു ഇംഗ്ലീഷിൽ sodomy എന്ന പദമുണ്ടായത് ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ്. ആധുനിക കാലത്തെ AIDS പോലുള്ള രോഗങ്ങളും അടിക്കടിയുണ്ടാവുന്ന പ്രകൃതിക്ഷോഭങ്ങളും ദൈവിക നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് ലൗകിക സുഖങ്ങളിൽ മുഴുകിക്കഴിയുന്ന മനുഷ്യനെ ഉണർത്താനുള്ള ശിക്ഷാമാർഗ്ഗങ്ങളല്ലേയെന്ന് നമ്മൾ ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. തന്റെ 18 മാസവും 6 മാസവും മാത്രം പ്രായമായ രണ്ടു പിഞ്ചുകുഞ്ഞുങ്ങളെ ഉപേക്ഷിച്ച ഒരു കൗമാരപ്രായക്കാരിയോട് അവളുടെ ഗർഭധാരണശേഷിയുള്ള ബാക്കികാലം മുഴുവൻ ഗർഭനിയന്ത്രണത്തിലായിരിക്കാൻ വിധിച്ച അമേരിക്കൻ ജഡ്ജിയായ ലിന്റ്നെ എല്ലിസ് ബുഡ്സിൻ പറഞ്ഞ വാക്കുകളിൽ പ്രതിഫലിക്കുന്നത് കുത്തഴി

ഞ്ഞ ആധുനിക ജീവിതത്തിന്റെ വസ്തുതകളാണ്. അദ്ദേഹം ആ പെൺകുട്ടിയോട് പറഞ്ഞു: "നിന്റെ കേസ് പ്രതിനിധീകരിക്കുന്നത് നമ്മുടെ സമൂഹത്തിന് പറ്റിയ തെറ്റിനെയാണ് – ഒരു കുട്ടിക്ക് കുട്ടികളുണ്ടാവുക!"

അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ വരവോടെ ലോകാവസാനം വരെയുള്ള ജനങ്ങൾക്ക് പ്രബോധനമായി ഇറക്കിയിട്ടുള്ളതാണ് ഖുർആൻ. നേരത്തെ സൂചിപ്പിച്ചതുപോലെ ഇസ്ലാംമതത്തിന്റെ അടിത്തറ ഏകദൈവ വിശ്വാസമാണ്. ഖുർആന്റെ സത്തയും അതാണ്. അത് ഇസ്ലാമിന്റെ വിശ്വാസകാര്യമായി മാത്രം ഗണിക്കാനുള്ളതല്ല; മറിച്ച് ഒരേയൊരു ദൈവം മാത്രമെയുള്ളു എന്ന സത്യത്തെ സ്വീകരിക്കാനാണ് സ്രഷ്ടാവ് സൃഷ്ടികളായ മനുഷ്യരോട് ആജ്ഞാപിക്കുന്നത്. ഇതിനനുബന്ധമായാണ് ഇസ്ലമിന്റെ മറ്റുള്ള വശങ്ങൾ കാണേണ്ടത്. അല്ലാഹുവിന്റെ ദൂതന്മാരിലുള്ള വിശ്വാസം, അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം, മലക്കുകളിലും, ലോകാവസാനത്തിലും, പുനർജന്മത്തിലും പുനർസൃഷിടിപ്പിക്കുന്ന പ്രപഞ്ചത്തിലും, സ്വർഗ്ഗ–നരകങ്ങളിലുള്ള വിശ്വാസങ്ങളെല്ലാം തന്നെ ഇസ്ലാമതത്തിന്റെ ഭാഗമാണ്. ഖുർആനിലൂടെ അല്ലാഹു മനുഷ്യർക്ക് നിർദ്ദേശങ്ങളും, നിയമങ്ങളും, ആരാധനാകർമ്മങ്ങളും നിർണ്ണയിച്ചു തന്നിരിക്കുന്നു. ഓരോ വ്യക്തിയും ഇതനുസരിച്ചാണ് ജീവിക്കേണ്ടത്. അങ്ങനെ അല്ലാഹു മാത്രമാണ് ദൈവമെന്നു സ്വീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആരൊക്കെ ജീവിക്കുന്നുവെന്ന് പരിക്ഷിക്കുകയാണ് അല്ലാഹു. അങ്ങനെ ജീവിക്കുന്നവരാണ് വിജയികൾ. അവർക്കാണ് അല്ലാഹു സ്വർഗ്ഗം വാഗ്ദാനം ചെയ്തിരിക്കുന്നതും.

എന്താണ് ഇസ്ലാമിക ജീവിതമെന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്? മനുഷ്യനെ പരീക്ഷണവിധേയനായ ബുദ്ധിയുള്ള, ബോധമുള്ള, സ്വതന്ത്രേച്ഛയുള്ള റൊബോട്ടായിക്കാണുമ്പോൾ, സ്വന്തം വിവേകമുപയോഗിച്ച് സ്രഷ്ടാവിന്റെ കഴിവിനെ മനസ്സിലാക്കി, സ്വമേധയാ അവനു കീഴടങ്ങി അവന്റെ നിർദ്ദേശങ്ങൾ മെമറിയിൽ സൂക്ഷിച്ച് അവ അനുസരിച്ച് മാത്രം ജീവിതം നയിക്കുന്ന വ്യക്തിയായി മാറുക എന്ന തത്ത്വമാണ്. ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. നിങ്ങൾ കാർ ഓടിച്ചുകൊണ്ടിരിക്കയാണെന്ന് സങ്കൽപ്പിക്കുക. റോഡിൽ ചുവന്ന ട്രാഫിക് ലൈറ്റ് തെളിയുമ്പോൾ നിയമം അനുസരിച്ചു നിങ്ങൾ കാർ നിർത്തുന്നു. ഈ നിയമം അനുസരിക്കാതിരിക്കാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും നിങ്ങൾ അത് ചെയ്യുന്നില്ല; അനുസരിക്കുകയാണ് ചെയ്യുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈ നിയമം നിങ്ങൾ മെമറിയിൽ സൂക്ഷിക്കുകയും അതിനെ ധിക്കരിക്കുവാനുള്ള സ്വാതന്ത്ര്യം നിരസിക്കുകയുമാണ് ചെയ്യുന്നത്. തീരുമാനസ്വാതന്ത്ര്യത്തെ നിങ്ങൾ ആ സന്ദർ



ഭത്തിൽ വെടിയുന്നു. അതുപോലെ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ സ്വമനസ്സാലെ മെമറിയിൽ സൂക്ഷിച്ച് പ്രവർത്തിക്കുമ്പോൾ സ്വതന്ത്രേച്ഛയെ നമ്മൾ എല്ലാകാര്യത്തിലും ഉപേക്ഷിക്കുന്നു. അല്ലാഹുവിന്റെ ഇഷ്ടവും നിർദ്ദേശവും പ്രകാരം കാര്യങ്ങൾ നിർവ്വഹിക്കുന്നു. അല്ലാഹുവിന്റെ ഇച്ഛ നമ്മുടെ ഇച്ഛയായിമാറുന്നു. അതായത് സ്വതന്ത്രേച്ഛയുള്ള മനുഷ്യ റൊബോട്ട് തന്റെ സ്വാതന്ത്ര്യം സ്വമേധയാ ത്യജിച്ച് അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ച് അവന്റെ കൽപനകൾ മാത്രം അനുസരിച്ചു ജീവിക്കുന്ന 'സ്വതന്ത്രേച്ഛയില്ലാത്ത' റൊബോട്ടായി മാറുന്നു. ആ റൊബോട്ടിന്റെ ഇച്ഛകൾ അല്ലാഹുവിന്റെ ഇച്ഛകളാകുന്നു. അതായത് ഓരോ നിമിഷവും ഒരു വ്യക്തി അല്ലാഹുവിന്റെ ആജ്ഞകൾ മാത്രം അനുസരിച്ചു ജീവിതം നയിക്കുന്നവനായിരിക്കണം. അപ്രകാരം ജീവിക്കുന്നവരെയാണ് ഖുർആനിൽ 'മുത്തഖീൻ' എന്ന് വിശേഷിപ്പിക്കുന്നത്. അങ്ങനെ പരീക്ഷണജീവിതം നയിച്ചു വിജയിച്ച മനുഷ്യ റൊബോട്ടുകളെയാണ് അല്ലാഹുവിന്റെ പ്രതിനിധികളായി പരലോകത്തെ സ്വർഗ്ഗഭൂമിയിൽ നിയോഗിക്കപ്പെടുന്നത്. അവർ അവിടെ അല്ലാഹുവിന്റെ ദാസന്മാരായി എന്നെന്നും ജീവിക്കും.

## ഒരു വ്യക്തിയുടെ പരീക്ഷണക്കാലയളവ്

ഇഹലോകജീവിതമാണ് ഓരോ വ്യക്തിയുടെയും പരീക്ഷണ കാലഘട്ടം. പരീക്ഷണകാലത്തിന്റെ അന്ത്യം കുറിക്കുവാനാണ് മരണം അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നത്. "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു." (ഖു. 67:2). "ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിൻമ നൽകിക്കൊണ്ടും നൻമ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും." (ഖു. 21:35). ഒരാളുടെ ആയുസ്സ് നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞ കാര്യമാണ് (ഖു. 3:145). അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ അല്ലാഹുവിനു മാത്രമെ സാധിക്കുകയുള്ളൂ (ഖു. 35:11). മനസ്സിന്റെ തീരുമാന സ്വാതന്ത്ര്യമുപയോഗിച്ച് ഒരു വ്യക്തി ആത്മഹത്യചെയ്തെന്നിരിക്കും. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ ഹനിക്കരുതെന്ന് ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നു (ഖു. 6:151). മനുഷ്യരിൽ ആയുർദൈഘ്യത്തിൽ വ്യത്യാസങ്ങൾ ഉണ്ട്. അതായത് പരീക്ഷണക്കാലയളവ് എല്ലാവർക്കും ഒരുപോലെയല്ലന്നർത്ഥം. പക്ഷെ അത്തരം വ്യത്യാസങ്ങളൊന്നും പ്രതിഫല നിർണ്ണയത്തെ ഒരു വിധത്തിലും ബാധിക്കില്ല. കാരണം ഒരു വ്യക്തിയോടും അല്ലാഹു അനീതി കാ

ണിക്കില്ലെന്ന് ഖുർആൻ പലയിടത്തും വ്യക്തമാക്കുന്നുണ്ട് (ഖു. 4:124).

## ദൈവിക പരീക്ഷണത്തിന്റെ സ്വഭാവം

അല്ലാഹു നൽകിയ കഴിവുകളുടെ പരിധിക്കുള്ളിൽ മാത്രമെ ഒരു വ്യക്തി പരീക്ഷിക്കപ്പെടുകയുള്ളൂ. ഒരാളുടെ കഴിവിനൊത്ത് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിക്കേണ്ട ചുമതല അയാൾക്കുണ്ട്. അല്ലാഹു ഒരാളുടെ കഴിവിനപ്പുറം അയാളിൽ നിന്ന് പ്രതീക്ഷിക്കുന്നില്ലെന്നു മാത്രമല്ല ആവശ്യപ്പെടുന്നുമില്ല (ഖു.7:42). "വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ– ഒരാൾക്കും അയാളുടെ കഴിവിൽ പെട്ടതല്ലാതെ നാം ബാധ്യതയേൽപ്പിക്കുന്നില്ല.– അവരാണ് സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും." (ഖു. 7:42). നേരത്തെ സൂചിപ്പിച്ചതുപോലെ മനുഷ്യമനസ്സിന്റെ ഇംഗിതമനുസരിച്ചു ചെയ്യുന്ന പ്രവർത്തനങ്ങളെയാണ് അല്ലാഹു പരീക്ഷിക്കുന്നത് – അതായത് മനസ്സറിഞ്ഞുകൊണ്ട് ചെയ്യുന്നതും അതിന്റെ ഉദ്ദേശ്യവും. ഇതിൽനിന്നും മനസ്സിലാകുന്നത് മനസ്സിന്റെ അറിവോടുകൂടി ചെയ്യുന്ന കാര്യങ്ങളുടെ ഉദ്ദേശ്യശുദ്ധിയെയാണ് അല്ലാഹു വിലയിരുത്തുന്നത് എന്നാണ്. അല്ലാഹുനോക്കുന്നത് ഒരു വ്യക്തിയുടെ മനസ്സിലേക്കാണ്, അയാൾ ചെയ്യുന്ന കാര്യങ്ങളുടെ ഉദ്ദേശ്യങ്ങളെയാണ്. "(ബോധപൂർവ്വമല്ലാതെ) വെറുതെ പറഞ്ഞുപോകുന്ന ശപഥവാക്കുകൾ മൂലം അല്ലാഹു നിങ്ങളെ പിടികൂടുന്നതല്ല. പക്ഷെ, നിങ്ങൾ മനസ്സറിഞ്ഞ് പ്രവർത്തിച്ചതിന്റെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. " (ഖു. 2:225). "...അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ മനസ്സുകൾ അറിഞ്ഞുകൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു). അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (ഖു. 33:5). മനസ്സ് എടുക്കുന്ന തീരുമാനങ്ങളും, തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന കർമ്മങ്ങളും അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം.

## പരീക്ഷണത്തിൽ സാത്താന്റെ പങ്ക്

ആദമിന്റെ സൃഷ്ടിപ്പിനുശേഷമുണ്ടായ ഇബ്‌ലീസിന്റെ അഹങ്കാര പ്രകടനവും അല്ലാഹു ഇബ്‌ലീസിനെ അവിടെനിന്നു പുറത്താക്കിയ സംഭവുമെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതിൽ ഉദ്ധരിച്ചതായ സൂക്തങ്ങൾ സാത്താൻ എന്താണെന്നു മനസ്സിലാക്കാൻ സഹായിക്കുന്ന സൂചനകൾ തരുന്നുണ്ട്. ഖുർആൻ സൂക്തങ്ങൾ 7:12–18ൽ മനുഷ്യരെ വഴിതെറ്റിക്കുമെന്നു ഇബ്‌ലീസാണ് അല്ലാഹുവോട് പറയുന്നതെങ്കിലും തുടർന്നുള്ള സൂക്തങ്ങളിൽ (ഖു. 7:19–22) ഇബ്‌ലീസല്ല



ആദമിനെയും ഹവ്വയെയും അവർ താമസിച്ചിരുന്ന തോട്ടത്തിൽവെച്ച് വഴിതെറ്റിക്കുന്നത്, സാത്താനാണ്. ഇബ്‌ലീസായിരുന്നെങ്കിൽ ആ പേരുതന്നെ ഖുർആനിൽ കൊടുക്കുമായിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഇബ്‌ലീസും സാത്താനും ഒന്നല്ലയെന്നാണ്. മറ്റൊരു ശ്രദ്ധേയമായ കാര്യം, സാത്താൻ ദുർമന്ത്രണം നടത്തിയാണ് അവരെ വഴിതെറ്റിക്കുന്നത്. അതായത് മനുഷ്യമനസ്സിനെയാണ് സാത്താൻ സ്വാധീനിക്കുന്നത്. ഖുർആനിൽ മറ്റൊരിടത്തും ഇത് വ്യക്തമാക്കുന്നുണ്ട് (ഖു. 22:53). ഈ ഖുർആനിക വെളിപ്പെടുത്തലുകളിൽനിന്നും മനസ്സിലാകുന്നത് സാത്താൻ മനുഷ്യശരീരത്തിൽ തന്നെയുള്ള പ്രതിഭാസമാണെന്നാണ്. കമ്പ്യൂട്ടർ മാതൃകയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുകയാണെങ്കിൽ, മനസ്സെന്ന പ്രോസസ്സറിനെ സ്വാധീനിക്കാൻ മനുഷ്യ സിസ്റ്റത്തിൽ ഒരു പ്രോഗ്രാമുണ്ടെങ്കിലേ സാധ്യമാകു. അപ്പോൾ മനുഷ്യനെ വഴിതെറ്റിക്കാൻ ഇബ്‌ലീസ് ആദമിൽ സ്ഥാപിച്ച 'വൈറസ് പ്രോഗ്രാ'മായി സാത്താനെ വിശേഷിപ്പിക്കാം. അതായത് സാത്താൻ വൈറസിനെ ഇബ്‌ലീസിന്റെ ഉപകരണമായി കണക്കാക്കാം. സാത്താൻ വൈറസ് പ്രോഗ്രാമും അല്ലാഹുവിൽനിന്നുള്ളതു തന്നെയാണ്. 'നിന്റെ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ എല്ലാവരെയും നിന്റെ ശക്തികൊണ്ട് ഞാൻ വഴിതെറ്റിക്കും' (ഖു. 38:80–85) എന്ന് അല്ലാഹുവോട് ഇബ്‌ലീസ് പറഞ്ഞതിൽനിന്നും മനസ്സിലാകുന്നത് അല്ലാഹുവിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഞാൻ മനുഷ്യരെ വഴിതെറ്റിക്കും എന്നായിരിക്കാം. ശക്തമായ സാത്താൻ വൈറസ് പ്രോഗ്രാമാണ് ഇബ്‌ലീസ് ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽ (നഫ്സിൽ) സ്ഥാപിച്ചിട്ടുള്ളത്. ഹവ്വായെ ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽനിന്നു സൃഷ്ടിച്ചതു കാരണം (ഖു. 4:1) സാത്താൻ വൈറസും ഹവ്വായുടെ ബയോസോഫ്റ്റ്‌വെയറിൽ കടന്നിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. പിന്നീട് അവരുടെ സന്തതികളായി ഭൂമിയിൽ പിറക്കുന്ന എല്ലാ മനുഷ്യരിലും ബീജത്തിലൂടെ സാത്താൻ വൈറസ് എത്തിപ്പെടുന്നു. 'സാത്താൻ' എന്നത് ഒരു വൈറസ് പ്രോഗ്രാമാണെന്നു വിശദീകരിക്കുമ്പോൾ പ്രധാനമായും സൂചിപ്പിക്കുന്നത് സാത്താൻ മനുഷ്യനുള്ളിൽ തന്നെയുള്ളതാണെന്നും, പുറത്ത് നിന്നു മനുഷ്യനെ സ്വാധീനിക്കുന്ന പ്രതിഭാസമല്ലെന്നുമാണ്.

ഇബ്‌ലീസും സാത്താനും ഒന്നല്ലെന്നു പറയുവാനുള്ള മറ്റൊരു കാരണം സാത്താനുകൾ (ഷയാത്തീൻ) എന്ന ബഹുവചനം ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട് (ഖു. 2:14; 7:27), പക്ഷെ ഇബ്‌ലീസിനില്ല. ഇബ്‌ലീസ് എന്ന പദം ഏകവചനത്തിൽ മാത്രമെ ഖുർആനിൽ കാണുന്നുള്ളൂ. സാത്താനു അടിമപ്പെട്ടു ജീവിക്കുന്ന മനുഷ്യരെയാണ് 'സാത്താനുകൾ' (ഷയാത്തീൻ) എന്ന ബഹുവചനം അർത്ഥമാക്കുന്നത്. അവരിൽ സാത്താൻ വൈറസുള്ളത്കൊണ്ടല്ല, മറിച്ച് അവർ അതിനു കീഴ്പ്പെട്ടതു

കൊണ്ടാണ് അങ്ങനെയുള്ളവരെ സാത്താന്മാരായി ഖുർആൻ വിശേഷിപ്പിക്കുന്നത്.

അല്ലാഹുവിന്റെ പരീക്ഷണരീതി അങ്ങേയറ്റം മികവുറ്റതും തന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ജീവിക്കുന്ന ദാസന്മാരെ തിരഞ്ഞെടുക്കുന്ന പ്രക്രിയ ഏറ്റവും ശക്തിമത്തായുള്ളതുമാണെന്നു ഖുർആൻ സൂക്തങ്ങളിൽ നിന്ന് വ്യക്തമാകുന്നതാണ്. മനുഷ്യമനസ്സിനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും തെറ്റിക്കാൻ സാത്താൻ വൈറസിനെ ഉപകരണമാക്കിയത് പരീക്ഷണപ്രക്രിയയുടെ കാതലായ സാങ്കേതികവശമാണ്. ആ വൈറസ് പ്രോഗ്രാം മനുഷ്യസിസ്റ്റത്തിൽ സ്ഥാപിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ മനുഷ്യമനസ്സിനു അല്ലാഹുവിന്റെ പാതയിൽനിന്നു വ്യതിചലിക്കാനുള്ള പ്രേരണ ഉണ്ടാകുമായിരുന്നില്ല. സാത്താൻ വൈറസിനു മനുഷ്യമനസ്സിന്മേലുള്ള സ്വാധീനം അല്ലാഹുവിന്റെ പരീക്ഷണത്തിന്റെ ഭാഗമാണെന്ന് പല ഖുർആൻ വചനങ്ങളിൽ നിന്നും മനസ്സിലാകാവുന്നതാണ്. “ആ പിശാച് കുത്തിച്ചെലുത്തുന്ന കാര്യത്തെ ഹൃദയങ്ങളിൽ രോഗമുള്ളവർക്കും ഹൃദയങ്ങൾ കടുത്തുപോയവർക്കും ഒരു പരീക്ഷണമാക്കിത്തീർക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അക്രമികൾ (സത്യത്തിൽ നിന്ന്) വിദൂരമായ കക്ഷിമാത്സര്യത്തിലാകുന്നു.” (ഖു. 22:53). സാത്താൻ വൈറസ് മനുഷ്യമനസ്സിനെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കാൻ കഴിവുള്ളതാണെന്ന് ഖുർആൻ വിവരിക്കുന്നുണ്ട് (ഖു. 2:169, 268; 3:175; 4:119). സാത്താൻ മനുഷ്യന്റെ ഏറ്റവും കടുത്ത ശത്രുവാണെന്നുള്ള ഗൗരവമായ താക്കീതും അല്ലാഹു നൽകുന്നുണ്ട് (ഖു. 2:168). ഇതിൽനിന്നും മനസ്സിലാകുന്നത് അതിശക്തമായ സാത്താന്റെ സ്വാധീനത്തെ നിർവീര്യമാക്കി അതിന്റെ വെല്ലുവിളികളെ അതിജീവിച്ചു അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ മാത്രം അനുസരിച്ചു ജീവിക്കുന്നയാൾ തീർച്ചയായും വിജയിയായി തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളവനാണെന്നതാണ്. സാത്താൻ വൈറസ് തെരഞ്ഞെടുപ്പ് പ്രക്രിയ ഏറ്റവും കാര്യക്ഷമമാക്കുകയാണെന്ന് വ്യക്തം.

സാത്താൻ വൈറസ് കൂടാതെ മറ്റു ചില വശങ്ങളും പരീക്ഷണ പദ്ധതിയിൽ അല്ലാഹു ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉദാഹരണമായി ജീവിതത്തിൽ പ്രയാസങ്ങളും നഷ്ടങ്ങളും അനുഭവിപ്പിക്കുകയും അത്തരം സന്ദർഭങ്ങളിൽ ക്ഷമിച്ചും അല്ലാഹുവിനെ ഓർമ്മിച്ചും ജീവിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കുന്നു (ഖു. 2:155, 214; 3:142). അതുകൂടാതെ സമ്പത്തുകൊണ്ടും സന്താനങ്ങൾകൊണ്ടും പരീക്ഷിക്കപ്പെടും (ഖു 3:186, 8:28). ഈ വിധത്തിൽ പരീക്ഷണത്തെ അഭിമുഖീകരിച്ചു അദൃശ്യതയിൽ അല്ലാഹുവിൽ വിശ്വസിച്ചു അവന്റെ തൃപ്തിമാത്രം ലാക്കാക്കി ജീവിതം നയിച്ചവരാണ് വിജയികൾ.

പരീക്ഷണ ജീവിതത്തിലെ ആപത്തുകളും കഷ്ടപാടുകളും നമ്മുടെ സ്വന്തം പ്രവർത്തനഫലമായും ഉണ്ടാകാം. അവയിൽ മിക്കതും പശ്ചാത്തപിച്ചു മടങ്ങിയാൽ അല്ലാഹു പൊറുത്തുതരികയും ചെയ്യും. നന്മയായിവരുന്നതെല്ലാംതന്നെ അല്ലാഹുവിങ്കൽ നിന്നുള്ളതാണ് (ഖു. 4:79; 42:30). ഇഹലോകജീവിതം കഷ്ടതയും ദുരിതങ്ങളും നിറഞ്ഞതായാലും അല്ലാഹുവിന്റെ വിലയിരുത്തലിൽ ഈ വക എല്ലാ കാര്യങ്ങളും കണക്കിലെടുക്കുമെന്നാണ് “ഒരാൾക്കും അയാളുടെ കഴിവിൽപെട്ടതല്ലാതെ നാം ബാധ്യതയേൽപിക്കുന്നില്ല” (ഖു. 7:42) എന്ന വചനത്തിൽ നിന്നും മനസ്സിലാകുന്നത്. എണ്ണമറ്റതായ മനുഷ്യന്റെ സ്വഭാവവിശേഷതകളും, അവയിൽ വ്യക്തികൾ തമ്മിലുള്ള വ്യത്യാസങ്ങളും, കൂടാതെ സമ്പത്തിലും, കുടുംബകാര്യങ്ങളിലും എന്നുവേണ്ട ജീവിതത്തെ ബാധിക്കുന്ന എല്ലാകാര്യങ്ങളിലുമുള്ള വ്യത്യാസങ്ങളെല്ലാംതന്നെ പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങൾക്കുവിധേയമായി തുലനം ചെയ്യുമെന്നുള്ള സൂചനയാണ് ഈ സൂക്തത്തിൽ നിന്ന് ലഭിക്കുന്നത്. ഇതുതന്നെയാണ് പ്രതിഫലനാളിൽ അല്ലാഹു ഒരു വ്യക്തിയോടും ഒട്ടും അനീതികാണിക്കില്ല എന്ന വചനവും (ഖു. 4:40) വ്യക്തമാക്കുന്നത്. ഈ ദൈവികവെളിപ്പെടുത്തലുകൾ പൂർണ്ണമായും ഉൾക്കൊള്ളുന്ന വ്യക്തി ഇഹലോകജീവിതത്തിലെ സന്തുഷ്ടിയിലോ, സന്താപത്തിലോ വ്യത്യാസം കാണുകയില്ല. കാരണം ഇഹലോകജീവിതത്തിലെ സുഖ–ദുഃഖങ്ങളുടെ ഏറ്റക്കുറച്ചിലുകളെല്ലാം തന്നെ കണക്കിലെടുത്തായിരിക്കും വിധിനാളിൽ ഓരോരുത്തർക്കും പ്രതിഫലം നിശ്ചയിക്കുന്നത്. ഇഹലോകജീവിതം അല്ലാഹുവിന്റെ പരീക്ഷണമാണെന്നും, അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിച്ച് പരലോകവിജയം കൈവരിക്കാനുള്ള ഒരേയൊരു അവസരമാണെന്നും നമ്മൾ ഓരോരുത്തർക്കും ബോധ്യമാകണം.

## 7

# വിജ്ഞാനത്തിന്റെ ഉറവിടവും സംപ്രേഷണ രീതിയും

മതപരമായ മാർഗ്ഗനിർദ്ദേശങ്ങൾ കൂടാതെ ഭൗതികപരമായ പലയിനം വിജ്ഞാനങ്ങളും മനുഷ്യന് അല്ലാഹു നൽകുന്നുണ്ട്. കഥാകാരന്മാരും കലാകാരന്മാരും തുടങ്ങി ശാസ്ത്രജ്ഞന്മാർവരെയുള്ള ഭൗതിക വിജ്ഞാനികളുടെ ഒരു നീണ്ടപട്ടികതന്നെയുണ്ട്. ഭാഷകൾ, സംസ്കാര വിശേഷതകൾ എല്ലാം തന്നെ ഇവയിൽ പെടുന്നതാണ്. മതപരമായ വിജ്ഞാനം പ്രവാചകന്മാരിലൂടെയാണ് വന്നതെങ്കിൽ, ഈവിധ വിജ്ഞാനങ്ങൾ എവിടെനിന്ന് എങ്ങനെ വരുന്നു എന്ന് നാം ചിന്തിക്കാറില്ല. ഈ അറിവുകളെല്ലാംതന്നെ ദൈവികമാണ്. മനുഷ്യനിൽ ജൈവവൈവിധ്യം സൃഷ്ടിക്കപ്പെടുന്ന അതേ പ്രക്രിയയിലൂടെയാണ് ദൈവിക പ്രോഗ്രാം അനുസരിച്ച് ഈ അറിവുകൾ നിശ്ചിത സമയങ്ങളിൽ നിശ്ചിത വ്യക്തികൾക്കു ലഭിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഭൗതിക വിജ്ഞാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ശാസ്ത്ര–സാങ്കേതിക വിജ്ഞാനം ഉദാഹരണമായി എടുത്ത് ഇവിടെ വിശകലനം ചെയ്യാം. മറ്റു ഭൗതികവിജ്ഞാനശാഖകൾക്കും അത് ഒരുപോലെ ബാധകമാണ്.

### ശാസ്ത്ര–സാങ്കേതിക വിജ്ഞാന സംപ്രേഷണം

ഭൂമിയിലെ പ്രകൃതിവിഭവങ്ങളെല്ലാംതന്നെ മനുഷ്യനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്ന ഖുർആനിക വെളിപ്പെടുത്തലിൽനിന്നു മനസ്സിലാക്കേണ്ടത് അവയെല്ലാം തന്നെ മനുഷ്യന്റെ ബയോസോഫ്റ്റ്വെയറിൽ അല്ലാഹു നിർണ്ണയിച്ച ആവശ്യങ്ങൾക്കു ഉപയോഗിക്കാൻ വേണ്ടിയുള്ളതാണെന്നാണ്. ഏതൊക്കെ വിഭവങ്ങൾ ഏതെല്ലാം ആവശ്യങ്ങൾക്കും, ഏതുകാലത്തെ ജനങ്ങൾക്കു ഉപകരിക്കണമെന്നും നിർണ്ണയിച്ചിരിക്കുന്നത് അല്ലാഹുവാണ്. അവൻ ഉദ്ദേശിച്ച രീതിയിൽ മാത്രമെ ഈ വിഭവങ്ങൾ മനുഷ്യന് പ്രയോജനപ്പെടുകയുള്ളൂ. ഉദാഹരണമായി, വെള്ളംകൊണ്ട് മനുഷ്യനു ഏതൊക്കെ ആവശ്യങ്ങൾ അല്ലാഹു തീരുമാനിച്ചിട്ടുണ്ടോ ആ ആവശ്യങ്ങൾക്ക് മാത്രമെ വെള്ളം ഉപകരിക്കൂ. കാരണം ആ വസ്തുവിന്റെ ഗുണങ്ങളും ഭൂമിയിൽ അതിന്റെ അളവും അല്ലാഹു മനുഷ്യന്റെ ബയോസോഫ്റ്റ്വെയറിൽ നിർണ്ണയിച്ച കാര്യങ്ങൾക്കു യോജിക്കത്തക്കവിധത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഏതു പ്രകൃതിവിഭവം ഏതൊക്കെ ആവശ്യങ്ങൾക്കു എങ്ങനെ ഉപയോഗിക്കണമെന്നുമുള്ള അറിവ് മനുഷ്യനു അല്ലാഹു കൊടുക്കേണ്ടിയിരിക്കുന്നു. ശാസ്ത്ര–സാങ്കേതിക വിജ്ഞാനമെന്ന പേരിലറിയപ്പെടുന്ന ഈ അറിവ് മനുഷ്യനു കിട്ടിയില്ലെങ്കിൽ പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കപ്പെടാതെ കിടക്കുകയേയുള്ളൂ. നൂറ്റാണ്ടുകൾക്ക് മുമ്പ് മനുഷ്യനു നൽകപ്പെട്ട അറിവല്ല ഇപ്പോൾ നമുക്കുള്ളത്. ശാസ്ത്ര–സാങ്കേതിക വിജ്ഞാനം ഇന്ന് വളരെയധികം വികസിച്ചിട്ടുണ്ട്. ഇതിൽനിന്നു മനസ്സിലാകുന്നത് സമയബന്ധിതമായാണ് അല്ലാഹു മനുഷ്യന്റെ അറിവിനെ വർദ്ധിപ്പിക്കുന്നതെന്നാണ്. പണ്ടുള്ള മനുഷ്യർക്ക് കാർ പോലെയുള്ള വാഹനങ്ങൾ ഉണ്ടാക്കുവാനുള്ള അറിവ് നൽകാത്തതിനാൽ അവർക്ക് അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാനോ, എണ്ണ ആവശ്യമാകുകയോ ചെയ്തില്ല. എണ്ണ ഭൂമിയിൽ ഉപയോഗിക്കപ്പെടാതെ അങ്ങനെ കിടന്നു. ആ അറിവു അല്ലാഹു നൽകിയതിനുശേഷമാണ് മനുഷ്യൻ വാഹനങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങിയതും പ്രകൃതിവിഭവമായ എണ്ണയുടെ ആവശ്യമുണ്ടായതും, അത് വാഹനങ്ങൾ ഓടിക്കാൻ ഉപകരിക്കുമെന്നു ബോധ്യമായതും. ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ എങ്ങനെയാണ് മനുഷ്യന് അറിവ് ലഭിക്കുന്നതെന്ന് പരിശോധിക്കാം.

മനുഷ്യനു തന്റെ ചുറ്റുമുള്ള ലോകത്തുനിന്നും ഇന്ദ്രിയങ്ങളിലൂടെ അറിവ് ലഭിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ അനുഭവങ്ങളിൽനിന്നുണ്ടാകുന്ന അറിവാണത് (*a posteriori* knowledge). ആ അറിവ് നാം മെമറിയിൽ (സദ്ർ) സൂക്ഷിക്കുന്നു. അതു കൂടാതെ നമുക്ക് പുതിയ അറിവുകളും ലഭിക്കുന്നുണ്ട്. നമ്മൾ ഇപ്പോഴും വിചാരിക്കുന്നത് ബുദ്ധി ഉപയോഗിച്ചു ഗാഢമായി ആലോചിച്ചാൽ പുതിയ അറിവു പ്രത്യക്ഷപ്പെടുമെന്നാണ്. മനുഷ്യൻ ഒരു റൊബോട്ടാണ്. മനുഷ്യന്റെ മെമറിയിലുള്ള അറിവും വിവരവും മാത്രമെ അവനു ലഭിക്കുകയുള്ളൂ. ഒരു റൊബോട്ടിന്റെ പ്രോസസ്സറിന് അതിന്റെ മെമറിയിലില്ലാത്ത അറിവോ, വിവരമോ ഡൗൺലോഡ് ചെയ്യാൻ സാധിക്കില്ല. എന്നിരിക്കെ മനുഷ്യറൊബോട്ടിന്റെ മനസ്സ് എന്ന പ്രോസസ്സറിനു എങ്ങനെ സാധിക്കും? ഒരിക്കലും സാധിക്കില്ല. അപ്പോൾ പിന്നെ എങ്ങനെയാണ് മനുഷ്യന് പുതിയ അറിവുകൾ ലഭിക്കുന്നതും ശാസ്ത്ര–സാങ്കേതിക മേഖലയിൽ വികാസമുണ്ടാകുന്നതും? ഖുർആൻ സൂക്തങ്ങൾ ആധാരമാക്കി മാത്രമെ അറിവിന്റെ ഉറവിടം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ.

മനുഷ്യന് അറിയാത്തത് അല്ലാഹുവാണ് പഠിപ്പിച്ചതെന്നും (ഖു. 96:5) അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ മറ്റൊന്നും മനുഷ്യന് അറിയാൻ കഴിയില്ലെന്നും (ഖു. 2:255) ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കുന്നു. ആദമിനെ സൃഷ്ടിച്ചതിനുശേഷം അല്ലാഹു ആദമിനു 'എല്ലാ നാമങ്ങളും പഠിപ്പിച്ചു' എന്നു ഖുർആൻ വെളിപ്പെടുത്തുന്നു (ഖു. 2:31). 'പഠിപ്പിക്കുക' എന്ന വാക്ക് കമ്പ്യൂട്ടർ ഭാഷയിൽ പറയുമ്പോൾ 'സിസ്റ്റത്തിൽ സ്ഥാപിക്കുക' എന്നാണ്. ഉദാഹരണമായി കമ്പ്യൂട്ടറിനെ പ്രിന്റ് ചെയ്യുവാൻ പഠിപ്പിച്ചു എന്ന് ഒരാൾ പറയുകയാണെങ്കിൽ അതിനർത്ഥം പ്രിന്റ് ചെയ്യാനാവശ്യമായ സോഫ്റ്റ്‌വെയർ അയാൾ കമ്പ്യൂട്ടറിൽ സ്ഥാപിച്ചു എന്നാണ്. ബയോസോഫ്റ്റ്‌വെയർപോലെ, മനുഷ്യരാശിക്ക് ആകമാനമുള്ള വിജ്ഞാനവും ആദമിൽ നിക്ഷിപ്തമാണെന്നാണ് ഈ ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. 'എല്ലാ നാമങ്ങൾ' എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് മനുഷ്യനു അല്ലാഹു നൽകാനുദ്ദേശിച്ച എല്ലാതരം അറിവുകളെയാണെന്ന് അനുമാനിക്കാം. അങ്ങനെ ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ച വിജ്ഞാനമാണ് മനുഷ്യരാശിക്ക് മൊത്തമായുള്ള അറിവിന്റെ സ്രോതസ്സ് അല്ലെങ്കിൽ പ്രഭവകേന്ദ്രം. ഈ സ്രോതസ്സിൽ നിന്ന് ബയോസോഫ്റ്റ്‌വെയർ എഞ്ചിനിയറിംഗ് പ്രക്രിയയിലൂടെ മനുഷ്യനിൽ ജൈവവൈവിധ്യം സൃഷ്ടിക്കപ്പെടുംവിധം, പ്രോഗ്രാം ചെയ്തതനുസരിച്ചു ബീജം വഴി പലകാലഘട്ടങ്ങളിലായി വിവിധ വ്യക്തികളുടെ സിക്താണ്ഡ (zygote)ത്തിലേക്ക് പുതിയ അറിവുകൾ എത്തുന്നു. അങ്ങനെ എത്തുന്ന വിവരങ്ങളാണ് സിക്താണ്ഡത്തിൽനിന്നും വ്യക്തിയുടെ മസ്തിഷ്ക്കം വളരുന്നതോടെ അതിലെ മെമറിയിൽ (സദ്ർ) നിക്ഷേപിക്കപ്പെടുന്നതും, പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ച് അയാളുടെ ജീവിതകാലത്തെ നിശ്ചിതസമയത്ത് ആ അറിവ് അയാളുടെ മനസ്സിലേക്കു ഡൗൺലോഡ് ചെയ്യപ്പെടുന്നതും. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് വൈവിധ്യമാർന്ന ശരീരഘടന, ശാരീരിക കഴിവുകൾ എന്നിവയുടെ ജൈവവിവരങ്ങൾ ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽനിന്നുത്ഭവിച്ചു ഭാവിതലമുറകളിലേക്കെത്തുന്നതുപോലെ, ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ച വിജ്ഞാനവും പ്രോഗ്രാം ചെയ്തതനുസരിച്ചാണ് ബീജത്തിലൂടെ ഭാവിതലമുറകൾക്കു ലഭ്യമാകുന്നതെന്നാണ്. അങ്ങനെ എത്തുന്ന വിവരം (*a priori* knowledge) പ്രോഗ്രാമിൽ നിശ്ചയിക്കപ്പെട്ട സമയത്ത് വ്യക്തിയുടെ മനസ്സിലേക്കു ഡൗൺലോഡ് ചെയ്യപ്പെടുന്നുവെന്നുമാത്രം. ഈ സത്യം എഴുത്തുകാരും ശാസ്ത്രജ്ഞന്മാരും മറ്റു ചിന്തകരും സാക്ഷ്യപ്പെടുത്തുമെന്നതിൽ സംശയമില്ല. ഒരു ശാസ്ത്രജ്ഞന് ഒരു നിശ്ചിത വയസ്സിൽ നിശ്ചിത സമയത്തായിരിക്കും ഒരു ആശയം മനസ്സിൽ ഉദിക്കുക – അതായത് ആ ആശയം ഡൗൺലോഡ് ചെയ്യപ്പെടുക. അതിനുമുമ്പ് ആ വിവരം അദ്ദേഹത്തിന്റെ മെമറിയിലുണ്ടെങ്കിലും ദൈവിക നിശ്ചിതമായ സമയം ആകുന്നതുവരെ അയാളുടെ മനസ്സിലേക്കു ആ ആശയം ഡൗൺലോഡ് ചെയ്യപ്പെടാതെ നിൽക്കുന്നു. ഖുർആൻ പറയുന്നത് നോക്കൂ: "ഓരോ വൃത്താന്തത്തിനും ഒരു നിശ്ചിത സമയമുണ്ട്. വഴിയെ നിങ്ങൾ അതറിഞ്ഞുകൊള്ളും" (ഖു. 6:67). അല്ലാഹു നിശ്ചയിച്ച സമയത്താണ് ഓരോ പുതിയ അറിവും വെളിപ്പെടുന്നതെന്ന് വ്യക്തം.



ഇവിടെ വിവക്ഷിക്കുന്നത് മെമറിയിലില്ലാത്ത ഒരു വിവരവും മനസ്സെന്ന പ്രോസസ്സറിന് ലഭിക്കില്ലെന്നാണ്. മെമറിയിലുള്ള വിവരങ്ങൾ ഡൗൺലോഡ് ചെയ്തു (information retrieval) വിശകലനം ചെയ്യാനുള്ള കഴിവു (അതായത് ബുദ്ധി –intelligence) മനസ്സിനുണ്ട്. ചിലപ്പോൾ ഏതെങ്കിലും വിഷയം വിശകലനം ചെയ്യുമ്പോഴായിരിക്കും ഒരു നൂതന ആശയം മനസ്സിൽ ഉദിക്കുന്നത്. ആ ആശയവും മെമറിയിൽ തന്നെ ഉണ്ടായിരുന്നു; പക്ഷെ ആ നൂതന ആശയം ഡൗൺലോഡ് ചെയ്യപ്പെടാനുള്ള സമയം ആവാത്തതുകൊണ്ടാണ് അതു മനസ്സിലുദിക്കാതിരുന്നത്. അതിന്റെ സമയമായപ്പോൾ അത് ഡൗൺലോഡ് ചെയ്യപ്പെട്ടെന്നു മാത്രം. നമ്മൾ അതിനെ 'യാദൃശ്ചിക'മെന്നു പറയുന്നു. 'യാദൃശ്ചിക കണ്ടുപിടുത്ത'മെന്നൊക്കെ നമ്മൾ പറയുന്നത് നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഉണ്ടാകുന്ന അറിവിനെ (*a posteriori* knowledge) മാത്രം അംഗീകരിക്കുന്നതുകൊണ്ടും, ജനിക്കുമ്പോൾ സിക്താണ്ഡത്തിലൂടെ വരുന്ന അറിവിനെ (*a priori* knowledge) അംഗീകരിക്കാത്തതുകൊണ്ടുമാണ്. നമ്മളിൽ ജന്മനായുള്ള അറിവിനെ സംബന്ധിച്ചു ഇമ്മാനുവൽ കാന്റ് (Immanuel Kant) പോലുള്ള തത്ത്വചിന്തകന്മാർ വളരെ പ്രാധാന്യത്തോടുകൂടി വിവരിക്കുന്നുണ്ട്. അനുഭവത്തിലൂടെ പ്രകൃതിയിൽനിന്ന് ലഭിക്കുന്ന അറിവുകൂടാതെ ജനനത്തോടെയും മനുഷ്യരിൽ പ്രത്യേക അറിവ് നിക്ഷിപ്തമാകുന്നുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു. അതിന്റെ ഉറവിടം എവിടെയാണെന്നോ എങ്ങനെയാണതു ലഭിക്കുന്നതെന്നോ ആർക്കും അറിയില്ല. ഖുർആൻ സൂക്തങ്ങൾ മാത്രമാണ് ആ വസ്തുതകൾ നമുക്ക് വെളിപ്പെടുത്തുന്നത്. ആലോചിച്ചുനോക്കൂ, നിങ്ങളുടെ പേര് കണ്ടുപിടിക്കാൻ ഈ ഭൂലോകത്തെ മുഴുവൻ ആളുകളും ചിന്തിക്കുകയാണെങ്കിലും അവരിൽ ഒരാൾക്കുപോലും കണ്ടുപിടിക്കാൻ സാധിക്കില്ല. നിങ്ങളുടെ പേര് അറിഞ്ഞവർക്ക് (അതായത് നിങ്ങളുടെ പേര് ആരുടെയൊക്കെ മെമറിയിലുണ്ടോ അവർക്ക്) മാത്രമെ അത് പറയുവാൻ പറ്റുകയുള്ളൂ. അത്പോലെയാണ് ഏതു നൂതന ആശയത്തിന്റെ കണ്ടുപിടുത്തവും. ഏതെങ്കിലും പ്രതിഭാസത്തെക്കുറിച്ചുള്ള പുതിയ ആശയം ആരുടെ മെമറിയിൽ ഡൗൺലോഡ് ചെയ്യാനുള്ള അനുമതിയോടെ സ്ഥിതിചെയ്യുന്നുവോ അയാളായിരിക്കും അതിന്റെ കണ്ടുപിടുത്തക്കാരൻ. ശാസ്ത്ര ചരിത്രം പരിശോധിച്ചാൽ 'യാദൃഛിക'മെന്നു നമ്മൾ വിശേ

ഷിപ്പിക്കുന്ന കണ്ടുപിടുത്തങ്ങളുടെ (accidental discoveries) ഒരു നീണ്ടപട്ടികതന്നെ കാണാൻ കഴിയും. അതായത് ഒരാൾ നിനച്ചിരിക്കാത്ത സമയത്തായിരിക്കും ഏതെങ്കിലും പ്രതിഭാസത്തെ കണ്ടുപിടിക്കുക അല്ലെങ്കിൽ അതിനെ പറ്റിയുള്ള വിവരം അയാളുടെ മനസ്സിൽ ഉദിക്കുക.

യാദൃശ്ചിക കണ്ടുപിടുത്തങ്ങൾ കൂടാതെ, ഒരു പ്രതിഭാസത്തിന്റെ 'എങ്ങനെ' 'എന്തുകൊണ്ട്' തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പരീക്ഷണങ്ങളിലൂടെ ലഭിക്കാം. തേടിക്കണ്ടെത്തിയ വിവരങ്ങളെന്ന് അവയെ വിശേഷിപ്പിക്കാം. ചില സാങ്കൽപിക ആശയങ്ങളെ പരീക്ഷണവിധേയമാക്കി തെളിയിക്കാനോ തള്ളിക്കളയാനോ സാധിക്കും. ഉദാഹരണമായി ഭൂമിയല്ലാത്ത മറ്റേതെങ്കിലും ഗ്രഹത്തിൽ ജീവനുണ്ടോയെന്ന് കണ്ടുപിടുക്കാൻ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ഒന്നുകിൽ ആ പരീക്ഷണം വിജയിക്കാം അല്ലെങ്കിൽ പരാജയപ്പെടാം. ഇങ്ങനെ ലഭിക്കുന്ന വിവരവും ഈ ഇനത്തിൽപ്പെട്ടവയാണ്. ഈ കണ്ടുപിടുത്തങ്ങളെല്ലാം തന്നെ ദൈവിക പ്രോഗ്രാമനുസരിച്ചു ലഭിക്കുന്നവയാണ്. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണവിഷയങ്ങളും, പരീക്ഷണം നടത്തുവാനുള്ള പ്രചോദനവും, അതിനുവേണ്ടതായ ആശയങ്ങൾ മനസ്സിൽപൊട്ടിവരുന്നതുമെല്ലാംതന്നെ വ്യക്തിയുടെ ബയോസോഫ്റ്റ്വെയറിലടങ്ങിയ വിവരത്തിനനുസൃതമായാണ്. തേടികണ്ടെത്തിയ കണ്ടുപിടുത്തങ്ങൾക്കും, യാദൃശ്ചിക കണ്ടുപിടുത്തങ്ങൾക്കുമുള്ള പൊതുവായ സവിശേഷത അവ പ്രവചനാതീതമെന്നതാണ്. ഏതെങ്കിലും ഒരു പ്രത്യേക കണ്ടുപിടുത്തം സംഭവിക്കുമോ എന്നുപോലും നമുക്കു പ്രവചിക്കാൻ കഴിയില്ല. കൂടാതെ ഭാവിയിൽ എന്തൊക്കെ ആവശ്യങ്ങൾക്കു ഒരു കണ്ടുപിടുത്തം പ്രയോജനപ്പെടുത്താമെന്നും കണ്ടുപിടിക്കുന്ന ശാസ്ത്രജ്ഞനോ, മറ്റുള്ളവർക്കോ നിശ്ചയമില്ല.

നിഘണ്ടുവിൽ 'serendipity' എന്നൊരു വാക്കുണ്ട്. യാദൃശ്ചിക കണ്ടുപിടുത്തതിനുള്ള കഴിവ് എന്നാണ് അതിനർത്ഥം. 'സെറൻഡിപിലെ മൂന്നു രാജകുമാരന്മാർ' (The Three Princes of Serendip) എന്ന യക്ഷിക്കഥയിൽ നിന്ന് 1754 ൽ ഹൊറാസ് വാൽപോൾ (Horace Walpole) ആണ് ഈ വാക്ക് സംഭാവന ചെയ്തത്. ശ്രീലങ്കയുടെ പഴയ പേരാണ് സെറൻഡിപ്. ആ കഥയിലെ നായകന്മാർ എപ്പോഴും യാദൃശ്ചികമായി പല കണ്ടുപിടുത്തങ്ങളും നടത്തിയിരുന്നു. ശാസ്ത്ര സാങ്കേതിക വിജ്ഞാന വികാസത്തിലേക്ക് നയിച്ച പ്രകൃതി പ്രതിഭാസങ്ങളുടെ കണ്ടുപിടുത്തങ്ങളിൽ മിക്കതും ആകസ്മികങ്ങളായിരുന്നുവെന്നതാണ് വാസ്തവം. താഴെ കൊടുത്തിരിക്കുന്ന ചില ഉദാഹരണങ്ങളിൽനിന്നും ആ സത്യം മനസ്സിലാകുന്നതാണ്.

ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ സർ വില്യം ക്രൂക്ക്സ് (Sir William Crookes, 1832-1919) ഒരിക്കൽ ഒരു ഡിസ്ചാർജ്ജ് ട്യൂബിലൂടെ (പിന്നീട് അത് ക്രൂക്ക്സ് ട്യൂബ് എന്ന പേരിലറിയപ്പെട്ടു) ഉയർന്ന വോൾട്ടേജുള്ള വൈ



ദ്യുതി കടത്തിവിടുകയായിരുന്നു. തൊട്ടടുത്ത പെട്ടിയിലുണ്ടായിരുന്ന ഫോട്ടോഗ്രാഫിക് പ്ലേറ്റുകൾ അതിന്റെ ഫലമായി മങ്ങലേറ്റതായി അദ്ദേഹം കണ്ടു. കൂടുതൽ മങ്ങലേൽക്കാതിരിക്കാൻ അദ്ദേഹം ആ പെട്ടി അവിടെ നിന്നും മറ്റൊരു മുറിയിലേക്കു മാറ്റി. ഇതൊരു അസാധാരണ പ്രതിഭാസമായിരുന്നിട്ടും കൂടുതൽ അന്വേഷണത്തിനായി ആ ശാസ്ത്രജ്ഞനിൽ ഒരു ജിജ്ഞാസയും ഉണ്ടായില്ല. ഏതാണ്ട് ഒരു വർഷത്തിനുശേഷം ജർമ്മൻ ഭൗതിക ശാസ്ത്രജ്ഞനായ വിൽഹെം കോണാർഡ് റോൺട്ജൻ (Wilhem Konard Roentgen) തന്റെ പരീക്ഷണങ്ങൾക്കുവേണ്ടി ക്രൂക്ക്സ് ട്യൂബ് ഉപയോഗിക്കുകയായിരുന്നു. ക്രൂക്ക്സ് നിരീക്ഷിച്ചതുപോലെ ഫോട്ടോഗ്രാഫിക് പ്ലേറ്റുകൾക്ക് മങ്ങലേറ്റതായി അദ്ദേഹവും ശ്രദ്ധിക്കാനിടയായി. റോൺട്ജനു ഇതെങ്ങനെ സംഭവിക്കുന്നു എന്നറിയാനുവാനുള്ള ജിജ്ഞാസയുണ്ടായി. ഫോട്ടോഗ്രാഫിക് പ്ലേറ്റ് അവിടെനിന്നും നീക്കം ചെയ്യുന്നതിനുപകരം അദ്ദേഹം ക്രൂക്ക്സ് ട്യൂബ് കറുത്ത കടലാസ്കൊണ്ടു നല്ലവണ്ണം പൊതിയുകയായിരുന്നു. അവ എന്നിട്ടും മങ്ങിയതായി കണ്ടു. മനുഷ്യന് കാണാൻ കഴിയാത്തതും, കടലാസിന് തടയാൻ സാധിക്കാത്തതുമായ രശ്മികൾ ക്രൂക്ക്സ് ട്യൂബിൽ നിന്ന് വരുന്നുണ്ടെന്ന് റോൺട്ജൻ മനസ്സിലാക്കി. അങ്ങനെ മനുഷ്യനു ഏറ്റവുമധികം ഉപകാരപ്രദമെന്നു വിശേഷിക്കപ്പെടുന്ന കണ്ടുപിടുത്തമായ എക്സറെ (X-ray) പ്രതിഭാസത്തെ അദ്ദേഹം കണ്ടുപിടിച്ചു.

ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ വില്യം പെർകിൻ (William Perkin) കൽക്കരി ഉൽപന്നങ്ങളിൽ നിന്നും കൃത്രിമകിനിൻ (quinine) ഉണ്ടാക്കാൻ ശ്രമിക്കുകയായിരുന്നു. പരീക്ഷണത്തിനുപയോഗിച്ച ടെസ്റ്റ്യൂബുകളിൽ ഒന്ന് വൃത്തിയാക്കാൻ അദ്ദേഹം ആൽക്കഹോൾ ഉപയോഗിച്ചു. എന്നാൽ ആ ദ്രാവകം കടുത്ത വയലറ്റ് നിറമായതായി അദ്ദേഹം കണ്ടു. യാദൃചികമായി അദ്ദേഹം ആദ്യത്തെ കൃത്രിമഡൈ (dye) കണ്ടുപിടിക്കുകയായിരുന്നു.

അമേരിക്കയിലെ ഡ്യൂപോണ്ട് കമ്പനിയിൽ ജോലി ചെയ്തിരുന്ന റോയ് പ്ലങ്കറ്റ് (Roy Plunkett) എന്ന ശാസ്ത്രജ്ഞൻ തന്റെ ഒരു പഠനത്തിൽ ടെട്രാഫ്യൂറോ എതിലിൻ (tetrafluoro ethylene) ഗ്യാസ് ഉപയോഗിക്കുകയായിരുന്നു. പരീക്ഷണം പരാജയപ്പെട്ടു. കണ്ടയിനറിൽ മെഴുക് രൂപത്തിലുള്ള ഒരു അവശിഷ്ടം അദ്ദേഹം കണ്ടു. ആ വസ്തുവെ പരീക്ഷിച്ചപ്പോൾ അത് അമ്ലങ്ങൾക്കും മറ്റു ലായിനികളും ഉൾപ്പെടെ അറിയപ്പെട്ട ഒരു വസ്തുവുമായും പ്രതിപ്രവർത്തനം നടത്താത്താണെന്ന് തെളിഞ്ഞു. ടെഫ്ലോൺ (teflon) അങ്ങനെയാണ് കണ്ടുപിടിക്കപ്പെട്ടത്.

പ്രസിദ്ധ മൈക്രോബയോളജിസ്റ്റായ ലൂയിപാസ്ചർ (Louis Pasteur) കോളറരോഗത്തിന് കാരണക്കാരായ മാരക അണുജീവികളെ സംബന്ധിച്ചു പരീക്ഷണങ്ങൾ നടത്തുകയായിരുന്നു. അണുബാധയേറ്റ അൽ

പം കോഴിസൂപ്പ് ആഴ്ചകളോളം അദ്ദേഹത്തിന്റെ ഓർമ്മയിലില്ലാതെ അവിടെ കിടന്നിരുന്നു. ഓർമ്മവന്നപ്പോൾ അതിനെ കോഴിക്കുട്ടികളിൽ പരീക്ഷിക്കുന്നതിനെപ്പറ്റി ചിന്തിച്ചു. കോഴിത്തീറ്റയിൽ അൽപം സൂപ്പ് തുള്ളികൾ ചേർത്ത് അത് പക്ഷികളെ തീറ്റി. അത്ഭുതമെന്നു പറയട്ടെ, ആ പക്ഷികൾ ചത്തില്ലെന്നു മാത്രമല്ല കോളറ രോഗത്തെ പ്രതിരോധിക്കാനുള്ള കഴിവും നേടി. അങ്ങനെ ലൂയിപാസ്റ്ററുടെ പരീക്ഷണശാലയിലെ അവഗണിക്കപ്പെട്ട ഒരു പിഞ്ഞാണത്തിൽ കോളറെക്കതിരായ വാക്സിൻ ജന്മമെടുക്കുകയായിരുന്നു.

നോബൽ ജേതാവായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ആന്റണി ഹ്യൂവിഷ് (Antony Hewish) ആദ്യത്തെ പൾസാർ (ഇടവിട്ടുമാത്രം തരംഗങ്ങൾ പുറപ്പെടുവിക്കുന്ന നക്ഷത്രങ്ങൾ) കണ്ടെത്തിയ സംഭവം വിവരിക്കുന്നതിങ്ങനെയാണ്: "ആ സമയത്ത് ഞങ്ങൾ പൾസാറുകളെ അന്വേഷിക്കുകയായിരുന്നുവെന്നു പറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു! യഥാർത്ഥത്തിൽ ഞാനും സഹപ്രവർത്തകരും ആകാശഗംഗയുടെ (Milky Way) അതിർത്തിക്കപ്പുറത്ത് സ്ഥിതിചെയ്യുന്ന റേഡിയോ തരംഗങ്ങൾ പുറപ്പെടുവിക്കുന്ന നിഗൂഢമായ ക്വാസാറുകൾ (quasars റേഡിയോതരംഗ നക്ഷത്രസമൂഹം) സംബന്ധിച്ച പഠനത്തിലായിരുന്നു. അപ്പോഴാണ് ആദ്യത്തെ പൾസാർ അപ്രതീക്ഷിതമായി ഞങ്ങളുടെ ഉപകരണത്തിൽ അതിന്റെ സാന്നിധ്യമറിയിച്ചത്. വിധിയുടെ അതിഭാഗ്യകരമായ ഒരു വഴിത്തിരിവിനാൽ എന്നു പറയട്ടെ, ഞങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന റേഡിയോ ടെലസ്കോപ്പ് ഈ ആകർഷക വസ്തുക്കളിൽ നിന്നും തുടരെതുടരെ അയക്കപ്പെടുന്ന ദുർബലമായ റേഡിയോ പൾസുകൾ പിടിച്ചെടുക്കാൻ ഏറ്റവും അനുയോജ്യമായിരുന്നു."

അങ്ങനെ എത്രയെത്ര കണ്ടുപിടുത്തങ്ങൾ! നോബൽ സമ്മാനത്തിന്റെ കാര്യംതന്നെ എടുക്കുക. ആൽഫഡ് നോബൽ (Alfred Nobel) ഈ സമ്മാനം ഏർപ്പെടുത്തിയത് ആകസ്മികമായി കണ്ടുപിടിക്കപ്പെട്ട ഡൈനാമിറ്റിൽ നിന്നും അദ്ദേഹത്തിന് ലഭിച്ച ഭീമമായ സമ്പത്ത് കൊണ്ടായിരുന്നു. ശക്തമായ ഒരു സ്ഫോടകവസ്തുവും, കൈകാര്യം ചെയ്യുവാൻ അപകടകരവുമായ നൈട്രോ ഗ്ലിസറിൻ ദ്രാവകത്തിന്റെ നിർമ്മാതാക്കളായിരുന്നു നോബൽ കുടുംബം. മക്കളിൽ ഓരാളായ ആൽഫ്രഡ് നോബൽ ഒരിക്കൽ നൈട്രോ ഗ്ലിസറിന്റെ ഒരു കുപ്പി എടുക്കുകയായിരുന്നു. അപ്പോൾ അതിൽ നിന്നും കുറച്ചുദ്രാവകം കീസൽഗുർ (kiesalghur) പൊടിയുടെ മേൽ പതിച്ചു. ഒരു പൊട്ടിത്തെറി പ്രതീക്ഷിച്ചെങ്കിലും അത് പൊടിയുമായി ചേർന്ന് കുഴമ്പായി രൂപപ്പെടുകയായിരുന്നു. ആ മിശ്രിതത്തിന് സ്ഫോടകശേഷിയുണ്ടെന്നു മാത്രമല്ല, കൈകാര്യം ചെയ്യുവാൻ സുരക്ഷിതവുമായിരുന്നു. അങ്ങനെ അദ്ദേഹം യാദൃച്ഛികമായി ഡൈനാമിറ്റ് കണ്ടുപിടിക്കുകയായിരുന്നു.



ഇത്തരം കണ്ടുപിടുത്തങ്ങളിലൂടെയാണ് പ്രകൃതിവിഭവങ്ങളെ സംബന്ധിച്ചും, പ്രതിഭാസങ്ങളെക്കുറിച്ചും മറ്റുമുള്ള വിജ്ഞാനം അല്ലാഹു നമുക്ക് പ്രദാനം ചെയ്യുന്നത്. മനുഷ്യൻ സ്വന്തമായി ഒന്നും കണ്ടുപിടിക്കുന്നില്ല. അല്ലാഹു മുൻകൂട്ടി തീരുമാനിച്ച സമയത്ത്, അതിനായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ മെമറിയിൽ നിന്ന് പുതിയ വിജ്ഞാനം ഡൗൺലോഡ് ചെയ്യപ്പെടുന്നു. അവർ അത് വെളിപ്പെടുത്തുന്നു. അവരെ നമ്മൾ ശാസ്ത്രജ്ഞർ എന്നു വിളിക്കുന്നു. ഇസ്ലാംമതത്തിൽ പ്രവാചകന്മാരുടെ ജോലിയാണ് ശാസ്ത്രത്തിൽ ശാസ്ത്രജ്ഞന്മാർ ചെയ്യുന്നത്. ഭൗതിക വിജ്ഞാനത്തിന്റെ പ്രഭവസ്ഥാനമായ ആദമിന്റെ ബയോസോഫ്റ്റ്വെയറിൽനിന്ന് തുടങ്ങി ആദം–ഹവ്വാ സന്തതികളുടെ ബയോസോഫ്റ്റ്വെയറിലൂടെയുള്ള സംപ്രേഷണഫലമായി നിശ്ചിത കാലത്തും നിശ്ചിത തലമുറകളിലും ഇന്നും അല്ലാഹുവിൽനിന്നുള്ള വിജ്ഞാനം മനുഷ്യന് ലഭിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യജീവിയായ നമുക്ക് നമ്മുടെ കഴിവുകളെയോ വിജ്ഞാനത്തെയോ, മാതാപിതാക്കളെയോ, സന്താനങ്ങളെയോ, ജന്മസ്ഥലമോ, ജന്മസമയമോ ഒന്നുംതന്നെ സ്വന്തമായി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അല്ലാഹു തന്നിട്ടില്ല. എല്ലാം അല്ലാഹുവിന്റെ ആസൂത്രണം! ആദമിന്റെ ബയോസോഫ്റ്റ്വെയറിലെ പ്രോഗ്രാം അനുസരിച്ചു അല്ലാഹു നിശ്ചയിച്ച കഴിവുകൾ ഓരോ വ്യക്തിക്കും ലഭിക്കുന്നു. അതുപോലെ അല്ലാഹു നിശ്ചയിക്കുന്ന വിജ്ഞാനം അല്ലാഹു നിർണ്ണയിച്ച വ്യക്തികളിലൂടെ നിശ്ചിത സമയത്ത് വെളിപ്പെടുന്നു. ആ അറിവുകളുടെ ഫലമായാണ് ശാസ്ത്ര–സാങ്കേതിക രംഗം വികസിക്കുന്നതും മനുഷ്യൻ പ്രകൃതിവിഭവങ്ങൾ തന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള അറിവു നേടുന്നതും. ഇതേ പ്രക്രിയയിലൂടെ തന്നെയാണ് കല, സാഹിത്യം മുതലായ രംഗങ്ങളും വികസിക്കുന്നത്. പ്രവാചകനായ മുഹമ്മദിന്റെ ജനതയാണ് അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ അവസാനത്തെ കണ്ണി. മുഹമ്മദ് നബിയുടെ ജനതയോടെ ഇസ്ലാംമതം പൂർത്തീകരിക്കുന്നതുപോലെ മനുഷ്യവർഗത്തിനു വെളിപ്പെടുത്താനുദ്ദേശിക്കുന്ന ഭൗതികവിജ്ഞാനവും ലോകാവസാനത്തിന് മുമ്പ് അല്ലാഹു പൂർത്തീകരിക്കും. അത് എപ്പോൾ സംഭവിക്കുമെന്നു പറയാനാവില്ല. പക്ഷെ മനുഷ്യനു ആകെ നൽകപ്പെടുന്ന ഭൗതിക അറിവുകൾ വളരെ തുച്ഛമാണെന്നും അതിന് ഒരു പരിധിയുണ്ടെന്നുമുള്ള സത്യം ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നു. "....അറിവിൽനിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല." (ഖു. 17:85). ഒരു ശാസ്ത്രജ്ഞനും ഒന്നും സ്വയം കണ്ടുപിടിക്കുന്നില്ല. കണ്ടുപിടിച്ചുവെന്നു പറയപ്പെടുന്ന വിജ്ഞാനം അയാളിലെ ബയോസോഫ്റ്റ്വെയർ അല്ലാഹു നിശ്ചയിച്ച സമയത്ത് അയാളുടെ മെമറിയിൽ നിന്ന് അയാളുടെ മനസ്സിലേക്ക് സംപ്രേഷണം ചെയ്തതാണ്. ആ അ

റിവ് മറ്റൊരാൾ വഴിയാണ് മനുഷ്യസമൂഹത്തിന് വെളിപ്പെടുത്താൻ അല്ലാഹു നിശ്ചയിച്ചതെങ്കിൽ അയാളായിരിക്കും അതിന്റെ കണ്ടുപിടുത്തക്കാരൻ. അങ്ങനെ ആദമിന്റെ ബയോസോഫ്റ്റ്വെയറിൽ അല്ലാഹു ഉൾക്കൊള്ളിച്ച വിജ്ഞാനം അല്ലാഹു പ്രോഗ്രാം ചെയ്തതനുസരിച്ച് മനുഷ്യവർഗത്തിന് ലഭിക്കുന്നു. മനുഷ്യന് വിജ്ഞാനം എങ്ങനെ ലഭിക്കുന്നുവെന്നും അതിന്റെ ഉറവിടം എവിടെയാണെന്നും, എന്തിനുവേണ്ടിയാണ് ഭൗതികവിജ്ഞാനം അല്ലാഹു നമുക്ക് തരുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ ഖുർആനിലൂടെ മാത്രം മനസ്സിലാക്കാൻ കഴിയുന്ന വിഷയങ്ങളാണ്. ഖുർആനും ശാസ്ത്രവും സംയോജിക്കുമ്പോൾ മാത്രമേ അല്ലാഹു നമുക്ക് വെളിപ്പെടുത്തിയ വിജ്ഞാനം പൂർണ്ണതയിലെത്തുകയുള്ളൂ.

ഒരു വ്യക്തി സ്വയം വികസിപ്പിച്ചുണ്ടാക്കുന്ന ശാരീരിക കഴിവുകളാണ് അയാൾ പ്രകടിപ്പിക്കുന്നതെന്നും, മനുഷ്യൻ ചിന്തിച്ചും പരീക്ഷണങ്ങൾ നടത്തിയും ലഭിക്കുന്ന വിജ്ഞാനമാണ് ശാസ്ത്ര–സാങ്കേതിക വികാസത്തിനു കാരണമെന്നും പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും, ദൈവിക പ്രോഗ്രാമിന്റെ (ആദമിന്റെ ബയോസോഫ്റ്റ്വെയർ) നിർവ്വഹണമാണ് ഇതിന്റെയെല്ലാം പിന്നിലുള്ള ചാലകശക്തിയെന്ന സത്യം മനുഷ്യന് ബോധ്യപ്പെടേണ്ടിയിരിക്കുന്നു. ആ സത്യം അംഗീകരിക്കപ്പെടുമ്പോൾ ഒരു വ്യക്തിയും ഒന്നും സ്വയം ഉണ്ടാക്കുന്നില്ലെന്നും, അല്ലാഹു നിശ്ചയിച്ച കഴിവുകളാണ് ഓരോരുത്തരും ആർജ്ജിക്കുന്നതെന്നും എല്ലാവിധ അറിവുകളും അല്ലാഹുവിൽ നിന്നുൽഭവിച്ചതാണെന്നും അത് മനുഷ്യബീജത്തിലൂടെ നിശ്ചിത വ്യക്തികളിലേക്ക് എത്തുകയും നിർണ്ണയിക്കപ്പെട്ട സമയത്ത് അയാൾ മെമറിയിൽനിന്ന് ഡൗൺലോഡുചെയ്യുകയുമാണെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകുന്നു. ഓരോ വ്യക്തിയുടെയും കഴിവുകളും കഴിവുകേടുകളും അല്ലാഹു നിശ്ചയിച്ചതാണ്. (ഓരോ വ്യക്തിയുടെയും ജീവിതം അല്ലാഹു വിലയിരുത്തുന്നതും അയാൾക്കു കൊടുത്തതായ കഴിവുകൾക്കനുസൃതമായിട്ടു മാത്രമാണെന്നു നേരത്തെ വിശദീകരിച്ചിരുന്നുവല്ലോ). ഈ ഭൂമിയിൽ സൃഷ്ടിക്കപ്പെടുന്ന എല്ലാ മനുഷ്യരുടെയും ശാരീരികമായതും മാനസികവുമായ കഴിവുകളുടെ സമാഹാരമാണ് മനുഷ്യവർഗ്ഗത്തിനു അല്ലാഹു നൽകിയ കഴിവുകളുടെ പാരമ്യം. അതു നമുക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്തതാണ്. മനുഷ്യനു സ്വന്തമെന്ന് അവകാശപ്പെടാവുന്നത് അയാൾ ബോധത്തോടെ ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ്. അതും മനുഷ്യമനസ്സിനു തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം അല്ലാഹു നൽകിയതുകൊണ്ട്. ആ സ്വാതന്ത്ര്യം എങ്ങനെ മനുഷ്യൻ വിനിയോഗിക്കുന്നു എന്നുള്ളതാണ് ദൈവിക പരീക്ഷണത്തിന്റെ ലക്ഷ്യവും.



8

# പരലോകജീവിതം

അല്ലാഹു മനുഷ്യനെ പരീക്ഷിക്കുവാൻ വേണ്ടി സൃഷ്ടിച്ചതാണല്ലോ ഈ പ്രപഞ്ചം. മനുഷ്യപരീക്ഷണം പൂർത്തിയാകുന്നതോടെ ഈ താൽക്കാലിക പ്രപഞ്ചത്തിന്റെ കാലാവധിയും തീരും. ഇതിലും ശ്രേഷ്ഠമായ പുതിയ പ്രപഞ്ചം ഈ പ്രപഞ്ചത്തിന്റെ തുടർച്ചയായി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പ്രപഞ്ചസൃഷ്ടിയെയും പുനഃസൃഷ്ടിയെയും മൂന്നാം അദ്ധ്യായത്തിൽ സംക്ഷിപ്തമായി വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ആ വിഷയം ഇവിടെ വീണ്ടും ചർച്ചക്കെടുക്കുന്നില്ല. ഒരു വ്യക്തിയുടെ പരീക്ഷണ കാലാവധി(ആയുസ്സ്)യുടെ വിരാമമാണ് മരണം. അതിനുശേഷമുള്ള മനുഷ്യബയോസോഫ്റ്റ്വെയറിന്റെ അവസ്ഥയും, അതിൽ നിന്ന് മനുഷ്യനെ പുനഃസൃഷ്ടിക്കുന്നതും തുടർന്നുള്ള പരലോകജീവിതവുമാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്.

## മരണാനന്തര അവസ്ഥ

മരണം എന്ന പ്രതിഭാസം മനുഷ്യബയോസോഫ്റ്റ്വെയറെ (നഫ്സിനെ) ശരീരത്തിൽ നിന്നും നീക്കം (deletion) ചെയ്യുന്ന പ്രക്രിയയാണെന്ന് വിശദീകരിച്ചുവല്ലോ. ബയോസോഫ്റ്റ്വെയർ ശരീരത്തിൽ നിന്നും വേർപെടുന്നതോടെ ജീവപ്രവർത്തനങ്ങൾ നിലക്കുകയും ശരീരം ജീവനില്ലാത്ത ജൈവവസ്തുവായി മാറുകയും ചെയ്യുന്നു. മൃതശരീരം മണ്ണോടു ചേരുമ്പോൾ ഒരു ജൈവപദാർത്ഥത്തിന് എന്തൊക്കെ സംഭവിക്കുമോ അതൊക്കെ അതിനും സംഭവിക്കുന്നു. അത് സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി കാർബൺഡൈയോക്സൈഡ് വാതകവും, വെള്ളവുമായി പരിണമിക്കപ്പെടുന്നു; അതിലെ ധാതുക്കൾ മണ്ണിൽ കലരുകയും അവശേഷിക്കുകയും ചെയ്യുന്നു. ഭൂമിയെന്ന പരീക്ഷണശാലയിലെ അല്ലാഹുവിന്റെ നിയമമനുസരിച്ചുള്ള മാലിന്യനിർമ്മാർജനപ്രക്രിയയാണത്. പിന്നെയുള്ളത് ശരീരത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ബയോസോഫ്റ്റ്വെയറാണ്. അത് അഭൗതികമാണ്. ഭൗതിക

ശരീരം നശിക്കുന്നത് പോലെ ബയോസോഫ്റ്റ്വെയർ (റൂഹ്) നശിക്കുന്നില്ല. അല്ലാഹു പറയുന്നു: "അതിൽ (ഭൂമിയിൽ) നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്ക് തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽനിന്നുതന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്തുകൊണ്ടുവരികയും ചെയ്യുന്നു." (ഖു. 20:55). ഈ സന്ദേശം തന്നെ മറ്റൊരു വചനത്തിലും (ഖു. 71:17–18) കാണാം. മൃതദേഹം സാധാരണ മണ്ണിൽ മറവു ചെയ്യപ്പെടുന്നതുകൊണ്ടു മൃതദേഹത്തിൽ നിന്നാണ് മനുഷ്യൻ പുനർജീവിക്കപ്പെടുകയെന്നാണ് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നതെന്നു തോന്നാം. പുനർജീവിപ്പിക്കൽ അസാധ്യവും വിശ്വസിക്കാൻ കഴിയാത്തതുമായ കാര്യമായിട്ടാണ് മുഹമ്മദ് നബിയുടെ കാലത്തെ സത്യനിഷേധികൾ കരുതിയിരുന്നത്. അതു സംബന്ധിച്ചു ഖുർആൻ ഇങ്ങനെ പറയുന്നു: "അവർ ഇപ്രകാരം പറയുകയും ചെയ്തിരുന്നു: 'ഞങ്ങൾ മരിച്ചിട്ട് മണ്ണും അസ്ഥിശകലങ്ങളുമായിക്കഴിഞ്ഞിട്ടാണോ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടാൻ പോകുന്നത്? ഞങ്ങളുടെ പൂർവ്വികരായ പിതാക്കളും (ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?)' നീ പറയുക: തീർച്ചയായും പൂർവ്വികരും പിൽക്കാലക്കാരും (എല്ലാവരും ഉയിർത്തെഴുന്നേൽപിക്കപ്പെടും.)" (ഖു. 56:47–49). അല്ലാഹുവിനു അസാധ്യമായ ഒന്നും തന്നെയില്ല. മൃതദേഹത്തിൽ നിന്നാണ് മനുഷ്യൻ പുനർജീവിക്കപ്പെടുകയെന്ന ധാരണ പക്ഷെ ശരിയല്ല. മണ്ണിൽ മറവു ചെയ്യപ്പെടാത്ത അനേകം മൃതശരീരങ്ങൾ ഉണ്ടെന്നുള്ളതുകൊണ്ടും മനുഷ്യസൃഷ്ടിപ്പ് നഫ്സിൽ (ബയോസോഫ്റ്റ്വെയർ) നിന്നാണെന്നു ഖുർആൻ (ഖു. 4:1; 6:98) ആവർത്തിച്ച് പറയുന്നതുകൊണ്ടും മേൽ ഉദ്ധരിച്ച വചനങ്ങൾ വ്യക്തമാക്കുന്നത് മൃതദേഹത്തിൽനിന്നല്ല മറിച്ച് ബയോസോഫ്റ്റ്വെയറിൽ നിന്നാണ് മനുഷ്യൻ പുനർജീവിക്കപ്പെടുകയെന്നാണ്. അങ്ങനെ നോക്കുമ്പോൾ മണ്ണിൽ സൂക്ഷിക്കപ്പെടുന്നത് മനുഷ്യബയോസോഫ്റ്റ്വെയർ (നഫ്സ്) ആണെന്നും മണ്ണിൽനിന്നു അതിനെ വീണ്ടും പ്രവർത്തനക്ഷമമാക്കി മനുഷ്യനായി രൂപാന്തരപ്പെടുത്തി പുറത്തുകൊണ്ടുവരുമെന്നുമാണ്. അതായത് ശരീരകോശങ്ങളിലെ ക്രോമൊസോമുകളിൽ സൂക്ഷിക്കപ്പെട്ടതുപോലെ ബയോസോഫ്റ്റ്വെയറുകളെ സൂക്ഷിക്കാൻ മണ്ണിനും കഴിയുമെന്നാണ് ഖുർആൻ വെളിപ്പെടുത്തുന്നത്. ജൈവവിവരങ്ങൾ (biological information) സൂക്ഷിക്കാനുള്ള മണ്ണിന്റെ കഴിവിനെ പറ്റി ശാസ്ത്രത്തിൽ പരീക്ഷണങ്ങളൊന്നും നടന്നിട്ടില്ല. അത്തരം പരീക്ഷണങ്ങൾ നടത്താൻ മനുഷ്യന് സാധിക്കുകയുമില്ല. കാരണം ഭൗതികമായ വസ്തുക്കളുടെ സ്വഭാവങ്ങളും, ഗുണങ്ങളും പെരുമാറ്റങ്ങളെ സംബന്ധിച്ചുമുള്ള അറിവു മാത്രമെ അല്ലാഹു നമുക്ക് തന്നിട്ടുള്ളു. അഭൗതികമായ ബയോസോഫ്റ്റ്വെയറിനെ (റൂഹ്) സംബന്ധിച്ചുള്ള അറിവു നമുക്ക് തന്നിട്ടില്ല (ഖു. 17:85). ബയോസോഫ്റ്റ്വെയർ ജൈവ



വസ്തുവായ (കാർബൺ മൂലകം അടിസ്ഥാനമായുള്ളത്) ക്രോമൊസോമുകളിൽ സൂക്ഷിക്കാനാകുമെങ്കിൽ കാർബൺ മൂലകവുമായി ഘടനയിൽ സാദൃശ്യമുള്ള സിലിക്കോൺ മൂലകം അടിസ്ഥാനമായുള്ള മണ്ണിലും സൂക്ഷിക്കാനാകണം. മരണാനന്തരം മനുഷ്യ ബയോസോഫ്റ്റ്വെയർ ഭൂമിയിൽ തന്നെയാണ് സൂക്ഷിക്കപ്പെടുകയെന്ന്, പുനഃസൃഷ്ടിപ്പിനെ സംബന്ധിച്ച സൂക്തങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഖബ്ർ (ഖു. 22:7; 80:21–22; 100:9), അജ്ദാസി (ഖു. 36:51; 54:7; 70:43), മർഖദ് (ഖു. 36:52), മുസ്തൗദഊൻ (ഖു. 6:98) എന്നീ വാക്കുകൾ ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നത് ബയോസോഫ്റ്റ്വെയർ സൂക്ഷിച്ചിരിക്കുന്ന മണ്ണിലെ സ്ഥലങ്ങളെയാണെന്ന് അനുമാനിക്കാവുന്നതാണ്. "അവനാണ് ഒരു ആത്മാവിൽ (നഫ്സ്)നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ. പിന്നെ (നിങ്ങൾക്ക്) ഒരു സ്ഥിര സങ്കേതവും സൂക്ഷിപ്പുകേന്ദ്ര (മുസ്തൗദഊൻ)വുമുണ്ട്. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു" (ഖു.6:98), "എന്നാൽ അവൻ അറിയുന്നില്ലേ ഖബ്റുകളിലുള്ളത് പുറത്തുകൊണ്ടുവരപ്പെടുകയും" (ഖു. 100:9), "അനന്തരം അവനെ മരിപ്പിക്കുകയും ഖബ്റിൽ (സൂക്ഷിക്കാൻ) ആക്കുയും ചെയ്തു. പിന്നീട് അവൻ (അല്ലാഹു) ഉദ്ദേശിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേല്പിക്കുന്നതാണ്" (ഖു. 80:21–22), "കാഹളത്തിൽ ഊതപ്പെടും. അപ്പോൾ അവർ അജ്ദാസിൽനിന്നു അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും" (ഖു. 36:51), "അവർ പറയും: നമ്മുടെ നാശമേ! നമ്മുടെ മർഖദിൽനിന്നും നമ്മെ എഴുന്നേല്പിച്ചതാരാണ്? ഇത് പരമകാരുണികൻ വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതന്മാർ സത്യം തന്നെയാണ് പറഞ്ഞത്" (ഖു. 36:52) എന്നീ സൂക്തങ്ങൾ മൃതദേഹത്തിന്റെ സൂക്ഷിപ്പിനെയല്ല സൂചിപ്പിക്കുന്നത്, ബയോസോഫ്റ്റ്വെയർ സൂക്ഷിച്ചിരിക്കുന്ന മണ്ണിലെ സ്ഥലങ്ങളെയാണ്.

അല്ലാഹു മനുഷ്യന്റെ പുനഃസൃഷ്ടിപ്പ് എങ്ങനെയായിരിക്കുമെന്നതിന് ഖുർആനിൽ ഉദാഹരണവും കൊടുത്തിരിക്കുന്നു: "നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാകുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. അതിനു ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു. തീർച്ചയായും അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു." (ഖു. 41:39). "അല്ലാഹുവാണ് കാറ്റുകളെ അയച്ചവൻ. അങ്ങനെ അവ മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് ആ മേഘത്തെ നിർജ്ജീവമായ നാട്ടിലേക്ക് നാം തെളിച്ചുകൊണ്ടു പോവുകയും, അതു മുഖേന ഭൂമിയെ അതിന്റെ നിർജ്ജീവാവസ്ഥയ്ക്ക് ശേഷം നാം സജീവമാക്കുകയും ചെയ്യുന്നു. അതുപോലെതന്നെയാകുന്നു (മനുഷ്യന്റെ) ഉയിർത്തെഴുന്നേ

ൽപ്." (ഖു. 35.9). ഈ സൂക്തങ്ങളിലൂടെ മനുഷ്യന്റെ ഉയിർത്തെഴുന്നേല്പിന്റെ ഒരു മാതൃക വിവരിക്കുകയാണ്. വരണ്ടുണങ്ങിയ ഭൂമിയിൽ മഴ പെയ്തുകഴിഞ്ഞാൽ അതിൽനിന്നു സസ്യങ്ങളും മറ്റും മുളച്ചുവളരുന്നതുപോലെയാണ് മനുഷ്യനെ അല്ലാഹു പുനർജീവിപ്പിക്കുക എന്നാണ് ഈ വചനങ്ങൾ വെളിപ്പെടുത്തുന്നത്. ഈ ഉദാഹരണത്തെ ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ മനുഷ്യനെ എങ്ങനെയാണ് അല്ലാഹു പുനർജീവിപ്പിക്കുക എന്ന് മനസ്സിലാകും. നിർജ്ജീവമായിക്കിടക്കുന്ന വരണ്ടഭൂമിയിൽ സൂക്ഷ്മാണുക്കളുടെ വിത്തുകോശങ്ങളും (spores) സസ്യവിത്തുകളും മറ്റും അവയിലുള്ള പ്രോഗ്രാം നിർവ്വഹണം നിർത്തിവെക്കപ്പെട്ട (dormancy) നിലയിലാണ്. ആഹാരമായി നമ്മൾ പാത്രങ്ങളിൽ സൂക്ഷിക്കുന്ന പയർ, കടല വിത്തുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. അവയുടെ ബയോസോഫ്റ്റ്വെയർ കോശങ്ങളിലുണ്ട്. പക്ഷെ അതിന്റെ നിർവ്വഹണം നടക്കുന്നില്ല. മണ്ണിൽ പാകി വെള്ളം നനച്ചാൽ ആ വിത്തുകൾ മുളക്കുകയും ചെയ്യും. ജലാംശം ആ വിത്തിലുള്ള ബയോസോഫ്റ്റ്വെയറിനെ പ്രവർത്തനക്ഷമമാക്കാനുള്ള സ്വിച്ചാകുകയാണിവിടെ. വരണ്ടഭൂമിയിൽ മഴപെയ്യുമ്പോൾ മണ്ണിൽ പ്രവർത്തനരഹിതനിലയിൽ (dormant) വസിക്കുന്ന വിത്തുകളിലെ ബയോസോഫ്റ്റ്വെയർ ജലാംശത്തിന്റെ സ്വാധീനത്താൽ പ്രവർത്തനമാരംഭിക്കുകയാണ്. ഈർപ്പത്തെ ഒരു 'കൽപന' (സ്വിച്ച്)യായി കരുതാവുന്നതാണിവിടെ. ഈ ഉദാഹരണം ഭൂമിയിൽ സൂക്ഷിക്കപ്പെട്ട മനുഷ്യബയോസോഫ്റ്റ്വെയറിന്റെ അവസ്ഥയോട് സാധർമ്യമുള്ളതാണ്. മനുഷ്യബയോസോഫ്റ്റ്വെയർ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മൺതരിയെ പ്രോഗ്രാം നിർവ്വഹണം നിർത്തിവെച്ച ഒരു വിത്തായി കരുതാവുന്നതാണ്. മനുഷ്യകോശത്തിൽ സൂക്ഷ്മ വസ്തുവായ ക്രോമൊസോമിലാണ് ബയോസോഫ്റ്റ്വെയർ സ്ഥിതിചെയ്യുന്നതെങ്കിൽ ഒരു സൂക്ഷ്മബിന്ദുവിന് സമാനമായ മൺതരി മതിയാകും അതിനെ മരണശേഷം സൂക്ഷിക്കുവാൻ. അന്ത്യനാളിൽ മനുഷ്യനെ രണ്ടാമതു സൃഷ്ടിക്കുവാൻ ഈ വിത്തിലെ ബയോസോഫ്റ്റ്വെയറിന് അല്ലാഹു ഒരു കൽപന കൊടുത്താൽ മതി. മഴത്തുള്ളി എങ്ങനെ സസ്യവിത്തിലെ ബയോസോഫ്റ്റ്വെയറിനെ പ്രവർത്തനാവസ്ഥയി (operation mode)ലേക്ക് കൊണ്ടുവരുന്നുവോ അതുപോലെ അല്ലാഹുവിന്റെ കൽപന, മൺതരിയിൽ (ഖബറിൽ അല്ലെങ്കിൽ അജ്ദാസിൽ) സൂക്ഷിക്കപ്പെട്ടുവച്ചിരിക്കുന്ന മനുഷ്യബയോസോഫ്റ്റ്വെയറിനെ (അതായത് നഫ്സിനെ) പ്രവർത്തനാവസ്ഥയിലേക്ക് കൊണ്ടുവരികയും മനുഷ്യൻ ജീവിയായി അതിൽനിന്നു രൂപാന്തരപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക: "പിന്നെ നിങ്ങളെ ഒരു വിളി വിളിച്ചാൽ നിങ്ങളതാ ഭൂമിയിൽ നിന്ന് പുറത്തുവരുന്നു." (ഖു. 30: 25). അല്ലാഹുവിന്റെ കൽപന (വിളി)യാണ് മണ്ണിൽ സൂക്ഷിക്കപ്പെട്ട മനുഷ്യ ബയോസോഫ്റ്റ്വെയറിനെ പ്രവർത്തനാവസ്ഥയിലേക്ക് കൊണ്ടുവരുന്ന സ്വിച്ച്. വരണ്ടഭൂമിയിൽ പ്രവർത്തനരഹിതനിലയിൽ (dormant) വസിക്കുന്ന വിത്തുകളിലെ ബയോസോഫ്റ്റ്വെയറെ പ്രവർത്തനക്ഷമമാക്കുന്നമഴത്തുള്ളിയോടു തുലനം ചെയ്യാവുന്നതാണ് അല്ലാഹുവിന്റെ കൽപന (വിളി). ഒരു വസ്തുവെ സൃഷ്ടിക്കാൻ "അല്ലാഹു 'അതിനോട് ഉണ്ടാകൂ' എന്നു കല്പിക്കുന്നു; അപ്പോൾ അതുണ്ടാകുന്നു" (ഖു. 2:117) എന്ന ഖുർആനിക വെളിപ്പെടുത്തലിൽ 'അതിനോട്' എന്നു പറഞ്ഞത് 'സോഫ്റ്റ്വെയറിനോട്' എന്നാണ് സൂചിപ്പിക്കുന്നതെന്ന് വളരെ വ്യക്തമായി ഈ സൂക്തത്തിൽ (ഖു. 30: 25)നിന്ന് മനസ്സിലാക്കാം (അധ്യായം 3 കാണുക). അങ്ങനെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമ്പോൾ മനുഷ്യന് തോന്നുക ഉറക്കത്തിൽനിന്നും ഉണർന്നെഴുന്നേൽക്കുന്നതുപോലെയാണ്. "അവർ പറയും നമ്മുടെ നാശമേ! നമ്മുടെ ഉറക്കത്തിൽ നിന്നും നമ്മെ എഴുന്നേൽപ്പിച്ചതാരാണ്? ഇത് പരമകാരുണികൻ വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതൻമാർ സത്യം തന്നെയാണ് പറഞ്ഞത്." (ഖു. 36:52). അദൃശ്യ (അഭൗതീക) രൂപത്തിൽ മൺതരിയിന്മേൽ സൂക്ഷിക്കപ്പെട്ട നഫ്സിന് (ബയോസോഫ്റ്റ്വെയർ) അനുഭവങ്ങളൊന്നുമുണ്ടാകില്ലല്ലോ. മനുഷ്യജീവിയായി രൂപാന്തരപ്പെട്ടാൽ (അതായത് മനസ്സടക്കമുള്ള ഹാർഡ്വെയർ വളരുന്നതോടെ) മാത്രമെ അനുഭവിച്ചറിയാനുള്ള ശേഷി കൈവരിക്കുന്നുള്ളു.

ഒരു വ്യക്തിയുടെ ബയോസോഫ്റ്റ്വെയറിൽനിന്ന് അയാളെതന്നെ വീണ്ടും സൃഷ്ടിക്കുക എന്ന പ്രക്രിയയെയാണ് "ക്ലോണിങ്ങ്" എന്നു പറയുന്നത്. വിചാരണ നാളിൽ മണ്ണിൽ സൂക്ഷിക്കപ്പെട്ട ബയോസോഫ്റ്റ്വെയറിൽനിന്ന് അല്ലാഹു വീണ്ടും അതാത് വ്യക്തികളെ സൃഷ്ടിക്കുന്നതാണ് യഥാർത്ഥ ക്ലോണിങ്ങ്. ഇഹലോകത്ത് ജീവിച്ച വ്യക്തി തന്നെയാണ് പരലോകത്ത് അയാളുടെ ആത്മാവിൽ നിന്ന് വീണ്ടും സൃഷ്ടിക്കപ്പെടുന്നത്. അങ്ങനെ ഒരു വ്യക്തിക്കു നിർജ്ജീവാവസ്ഥയിൽ രണ്ടു തവണയും ജീവാവസ്ഥയിൽ രണ്ടുതവണയും അല്ലാഹു അനുഭവമുണ്ടാക്കുന്നു. "അവർ പറയും ഞങ്ങളുടെ നാഥാ, രണ്ടു പ്രാവശ്യം നീ ഞങ്ങളെ നിർജ്ജീവാവസ്ഥയിലാക്കുകയും രണ്ടു പ്രാവശ്യം നീ ഞങ്ങൾക്ക് ജീവൻ നൽകുകയും ചെയ്തു." (ഖു. 40:11). നിർജ്ജീവാവസ്ഥ എന്ന വാക്ക് കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് ഭൗതീകശരീരമില്ലാത്ത ആത്മാവിനെ മാത്രമാണ് (സിക്താണ്ഢം ഉണ്ടാകുന്നതിനുമുമ്പുള്ള മനുഷ്യബയോസോഫ്റ്റ്വെയറിനെയും, മരണശേഷം മണ്ണിൽ പ്രവർത്തനരഹിതാവസ്ഥയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മനുഷ്യബയോസോഫ്റ്റ്വെയറിനെയും). ജീവനുള്ള അവസ്ഥയെന്നത് മനുഷ്യ ജീവിയായുള്ള അവസ്ഥയെയാണ് (ഇഹലോകജീവിതത്തിലും അത് കഴിഞ്ഞുള്ള പരലോകജീവിതത്തിലും). ജൈവശാസ്ത്രജ്ഞർ ക്ലോണി

ങ്ങ് പ്രക്രിയ വിജയകരമായി നടത്തി ഒരു ചെമ്മരിയാടിന്റെ ക്ലോണായ ഡോളി (Dolly)യെ സൃഷ്ടിച്ചു എന്ന വാർത്ത കുറച്ചു വർഷങ്ങൾക്കു മുമ്പ് കേട്ടതാണ്. ഇപ്പോഴും ഇടയ്ക്കിടെ മറ്റു ചില ജീവികളുടെ ക്ലോണുകളും സൃഷ്ടിക്കുന്നതായി വാർത്തകൾ വരുന്നുണ്ട്. ഇതൊക്കെ തെറ്റായ വാർത്തകളാണ്. ക്ലോണിങ്ങ് ഇന്നുവരെ നടന്നിട്ടില്ല. ഭാവിയിൽ നടക്കുകയുമില്ല. "ക്ലോൺ" എന്ന സൃഷ്ടിയോട് ഏറ്റവും അടുത്ത് സാമ്യമുള്ളതും പ്രകൃതിയിൽ സൃഷ്ടിക്കാവുന്നതിന്റെ പരമോന്നത പ്രതിഭാസമാണ് ഒരു സിക്താണ്ഢം വിഭജിച്ച് രണ്ടു കുട്ടികളുണ്ടാകുന്നത്. ഈ ഇരട്ടക്കുട്ടികളെ monozygotic twins അല്ലെങ്കിൽ identical twins എന്ന് വിളിക്കുന്നു. ഇവർ പോലും നൂറു ശതമാനം ക്ലോണുകളെല്ലെന്ന സത്യം ശാസ്ത്രജ്ഞസമൂഹത്തിനറിയാമെങ്കിലും, തെറ്റിദ്ധാരണാജനകമായാണ് "ക്ലോൺ" എന്ന പദം ശാസ്ത്രജ്ഞന്മാർ ഉപയോഗിക്കുന്നത്. അല്ലാഹു മനുഷ്യനെ ഉയിർത്തെഴുന്നേൽപിക്കുന്ന പ്രക്രിയയാണ് യഥാർത്ഥ ക്ലോണിംഗ്. അതായത് ഒരു ബയോസോഫ്റ്റ്വെയറിൽ നിന്നുതന്നെ ഒരു വ്യക്തിയെ രണ്ടുതവണ സൃഷ്ടിക്കൽ. ഏതെങ്കിലും ജീവിയുടെ ക്ലോൺ സൃഷ്ടിക്കുക എന്നത് മനുഷ്യനു അസാധ്യമാണ്. കാരണം അഭൗതികമായ ബയോസോഫ്റ്റ്വെയർ (ആത്മാവ്) മനുഷ്യന് അല്ലാഹു നൽകിയ വിജ്ഞാനപരിധിക്കപ്പുറമാണ്.

## സ്വർഗ്ഗം – മുസ്ലിം ഭൂമി

പുനഃസൃഷ്ടിക്കപ്പെട്ടതിനുശേഷം ഓരോ വ്യക്തിയുടെ കൈയിലും അയാളുടെ ഇഹലോകജീവിതത്തിന്റെ രേഖയുടെ പകർപ്പ് കൊടുക്കുകയായി. അല്ലാഹു പറയുന്നു: "ഉയിർത്തെഴുന്നേൽപ്പ് ദിവസം ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചു നോക്കുക. നിന്നെ സംബന്ധിച്ച കണക്ക് നോക്കുവാൻ നീ തന്നെ മതിയെന്ന് അവനോട് പറയപ്പെടും." (ഖു. 17:13–14). "പുറത്തെടുക്കുന്നതായ ഗ്രന്ഥം" എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഒരു വ്യക്തിയുടെ പരീക്ഷണജീവിതത്തിൽ (ഇഹലോകജീവിതത്തിൽ) മെമറി (സദ്ർ)യിൽ രേഖപ്പെടുത്തി സൂക്ഷിക്കപ്പെട്ട വിവരങ്ങളെ വീണ്ടെടുത്ത് (retrieval) തയ്യാറാക്കപ്പെട്ട ഗ്രന്ഥമെന്നാണ്. അപ്പോൾ മരിപ്പിക്കുന്നവേളയിൽ മലക്കുകൾ പുറത്തെടുക്കുന്ന ബയോസോഫ്റ്റ്വെയറിന്റെ കൂടെ മസ്തിഷ്ക മെമറിയിൽ രേഖപ്പെടുത്തിവെക്കപ്പെട്ട അയാളുടെ ജീവിത വിവരങ്ങളും പുറത്തെടുക്കുന്നുണ്ടെന്നു ധരിക്കാം. കൂടാതെ ബയോസോഫ്റ്റ്വെയറിന്റെകൂടെ ആ വിവരങ്ങളും മണ്ണിൽ സൂക്ഷിക്കപ്പെടുമെന്നാണ് മനസ്സിലാകുന്നത്. അത്കൊണ്ടാണ് പിന്നീട് പുനഃസൃഷ്ടിക്കപ്പെടുമ്പോൾ ഒരാളുടെ മെമറിയിൽ ആ വിവരങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നത്. ഇതിന് ഉപോൽബലമായി ഖുർആനിൽ തന്നെ ചില സൂക്തങ്ങൾ കാണാം. "(കർമ്മങ്ങളുടെ) രേഖവെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ള (രേഖയിലുള്ള)തിനെ പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: 'അയ്യോ, ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ.' തങ്ങൾ പ്രവൃത്തിച്ചതൊക്കെ (രേഖയിൽ) ഉള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് ഒരാളോടും അനീതി കാണിക്കുകയില്ല." (ഖു. 18:49). പരലോകത്ത് നൽകപ്പെടുന്ന രേഖ പരിശോധിക്കണമെങ്കിൽ വ്യക്തിയുടെ ഇഹലോകത്തെ ശരീരത്തിലുണ്ടായിരുന്ന മെമറിയിലെ മനസ്സറിഞ്ഞു ചെയ്ത എല്ലാ കാര്യങ്ങളുടെയും വിവരങ്ങൾ പരലോക ശരീരത്തിലെ മെമറി (സദ്ർ)യിൽ ഉണ്ടായിരിക്കണം. എന്നാൽ മാത്രമെ ഇഹലോകജീവിതത്തിൽ എന്തൊക്കെ ചെയ്തിരുന്നുവെന്ന് അയാൾക്കു ഓർമ്മിക്കാൻ (അതായത് ഡൗൺലോഡ് ചെയ്യാൻ) സാധിക്കുകയുള്ളൂ. സൂക്തം 18:49 സൂചിപ്പിക്കുന്നത് പരലോക ശരീരത്തിലെ മെമറിയിൽ എല്ലാ വിവരങ്ങളും ഉണ്ടെന്നാണ്. അപ്പോൾ ബയോസോഫ്റ്റ്വെയറിന്റെകൂടെ ആ വിവരങ്ങളും മണ്ണിൽ സൂക്ഷിക്കപ്പെടുമെന്നും പുനഃസൃഷ്ടിക്കപ്പെടുമ്പോൾ അയാളുടെ മെമറിയിൽ ആ വിവരങ്ങൾ പുനഃസ്ഥാപിക്കപ്പെടുമെന്നും വ്യക്തമാകുന്നു. അല്ലാഹുവിൽ വിശ്വസിച്ച് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി താൻ ജീവിച്ചിരിന്നുവോ ഇല്ലയോ എന്ന് ഓരോ വ്യക്തിയേയും സ്വയം ബോദ്ധ്യപ്പെടുത്തുക എന്നതാണ് ആ രേഖ നൽകുന്നതിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. ഇത് വ്യക്തമാക്കുന്നത് പരമകാരുണ്യവാനായ അല്ലാഹുവിന്റെ നീതിയെയാണ്. അല്ലാഹു ഒരു വ്യക്തിയോടും അനീതി കാണിക്കില്ല. അല്ലാഹുവിന്റെ വിലയിരുത്തൽ അന്തിമവും എല്ലാവിധത്തിലും നീതിപൂർവ്വവുമായിരിക്കും. ദൈവീക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരു വ്യക്തിയുടെ ഇഹലോകത്തെ പരീക്ഷണ ജീവിതം വിജയമാണോ, പരാജയമാണോ എന്ന് വിധിക്കപ്പെടുക. ആ വിധിയായിരിക്കും പരലോകത്തെ പ്രതിഫലം നിശ്ചയിക്കുക. വിധി കല്പിക്കലും (ഒരു കമ്പ്യൂട്ടർ വ്യവസ്ഥയിലെന്നപോലെ) വളരെ പെട്ടെന്ന് നിർവ്വഹിക്കപ്പെടുന്നതാണ് (ഖു. 24:39).

ഇഹലോക പരീക്ഷണജീവിതത്തിൽ പരാജയപ്പെടുന്നവർ നരകാഗ്നിയിൽ പ്രവേശിക്കപ്പെടും. അതിൽ ശിക്ഷിക്കപ്പെടുന്നവരായി ജീവിക്കും. "....എല്ലായിടത്തു നിന്നും മരണം അവന്റെ നേർക്കു വരും എന്നാൽ അവൻ മരണപ്പെടുകയില്ലതാനും...." (ഖു. 14:17). മരണമില്ലാതെ അഗ്നിയിലുള്ള അനന്തശിക്ഷയെ ഗ്രഹിക്കുക നമുക്ക് ദുഷ്കരമാണ്. എന്നാൽ വെന്തുരുകിയ ശരീരകോശങ്ങളെ അവ നശിക്കുന്ന അതേ വേഗത്തിൽ പുനർജീവൻ ലഭിക്കുംവിധം ബയോസോഫ്റ്റ്വെയർ രൂപകൽപന ചെ

യുകയാണെങ്കിൽ ഒരു വ്യക്തി മരണമില്ലാതെ ശിക്ഷ അനുഭവിക്കുക മാത്രമേയുള്ളൂ. അതുതന്നെയാണ് ഖുർആൻ സൂചിപ്പിക്കുന്നതും. "തീർച്ചയായും നമ്മുടെ തെളിവുകളെ നിഷേധിക്കുന്നവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുവാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു." (ഖു. 4:56).

പരീക്ഷണത്തിൽ വിജയം കൈവരിച്ചവരായിരിക്കും അല്ലാഹു വാഗ്ദത്തം ചെയ്ത സ്വർഗ്ഗഭൂമിയുടെ അവകാശികൾ. "ഹേ, സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങികൊള്ളുക. എന്നിട്ട് എന്റെ റൊബോട്ടുകളുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക." (ഖു. 89:27–30). ഖുർആനിൽ പരാമർശിക്കപ്പെട്ട സ്വർഗ്ഗം പുനഃസൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിലെ ഭൂമിയാണെന്ന് (ഖു. 21:105) നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. എന്നാൽ അത് ഏറെ പരിഷ്കരിച്ചതും ഈ ഭൂമിയിലെ പരിസ്ഥിതിയോട് സാമ്യമുള്ളതുമായ ഒരു നവലോകമായിരിക്കുമെന്നുമാത്രം. അത്യുഷ്ണമോ അതിശൈത്യമോ അവിടെ അനുഭവപ്പെടില്ല. എല്ലാതരം പഴവർഗ്ഗങ്ങളും അവിടെ എളുപ്പത്തിൽ പറിക്കാൻ പാകത്തിൽ തൂങ്ങിനിൽക്കും. ആളുകൾ അവിടെ പട്ടു ധരിക്കും. സോഫകളിൽ ചാരിയിരിക്കുന്നവരായിരിക്കും. വെള്ളിയുടെ പാത്രങ്ങളും സുഖാനുഗ്രഹങ്ങളും നൽകപ്പെട്ട ഒരു സാമ്രാജ്യം തന്നെയായിരിക്കും സ്വർഗ്ഗഭൂമി (ഖു. 76:12–16). ഖുർആനിൽ സ്വർഗ്ഗത്തിന്റെ വിശദാംശങ്ങൾ ധാരാളം സൂക്തങ്ങളിൽ വന്നിട്ടുണ്ട്. ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതുമായ സുഖാനുഭവങ്ങൾ അവിടെ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു. ഒരു വ്യക്തി ആഗ്രഹിക്കുന്നതെന്തും അവിടെ അപ്പോൾതന്നെ ലഭിക്കുന്നതായിരിക്കും. അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തോപ്പുകളിൽ അവർ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും അല്ലാഹുവിന്റെ പ്രീതിയും അവന്റെ മനുഷ്യറൊബോട്ടുകളിൽ ഉണ്ടായിരിക്കുന്നതാണ് (ഖു. 3:15). പുനഃസൃഷ്ടിക്കപ്പെടുന്ന പ്രപഞ്ചം അനശ്വരവും അതിന്റെ ഭൂമിയിലെ (സ്വർഗ്ഗത്തിലെ) മനുഷ്യ റൊബോട്ടുകളുടെ ജീവിതം എന്നെന്നും നിലനിൽക്കുന്നതുമായിരിക്കും. അതിനർത്ഥം ബയോസോഫ്റ്റ്വെയർ മനുഷ്യ ശരീരത്തിൽ നിന്നും നീക്കംചെയ്യപ്പെടുകയില്ലെന്നാണ്. ആ ഭൂമിയിൽ നിത്യവാസികളായവർ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിക്കുന്നവരായതിനാൽ സ്വർഗ്ഗഭൂമിയെ 'മുസ്ലീം ഭൂമി'യെന്ന് വിശേഷിപ്പിക്കാവുന്നതാണ്. അല്ലാഹു തെരഞ്ഞെടുത്ത മനുഷ്യ റൊബോട്ടുകളെ ആ ഭൂമിയിൽ വിന്യസിക്കുന്നതോടെ ഖുർആനിൽ പറഞ്ഞ ദൈവികദൗത്യത്തിനു തിരശ്ശീല വീഴുന്നു.



# 9

# ഉപസംഹാരം

കാലാതിശായിയായ വേദഗ്രന്ഥമായ ഖുർആനിക വെളിപ്പെടുത്തലുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുവാനും അല്ലാഹു ഈ ഭൂമിയിലും പ്രപഞ്ചത്തിൽ മൊത്തത്തിലും നൽകിയിരിക്കുന്ന വിഭവങ്ങളെ മനുഷ്യാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താനും ശാസ്ത്രവിജ്ഞാനം ഉപകരിക്കുന്നു. ശാസ്ത്രസീമയ്ക്കപ്പുറമുള്ള വിഷയങ്ങൾ ഖുർആനിലൂടെയാണ് അല്ലാഹു വെളിപ്പെടുത്തുന്നത്. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഉൽപത്തി, ഭാവി സംബന്ധിച്ച വിവരങ്ങൾ, സർവ്വോപരി പ്രപഞ്ചസൃഷ്ടിപ്പിന്റെയും മനുഷ്യസൃഷ്ടിപ്പിന്റെയും ദൈവിക ഉദ്ദേശ്യവും, ലക്ഷ്യവും, മനുഷ്യകേന്ദ്രീകൃതമാണ് പ്രപഞ്ചസൃഷ്ടിയെന്ന വെളിപ്പെടുത്തലും ഇതിലുൾപ്പെടുന്നു. അപ്പോൾ ശാസ്ത്രത്തെയും ഖുർആനെയും വേർതിരിച്ചുനിർത്തി പ്രപഞ്ചത്തെയും മനുഷ്യജീവിയെയും വിശകലനം ചെയ്യുന്നത് അപൂർണ്ണമാവുമെന്നു മാത്രമല്ല തെറ്റായ ദിശയിലേക്കു അത് നമ്മെ കൊണ്ടുപോകുകയും ചെയ്യും. ഖുർആനും ശാസ്ത്രവും സംയോജിപ്പിച്ചുകൊണ്ടുള്ള ഇസ്ലാമിക് സയൻസാണ് സത്യാന്വേഷണത്തിനുള്ള ഏകവഴി. ആ വഴിയാണ് ഈ പുസ്തകത്തിൽ അവലംബിച്ചതും. ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതല്ല യാദൃശ്ചികമായുത്ഭവിച്ചു സ്വയംപരിണമിച്ചതാണെന്നും, പ്രപഞ്ചവും മനുഷ്യനും ഏതെങ്കിലും ഉദ്ദേശ്യത്തോടുകൂടിയല്ല ഉണ്ടായതെന്നും മറ്റുമുള്ള ആധുനിക ശാസ്ത്രജ്ഞരുടെ കാഴ്ചപ്പാട് തെറ്റാണെന്നു ഇസ്ലാമിക് സയൻസ് സമർത്ഥിക്കുന്നു. ഈ പ്രപഞ്ചം എന്തിന് സൃഷ്ടിക്കപ്പെട്ടതാണെന്നും മനുഷ്യൻ ആരാണെന്നും എന്തിനു സൃഷ്ടിക്കപ്പെട്ടുവെന്നും മറ്റുമുള്ള കാര്യങ്ങൾ ഇസ്ലാമിക് സയൻസിലൂടെ സംക്ഷിപ്തമായി വിവരിക്കുകയും വിശദീകരിക്കുകയുമാണ് ഈ പുസ്തകത്തിൽ ചെയ്തിരിക്കുന്നത്. നിങ്ങൾ പ്രപഞ്ചസൃഷ്ടിപ്പിലേക്കു നോക്കുന്നില്ലേ, ഒന്നും കാണുന്നില്ലേ, ഒന്നും പഠിക്കുന്നില്ലേ എന്ന അല്ലാ

ഹുവിന്റെ ചോദ്യങ്ങൾ ഈ നൂറ്റാണ്ടിലെ മനുഷ്യനോടാണ് ചോദിക്കുന്ന തെന്നു തോന്നിപ്പോകും.

ഖുർആൻ–ശാസ്ത്ര സംയോജനത്തിൽ നിന്നും ഉടലെടുക്കുന്നത് പൂർണ്ണതയുള്ള വിജ്ഞാനമാണ്. ഖുർആനിൽ വിശ്വാസമില്ലാത്തവർക്ക് ഖുർആൻ ശാസ്ത്രീയമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അത് ദൈവി ക വാക്കാണെന്നു ബോധ്യമാകും. ഈ രണ്ടു വിജ്ഞാനസ്രോതസ്സുക ളും അല്ലാഹുവിൽനിന്നുത്ഭവിക്കുന്നതാണെന്നുള്ള തിരിച്ചറിവ്, മനുഷ്യൻ ഇതുവരെ അവഗണിച്ചുതള്ളിയ ദൈവവിശ്വാസം വീണ്ടെടുക്കാനുതകു ന്നതാണ്. യുക്തിയും ശാസ്ത്രവും കൊണ്ടുമാത്രം വ്യാഖ്യാനിക്കാവു ന്ന ഖുർആൻ ഒരു സത്യാന്വേഷിക്കും തള്ളിക്കളയാൻ സാദ്ധ്യമല്ല – സത്യനിഷേധിക്കല്ലാതെ. ശാസ്ത്രത്തിന്റെയും ഖുർആനിക വെളിപ്പാ ടുകളുടെയും സംയോജനത്തിലൂടെ ഉരുത്തിരിഞ്ഞുവരുന്ന സമ്പൂർണ്ണ വിജ്ഞാനമാണ് ഇസ്ലാമിക് സയൻസ്. അതുതന്നെയായിരിക്കും ഭാവി സയൻസ്. ഖുർആൻ ഇവിടെ ശാസ്ത്രജ്ഞർക്കും നേരായദിശ കാണി ക്കുകയാണ്.

പ്രപഞ്ചത്തെ സംബന്ധിച്ചുള്ള ഖുർആനിക വെളിപ്പെടുത്തലുകള ധികവും ആധുനിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിനെ ഉടച്ചുവാർക്കുന്ന വയാണ്. ഖുർആനിൽ അന്ത്യനാൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് പ്രപഞ്ചത്തിന്റെ എന്നന്നേക്കുമുള്ള അവസാനത്തെയല്ല, മറിച്ച് ഈ താൽ ക്കാലിക പ്രപഞ്ചത്തിന്റെ അന്തിമഘട്ടത്തെ മാത്രമാണ്. ഈ ലോകാ വസാനത്തോടെ അനശ്വരമായ പുതിയ പ്രപഞ്ചത്തിന്റെ തുടക്കം കുറി ക്കുകയാണ്. ഈ പ്രപഞ്ചം മനുഷ്യപരീക്ഷണത്തിന് വേണ്ടി സംവി ധാനിക്കപ്പെട്ടതും സജ്ജീകരിക്കപ്പെട്ടതും, അടുത്ത പ്രപഞ്ചം അല്ലാഹു തെരഞ്ഞെടുക്കുന്ന മനുഷ്യ റൊബോട്ടുകളെ അധിവസിപ്പിച്ച് എന്നന്നേ ക്കുമായി നിലനിർത്താനുമുള്ളതാണ്. ഈ പ്രപഞ്ചത്തിന്റെ തുടർച്ചയാ യിട്ടുവേണം അടുത്ത പ്രപഞ്ചത്തെ കാണേണ്ടതും.

പ്രപഞ്ചം ഉൽപത്തിതൊട്ടു മാറിക്കൊണ്ടേയിരിക്കയാണ്. ഖുർആ നിൽ പറയുന്നതും ശാസ്ത്രം സ്ഥിരീകരിച്ചിട്ടുള്ളതുമായ പ്രപഞ്ച വി കാസം (cosmic expansion) ആയിരിക്കാം അതിന്റെ പിന്നിലെ ചാലക ശക്തി. പ്രപഞ്ചത്തിലെ മാറ്റങ്ങൾ ദൈവീക അജൈവപ്രോഗ്രാമനുസ രിച്ചുള്ള വികാസ ഫലമായി സംഭവിക്കുന്ന പ്രതിഭാസമായി വ്യാഖ്യാ നിക്കാം. ഒരു നിമിഷം മുമ്പുള്ള പ്രപഞ്ചമല്ല അതിനുശേഷമുള്ളത്. അ ജൈവവസ്തുക്കൾക്ക് മാത്രമുള്ള നിയമമല്ല ഇത്. ജീവികളും അങ്ങ നെ തന്നെയാണ്. ഒരു വ്യക്തി അയാളുടെ സിക്താണ്ഢം ഉണ്ടാകുന്ന തു മുതൽ മരിക്കുന്നത് വരെ തുടർച്ചയായി മാറികൊണ്ടിരിക്കയാണ്. ഒരു നിമിഷം മുമ്പുള്ള വ്യക്തിയല്ല അതിനുശേഷമുള്ളത്. മനുഷ്യബ യോസോഫ്റ്റ്വെയറിലെ നിർദ്ദേശങ്ങൾ അവയുടെ അനുക്രമം അനു



സരിച്ച് തുടർച്ചയായി നിർവ്വഹിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന മാറ്റത്തെ യാണ് മനുഷ്യന്റെ ഭൗതികജൈവരൂപ (phenotype)ത്തിൽ സമയബന്ധി തമായി പ്രതിഫലിക്കുന്നത്.

ഖുർആനിലൂടെ സ്രഷ്ടാവ് ഭാവിസംഭവങ്ങൾ പലതും എടുത്തുപ റയുന്നുണ്ട്. ഈ പ്രപഞ്ചത്തിന്റെ അവസാനം, പുതിയ പ്രപഞ്ചസൃഷ് ടിപ്പ് എന്നിങ്ങനെയുള്ള വിവരങ്ങൾ കൂടാതെ ശാസ്ത്രജ്ഞൻമാർക്കു മുന്നറിയിപ്പുകളും നൽകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജീ വൻ എന്ന പ്രതിഭാസം അഭൗതികമാണെന്നുള്ളതാണ്. ശാസ്ത്രീയ മായി പറഞ്ഞാൽ തൻമാത്ര ജീൻ (molecular gene), ജീനോം എന്നിങ്ങ നെയുള്ള രാസഘടനകളൊന്നും തന്നെ ജീവന് കാരണമാകുന്നില്ലെ ന്നും, ആ ദിശയിലൂടെയുള്ള പരീക്ഷണങ്ങൾ ജീവൻ എന്ന പ്രതിഭാസ ത്തെ കണ്ടുപിടിക്കുവാനോ മനസ്സിലാക്കുവാനോ സൃഷ്ടിക്കുവാനോ സഹായിക്കില്ലെന്നുമാണ്. ജീവശാസ്ത്ര (biology) ത്തിൽ ഇന്ന് ഏറ്റ വും കൂടുതൽ പരീക്ഷണങ്ങൾ നടക്കുന്ന ശാഖയാണിത്. ജീവനു ണ്ടാക്കാൻ ഇന്നുവരെ നടത്തിയിട്ടുള്ള പരീക്ഷണങ്ങൾ പരാജയപ്പെടു കയാണുണ്ടായതെന്നു മാത്രമല്ല, മോളിക്കുലർ ബയോളജി ദിശനഷ്ട പ്പെട്ട ഒരു ശാസ്ത്രശാഖയായി മാറിയിരിക്കയാണ്. ജീവൻ എന്ന പ്ര തിഭാസം നാസ്തിക ശാസ്ത്രജ്ഞരുടെ കണ്ണു തുറപ്പിക്കാനുള്ള അ ല്ലാഹുവിന്റെ ഒരു ദൃഷ്ടാന്തമാണെന്നുള്ളതിൽ സംശയമില്ല. ഇങ്ങനെ പറയാൻ കാരണം, അജൈവപ്രപഞ്ചത്തിന്റെ ഉൽപത്തിയെ വിശദീക രിക്കുന്ന മഹാവിസ്ഫോടനസിദ്ധാന്തം അവതരിക്കപ്പെട്ടപ്പോൾ നിരീശ്വ രലോബി അതിനെതിരെ വാളുയർത്തിയിരുന്നു – ആ സിദ്ധാന്തം ഈ ശ്വരന്റെ അസ്തിത്വത്തെ ലോകത്തെ മുഴുവൻ ബോദ്ധ്യപ്പെടുത്താനു തകുന്നതായിരുന്നുവെന്ന ഒരേയൊരു കരണത്താൽ! ക്രിസ്ത്യൻ കാ ത്തലിക്ക് ചർച്ച് 1951ൽ മഹാവിസ്ഫോടന സിദ്ധാന്തത്തെ ഔദ്യോഗി കമായി അംഗീകരിക്കകയുണ്ടായി. നാസ്തികശാസ്ത്രജ്ഞർ ഈ സി ദ്ധാന്തത്തിന് പകരമായി മറ്റൊരുസിദ്ധാന്തം കൊണ്ടുവരാനുള്ള ശ്രമ ത്തിലായിരുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞനും ആസ്ട്രോഫിസി സിസ്റ്റുമായ സ്റ്റീഫൻ ഹോക്കിൻസ് അദ്ദേഹത്തിന്റെ A Brief History of Time എന്ന കൃതിയിൽ ഈ വസ്തുതകൾ വിവരിക്കുന്നുണ്ട്: കാല ത്തിന് (സമയത്തിന്) ഒരു ആരംഭമുണ്ടായിരുന്നുവെന്ന് സമ്മതിക്കുവാൻ പലരും ഇഷ്ടപ്പെടുന്നില്ലെന്നുള്ളതാണ് സത്യം. അതു സമ്മതിച്ചാൽ ദൈവത്തിന്റെ ഇടപെടൽ സ്ഥിരീകരിക്കപ്പെടുമോ എന്ന ഭയമായിരി ക്കാം അതിന്റെ പിന്നിലെ ചേതോവികാരം. അക്കാരണം കൊണ്ടായി രിക്കാം ആത്യന്തികമായി മഹാവിസ്ഫോടന സിദ്ധാന്തത്തിലേക്ക് എ ത്തിച്ചേരുവാനുള്ള സാധ്യതകളെ തടയാനുള്ള ശ്രമം പല ഭാഗത്തുനി ന്നുമുണ്ടായത്. തൽഫലമായി 1948ൽ ഒരു പുതിയ സിദ്ധാന്തം രൂപം

കൊണ്ടു. സുസ്ഥിര പ്രപഞ്ച സിദ്ധാന്തമെന്ന് (steady state theory) വിളിക്കപ്പെട്ട ആ സിദ്ധാന്തത്തിന് വിപുലമായ പ്രചാരവും അംഗീകരവും ലഭിക്കുകയും ഏതാണ്ട് രണ്ടു പതിറ്റാണ്ടോളം ചർച്ചാവിഷയമായി പ്രഥമസ്ഥാനം പിടിക്കുകയും ചെയ്തു. പ്രപഞ്ചത്തെ ഒരു തുടക്കമോ, ഒടുക്കമോ ഇല്ലാത്ത സ്ഥിരവ്യവസ്ഥയായി വിവരിച്ച ഈ സിദ്ധാന്തത്തിന് പക്ഷെ അധികകാലം പിടിച്ചു നിൽക്കാനാവാതെ ശാസ്ത്രരംഗത്തു നിന്ന് പിൻവാങ്ങേണ്ടിവന്നു. തുടർന്ന് ഏതാണ്ട് അതേ സമയത്തുതന്നെ രണ്ടു റഷ്യൻ ശാസ്ത്രജ്ഞൻമാർ മറ്റൊരു ശ്രമം നടത്തി. എന്നാൽ സാങ്കേതിക കാരണത്താൽ അവരുടെ സിദ്ധാന്തം ഉടനെ തന്നെ തള്ളപ്പെടുകയും ചെയ്തു. അങ്ങനെ ഇന്നത്തെ നിലയ്ക്ക് തന്നെ, ദൈവാസ്തിത്വത്തെ അംഗീകരിക്കുന്ന മഹാവിസ്ഫോടനസിദ്ധാന്തം നിലനിൽക്കുന്നു. അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞനായിരുന്ന എഡ്വിൻ ഹബ്ബിളി (Edwin Hubble)ന്റെ പ്രപഞ്ചം വികസിച്ചുകൊണ്ടേയിരിക്കുന്നു. അതിനുമുമ്പ് അതിന്റെ ഘടകങ്ങളെല്ലാം ഒന്നിച്ചായിരുന്നു എന്ന സുപ്രധാന നിരീക്ഷണമാണ് 1924ൽ മഹാവിസ്ഫോടന സിദ്ധാന്തത്തിന് തെളിവു പകർന്നതും അതിന്റെ അടിസ്ഥാനത്തിൽ ദൈവം സത്യമാണെന്നു നിരീശ്വര ശാസ്ത്രജ്ഞസമൂഹത്തിനു മുമ്പിൽ അവതരിക്കപ്പെട്ടതും. ഇതുതന്നെയാണ് ഖുർആനിൽ അല്ലാഹു വ്യക്തമാക്കിയതും: ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ (അവിശ്വാസികൾ) കാണുന്നില്ലേ? ...(ഖു. 21:30). ആകാശമാകട്ടെ അതിനെ കരങ്ങളാൽ (യുക്തിയോടെ) നിർമ്മിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവനാകുന്നു. (ഖു. 51:47). ഇവിടെ എടുത്തു പറയേണ്ട വസ്തുത ഖുർആൻ വാക്യം 21:30 സംബോധന ചെയ്യുന്നത് അവിശ്വാസികളെയും പ്രതേകിച്ച് ഈശ്വരനിഷേധികളായ ശാസ്ത്രജ്ഞൻമാരേയുമാണ്. സ്രഷ്ടാവ് ആധുനികയുഗത്തിൽ പ്രപഞ്ചസത്യങ്ങൾ ലോകത്തിന് വെളിപ്പെടുത്താൻ സത്യനിഷേധികളായ ശാസ്ത്രജ്ഞൻമാരെ തിരഞ്ഞെടുക്കുക വഴി സത്യവിശ്വാസത്തിലേക്ക് വരാൻ അവർക്ക് ധൈഷണികവും കാര്യകാരണബന്ധിതവുമായ അവസരങ്ങൾ നൽകുകയാണ് ചെയ്യുന്നത്. ഈ കണ്ടെത്തലുകളിലൂടെ ശാസ്ത്രലോകം സർവ്വലോക സ്രഷ്ടാവായ അവരുടെ നാഥന്റെ കഴിവിലും വിവേകത്തിലും അത്ഭുതം കൂറുകയും അങ്ങനെ അവനെ അംഗീകരിക്കുകയും ചെയ്യുന്നില്ലേ എന്നാണ് അല്ലാഹു ഈ സൂക്തത്തിലൂടെ ചോദിക്കുന്നത്.

പ്രപഞ്ചോൽപത്തിയെ വിശദീകരിക്കുന്ന മഹാവിസ്ഫോടനസിദ്ധാന്തത്തിലൂടെ ഭൗതികശാസ്ത്രം ദൈവാസ്തിത്വത്തെ തെളിയിച്ചതിനു ശേഷം ജീവൻ എന്ന പ്രതിഭാസത്തിലൂടെ ദൈവാസ്തിത്വത്തെ തെളി



യിക്കാനുള്ള ജീവശാസ്ത്രത്തിന്റെ ഊഴമാണിപ്പോൾ. ജീവന്റെ ഉറവിടം പദാർത്ഥ ജീനോം (അല്ലെങ്കിൽ 'ജീൻ') ആണെന്നു ശാസ്ത്രജ്ഞന്മാർ പറയുമ്പോൾ ഖുർആൻ പറയുന്നത് അത് അഭൗതികവും അദൃശ്യവുമാണെന്നാണ് (മൂന്നും നാലും അദ്ധ്യായങ്ങൾ കാണുക). ശാസ്ത്രഗവേഷണത്തിലൂടെ തെറ്റാണോ ശരിയാണോയെന്നു പരീക്ഷിക്കാവുന്ന (falsifiable) ഒരു ഖുർആനിക വെളിപ്പെടുത്തലാണിത്. അനുയോജ്യമായ പദാർത്ഥചേരുവകൾ കോടാനുകോടി വർഷങ്ങൾക്കുമുമ്പ് യാദൃശ്ചികമായി സംയോജിച്ചപ്പോഴുണ്ടായ പ്രതിഭാസമാണ് (emergent phenomenon) ജീവനെന്നു ശാസ്ത്രം പറയുന്നു. ജീവന്റെ പദാർത്ഥാസ്തിത്വത്തെ തെളിയിക്കാൻ വേണ്ടിയുള്ള ഗവേഷണങ്ങളെല്ലാംതന്നെ (അതായത് ജീവനുള്ള കോശമോ അല്ലെങ്കിൽ ഏതെങ്കിലും ജീവിയേയോ പരീക്ഷണങ്ങളിൽ ഒരു ഘട്ടത്തിലും ഉൾപ്പെടുത്താതെയുള്ള ഗവേഷണങ്ങൾ) ഇന്നേവരെ വിജയിച്ചിട്ടില്ല. അവയിൽ ഏറ്റവും അടുത്ത് (2008ൽ) നടന്ന ശ്രമമായിരുന്നു അമേരിക്കയിലെ ജെ. ക്രെയിഗ് വെൻടർ സ്ഥാപനത്തിൽ ഉൽപാദിക്കപ്പെട്ട ഒരു ബാക്ടീരിയയുടെ കൃത്രിമ ജീനോം. ആ ജീനോമിനു പക്ഷെ ജീവനുണ്ടായില്ല. ജീവൻ ഒരു ഭൗതിക പ്രതിഭാസമല്ലെന്ന് ബോധ്യപ്പെടുമ്പോൾ ശാസ്ത്രജ്ഞർ ദൈവം സത്യമാണെന്നും ഖുർആൻ ദൈവികഗ്രന്ഥമാണെന്നും പ്രഖ്യാപിക്കേണ്ടിവരും. ആ സമയം അടുത്തെത്തിയിരിക്കുന്നുവെന്ന് പദാർത്ഥാസ്തിത്വത്തിൽ വേരുകളുള്ള ജീവശാസ്ത്രത്തിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥ വിളിച്ചോതുകയാണ്. ശാസ്ത്രലോകം അത് ഗൗനിക്കാതെ മുമ്പോട്ട് പോകയാണ്. ഖുർആനിലൂടെ അല്ലാഹു ശാസ്ത്രജ്ഞർക്കു നൽകുന്ന മുന്നറിയിപ്പിന്റെ പ്രസക്തി ഇവിടെ വ്യക്തമാകുന്നു. നീ പറയുക: നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ? ഇത് (ഖുർആൻ) അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കുകയും എന്നിട്ട് നിങ്ങളതിൽ അവിശ്വസിച്ചിരിക്കുകയുമാണെങ്കിൽ കടുത്ത മാത്സര്യത്തിൽ കഴിയുന്നവനെക്കാളും കൂടുതൽ പിഴച്ചു പോയവൻ ആരുണ്ട്? ഇത് (ഖുർആൻ) സത്യമാണെന്ന് അവർക്കു വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്കു കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതു തന്നെ മതിയായതല്ലേ? (ഖു. 41:52–53).

പല ഖുർആനിക സന്ദേശങ്ങളും ഭാവിയിൽ ശാസ്ത്രസത്യമായി പുലരുന്ന പ്രവചനങ്ങളാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. പ്രപഞ്ചഘടനയിൽ ആദ്യം സൃഷ്ടിക്കപ്പെട്ടത് ഭൂമിയാണെന്നും പ്രപഞ്ചത്തെ ഏഴ് ആകാശങ്ങളായിട്ടാണ് സംവിധാനിച്ചിരിക്കുന്നതെന്നുമുള്ള ഖുർആനിക വെളിപ്പെടുത്തലുകൾ ഈ ഇനത്തിൽ പെടുന്നവയാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഭാവിയിൽ ശാസ്ത്രം ഈ വെളി

പ്പെടുത്തലുകളെയും സ്ഥിരീകരിക്കും. ഇതിൽനിന്നും മനസ്സിലാകുന്നത് അറബിഭാഷാ പരിജ്ഞാനം കൊണ്ടുമാത്രം പൂർണ്ണതയോടെ ഖുർആൻ വ്യാഖ്യാനിക്കുവാൻ സാദ്ധ്യമല്ലെന്നാണ്. ശാസ്ത്രപുരോഗതിക്കനുസരിച്ച് പലകാലഘട്ടങ്ങളിൽ മനുഷ്യൻ അതിനെ കൂടുതൽ കൂടുതൽ ഗ്രഹിച്ചുകൊണ്ടേയിരിക്കുമെന്നും അങ്ങനെ കാലാകാലങ്ങളിലൂടെ വികസിച്ചുവരുന്ന മനുഷ്യയുക്തിക്ക് അനുയോജ്യമായി ഖുർആൻ എന്നും നിലനിൽക്കുമെന്നുമാണ്. പവിത്രമായ ആ ലക്ഷ്യത്തിനായി ഖുർആൻ പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും കൂട്ടായ ശ്രമം അനിവാര്യമാണ്.

ഇഹലോകജീവിതം അല്ലാഹുവിന്റെ പരീക്ഷണമാണ്. തീരുമാന സ്വാതന്ത്ര്യം നൽകപ്പെട്ട മനുഷ്യ റൊബോട്ട് സ്വമേധയാ അല്ലാഹുവിനെ മാത്രം ദൈവമായി അംഗീകരിച്ചു അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചു ജീവിക്കുന്നുണ്ടോ എന്നു പരീക്ഷിക്കുവാൻ വേണ്ടിയുള്ള വേദിയാണ് ഈ ഭൂമി. അങ്ങനെ ജീവിക്കുന്നവരെ തന്റെ അനശ്വര സ്വർഗ്ഗഭൂമിയിൽ പ്രതിനിധികളായി നിയോഗിക്കുമെന്നു അല്ലാഹു മനുഷ്യനു വാഗ്ദാനം നൽകിയിരിക്കുന്നു. ഈ ലോകത്ത് പരീക്ഷണക്കാലത്തേക്കു വേണ്ടിയുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും അല്ലാഹു ഒരുക്കിയിട്ടുണ്ട്. ഈ പരീക്ഷണശാലയിൽ പരീക്ഷിക്കപ്പെടുന്ന അല്ലാഹുവിന്റെ ഒരു സൃഷ്ടി മാത്രമാണ് ഞാൻ എന്ന ബോധ്യത്തോടെ ഓരോ വ്യക്തിയും ജീവിക്കണം. ഈ ജീവിതം സുഖിച്ചു കളയുവാനുള്ളതല്ല. അല്ലാഹു ഗൗരവമായ മുന്നറിയിപ്പാണ് നമുക്ക് തരുന്നത്. ഐഹിക ജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അതിൽ (ഈ ഭൂമിയിൽ) വെച്ചു തന്നെ ഞാൻ (അല്ലാഹു) അവർക്ക് നിറവേറ്റി കൊടുക്കുന്നതാണ്. അവർക്ക് അവിടെ യാതൊരു കുറവും വരുത്തുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ അവിടെ പ്രവർത്തിച്ചതെല്ലാം നിഷ്ഫലമായി പോയി. (ഖു 11 :15–16). ഖുർആൻ മാത്രമാണ് പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചതിന്റെ ദൈവിക ഉദ്ദേശ്യം വെളിപ്പെടുത്തുന്നതും വിശദീകരിക്കുന്നതും. ഖുർആൻ ദൈവത്തിൽ നിന്നുള്ള സത്യമാണെന്ന് മനസ്സിലാക്കി അതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ജീവിച്ചു പരലോകവിജയം കൈവരിക്കുവാൻ മാത്രമായിരിക്കണം ഈ പരീക്ഷണജീവിതം വിനിയോഗിക്കേണ്ടത്. അതു മാത്രമാകട്ടെ നമ്മുടെ ലക്ഷ്യം.